# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം
TIMES OF AMERICAN MALAYALI

2026
സെപ്റ്റംബർ




Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**





www.timesofamericanmalayali.com




## രാമായണത്തിന്റെ കുടുംബബന്ധങ്ങൾ

എം.എൻ.കാരശ്ശേരി 1975 കാലത്ത് 'മാപ്പിള രാമായണം' എന്നുള്ള രാമായണം കണ്ടെത്തുകയുണ്ടായി. ഞങ്ങളൊക്കെ പത്രത്തിൽ കൊടുത്ത വാർത്തയാണത്. മുസ്‌ലിം സമുദായത്തിലേക്കും ഈ രാമായണ കഥ പടർന്നു ചെന്നു. രാമായണം ഒരു മതത്തിന്റേത് മാത്രമായിട്ടല്ല, എല്ലാ മതങ്ങളിലും കടന്നു ചെന്നിട്ടുണ്ട്. ജൈനമതത്തിന്റെ കാര്യം ഞാൻ പറഞ്ഞു. ബൗദ്ധന്മാരുടെ കാര്യം പറഞ്ഞു. മുസ്‌ലിം മതത്തിലേക്കും ഈ രാമായണകഥ പടർന്നെത്തി. ഇങ്ങനെ നോക്കുമ്പോൾ എന്തൊരു മഹാവൈവിധ്യമാണ് ഈ രാമായണ കഥയ്ക്ക് ഇന്ത്യയിലും മറ്റെല്ലായിടത്തും ഉണ്ടായിട്ടുള്ളത്.
.... 2


കെ.സി.നാരായണൻ



**സുകുമാർ അഴീക്കോടിന്റെ ജീവചരിത്രം** .... 5
**ഡോ.പോൾ മണലിൽ**


**ബെൻഹർ** .... 7
1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം

**നാടോടിക്കഥകളിലൂടെ** .... 8
**കാശ്മീരിക്കഥ**


പുസ്തകവിചാരം

**അകപ്പെട്ടുപോകുന്നവർ**
(കഥ) **വിശ്വൻ പടനിലം**





.... 9
10 ....
**ഡോ.പഴകുളം സുഭാഷ്**

**പ്രവാസത്തിന്റെ നാല്പതാണ്ടുകൾ**
(ഓർമ ) **സാം പൈനുംമൂട്**




**മുരളി തഴക്കര**

.... 10
**പുതിയ പുസ്തകങ്ങൾ**



സാംസ്കാരികം .... 14


# എം.പി.പരമേശ്വരന്റെ ചിന്താലോകം

**ജോർജ് തഴക്കര**



**ശാസ്ത്ര**ചിന്തകളെ ജനകീയവത്കരിച്ച വ്യക്തിയാണ് ഡോ.എം.പി.പരമേശ്വരൻ. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദമെടുത്തശേഷം മുംബൈ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ രണ്ടു പതിറ്റാണ്ടുകാലം ജോലി ചെയ്തു. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഭാരതീയ ജ്ഞാൻ വിജ്ഞാൻ സമിതി, ആൾ ഇന്ത്യ പീപ്പിൾസ് സയൻസ് നെറ്റ്‌വർക്ക്, ദേശീയ സാക്ഷരതാമിഷൻ, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ വളർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ചു. തൃശൂർ കിരാലൂരിലെ മടങ്ങർളി മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെ മൂത്തമകൻ. എം.പി.പരമേശ്വരൻ 1935 ജനുവരി 18ന് ജനിച്ചു. മാടമ്പ് കുഞ്ഞിക്കുട്ടന്റെ അച്ഛൻ പെങ്ങളായ സാവിത്രി അന്തർജനമാണ് അമ്മ. അച്ഛൻ പരമേശ്വരൻ നമ്പൂതിരി പാരമ്പര്യമായി വേദാഭ്യാസം നടത്തിയതിനെത്തുടർന്ന് ആയുർവേദം പഠിച്ചു.

ഗുരുക്കന്മാരിൽ ഒരാളായ ഇളയിടത്ത് തൈക്കാട് മൂസതിന്റെ ഇ.ടി.എം.വൈദ്യശാലയുടെ തൃശൂരിലുള്ള ബ്രാഞ്ചിലെ വൈദ്യനും മാനേജരുമായിരുന്നു പരമേശ്വരൻ നമ്പൂതിരി. ജോലി ലഭിച്ചതിനു ശേഷമാണ് അദ്ദേഹം വിവാഹം ചെയ്തത്. അക്കാലത്ത് സാവിത്രി അന്തർജനത്തിന്റെ കാതിൽ ഒരു വളയം ഉണ്ടായിരുന്നു. ഡോക്ടറെക്കൊണ്ട് അത് മുറിപ്പിച്ച് കമ്മൽ ഇടുവിച്ചു. മേൽമുണ്ടു രീതി ആവശ്യമില്ലെന്നു പറഞ്ഞ് ബ്ലൗസ് ഇടുവിപ്പിച്ചു. ഇത്തരത്തിലുള്ള പരിഷ്കാരത്തിന്റെ പേരിൽ മുത്തപ്ഫന്മാരിൽ നിന്നും വേണ്ടത്ര ഭത്സനം കേൾക്കേണ്ടിവന്നിട്ടുണ്ട്. അതൊന്നും പരമേശ്വരൻ വൈദ്യർ കാര്യമാക്കിയില്ല.

> നാടിനു യോജിക്കുന്ന സാങ്കേതിക വിദ്യ എന്ന ആശയത്തെ മുൻനിർത്തിയുള്ള പ്രവർത്തനമായിരുന്നു എം.പി.യുടേത്. കാല്പനിക ചിന്തകനായിരിക്കവെ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനു ഗുണപരമായ മാറ്റമുണ്ടാക്കിയ ജനകീയ ശാസ്ത്രജ്ഞനായ ഡോ.എം.പി. പരമേശ്വരൻ 2026 ആഗസ്റ്റ് 10ന്, തൊണ്ണൂറ്റിരണ്ടാം വയസ്സിൽ അന്തരിച്ചു.


എം.പി.പരമേശ്വരന്റെ ബാല്യകാലത്തിലെ ഓർമ്മകളിൽ തെളിമയുറ്റത് കണ്ണിമാങ്ങാക്കാലമായിരുന്നു. പുലർച്ചേ എഴുന്നേൽക്കും. പല തരത്തിലുള്ള മാവുകൾ ഏറെയുണ്ടായിരുന്നു ആ തൊടിയിൽ. അഞ്ചാറുതരം മൂവ്വാണ്ടൻ മാവുകൾ വർഷത്തിൽ മൂന്നുതവണ പൂത്തുകായ്ക്കാറുണ്ടായിരുന്നു. 'മൂന്നു കണ്ണിമാങ്ങാക്കാല'ത്തിലൂടെയാണ് പരമേശ്വരന്റെ ബാല്യം കടന്നുപോയത്. മാവ് വളർന്ന ഇടത്തിന്റെ പേരുകൂടി ചേർത്താണ് അവർ മാവിന് പേരിട്ടിരുന്നത്. പാമ്പിൻകാവിലുള്ളത് 'പാമ്പേൻ', കുറ്റിയിൽ നിന്ന് പൊടിച്ചുണ്ടായത് 'കുറ്റ്യേൻ', മുളങ്കാട്ടിനുള്ളിൽ വളർന്നത് 'പട്ട്ളേൻ', കുളത്തിന്റെ തീരത്ത് വളർന്നത് 'കൊളേൻ' എന്നിങ്ങനെയാണ് പരമേശ്വരനും സഹോദരങ്ങളും മാവുകളെ തിരിച്ചറിഞ്ഞിരുന്നത്. ഓരോ മാങ്ങയുടെയും നിറവും വലിപ്പവും ഗുണവും അവർക്ക് വശമായിരുന്നു. വൈകിട്ടത്തെ മാങ്ങ പറക്കൽ കഴിയുമ്പോഴേക്കും വിയർത്തു കുളിച്ചിട്ടുണ്ടാവും. പിന്നീട് ഭാരതപ്പുഴയിലേക്ക് ഒരു നടത്തമാണ്. പാടത്തുകൂടെ നടന്ന് റെയിൽവെ ലൈൻ മുറിച്ചുകടന്നാൽ പുഴയിലെത്താം. ഏപ്രിൽ മാസത്തെ ഭാരതപ്പുഴ കാഴ്ചയിൽ മണൽപ്പുഴയാണ്. അതിലൂടെ ഒരു നീർച്ചാല്. അത്ര മെലിഞ്ഞാണ് അക്കാലത്ത് ഭാരതപ്പുഴ ഒഴുകിയിരുന്നത്. ➲11


പ്രഭാഷണം


2026 ആഗസ്റ്റ് 10ന് തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടന്ന രാമായണോത്സവം 2026' ൽ നടത്തിയ പ്രഭാഷണം

# രാമായണത്തിന്റെ കുടുംബബന്ധങ്ങൾ

കെ.സി. നാരായണൻ








സദസ്സിലെ സുഹൃത്തുക്കളെ,

എനിക്ക് ഒരു കൊല്ലം മുമ്പ് ശ്രീലങ്കയിൽ പോകേണ്ടിവന്നു. ശ്രീലങ്കയിൽ കൊളമ്പിൽ നിന്ന് കൊൻഡിയിലേക്കുള്ള ഒരു വഴിയുണ്ട്. പത്തു കൊല്ലം മുമ്പ് ഞാൻ ശ്രീലങ്കയിൽ പോകയുണ്ടായി. ഞങ്ങളുടെ കൂട്ടത്തിൽ പ്രസിദ്ധ സിനിമാറ്റോഗ്രാഫറും തിരക്കഥാകൃത്തും സംവിധായകനും ഒക്കെയായ ഷാജി എൻ.കരുൺ ഉണ്ടായിരുന്നു. കൂടാതെ, അദ്ദേഹത്തിന്റെ ഒരു ചിത്രത്തിന് തിരക്കഥ എഴുതിയ എന്റെ സഹപ്രവർത്തകനായ കെ.കെ. ഹരികൃഷ്ണനും ഉണ്ടായിരുന്നു. അതോടൊപ്പം മലയാള മനോരമയുടെ എഡിറ്റോറിയൽ ഡയറക്ടർ ആയിരുന്ന തോമസ് ജേക്കബ് സാർ ഉണ്ടായിരുന്നു. ശ്രീലങ്ക സന്ദർശിക്കുന്നതിന്റെ ഭാഗമായി രണ്ടുമൂന്നു സ്ഥലങ്ങൾ കാണുക എന്ന ഉദ്ദേശ്യം ഉണ്ടായിരുന്നു.

അതിൽ പ്രധാനപ്പെട്ട ഒരു സ്ഥലം എം.ടി. വാസുദേവൻ നായർ കഥയിൽ എഴുതിയ 'കടുകണ്ണാവ' എന്ന ആ ചെറിയ അങ്ങാടി ഒന്ന് കാണണം.

കെടുകണ്ണാവിൽ നിന്നുമാണ് കാൻഡിയിലേക്കു പോകുക. കാൻഡി ഒരു ഹിൽസ്റ്റേഷൻ ആണ്. അവിടെയാണ് ഏറ്റവും ഗംഭീരമായ ക്രിക്കറ്റ് ഗ്രൗണ്ട് ഉള്ളത്. കാൻഡിയിൽ നിന്ന് വഴി തിരിഞ്ഞു പോയാലാണ് പുരാണ പ്രസിദ്ധമായിട്ടുള്ള രാവണന്റെ സ്ഥലമുള്ളത്. സീതയെ കട്ടുകൊണ്ടുവന്ന് ആ പ്രദേശത്താണ് രാവണൻ പാർപ്പിച്ചത് എന്നാണ് ഐതിഹ്യം. 'കടുകണ്ണാവ' പരാമർശിക്കുന്നത് എം.ടിയുടെ സാന്നിധ്യം ഉണ്ടായിരുന്ന ഈ തുഞ്ചൻപറമ്പിൽ വച്ചാകുമ്പോൾ, അത് അത്യന്തം ഉചിതമായിരിക്കുമല്ലോ എന്നുള്ളതുകൊണ്ടാണ്.

'കടുകണ്ണാവ' എന്ന സ്ഥലം ഇപ്പോ എന്തുപോലെ ഉണ്ട് എന്ന് ഞങ്ങൾക്ക് ഒന്ന് കാണണം. അതാ യത് ആ കഥയിൽ വിവരിച്ച പോലെ രണ്ടു മൂന്നു ചെറിയ പീടിക അവിടെയുണ്ട്. ഒരു പയ്യൻ ചൂണ്ടലിട്ട് ഇരിക്കുന്ന രംഗം അതിലുണ്ട്. അവൻ വെളിവ് കെട്ടവനാണോ അത് ഈ പറയുന്ന വ്യക്തിയുടെ മകനാണോ എന്നൊന്നുള്ള ഉറപ്പിലല്ല ആ കഥ അവസാനിക്കുന്നത് അതിന്റെ ആംബിഗിറ്റിയിലാണ്. അതുപോലെ ഉറപ്പിനും വിശ്വാസത്തിനും ഇടയ്ക്കുള്ള ഒരു സംശയപ്രദേശത്താണ് ഈ ലങ്കയും സ്ഥിതി ചെയ്യുന്നത്. രാമായണത്തിൽ വിവരിച്ച പോലെ വലിയൊരു കുന്നിന്റെ മുകളിലാണ്. അവിടെയുള്ള പാറപ്പുറത്ത് അശോകവനം എന്നൊരു ബോർഡ് കാണാം. ആ അശോകവനത്തിലാണ് സീത ഇരുന്നത്. ശിംശബ വൃക്ഷത്തിന്റെ കീഴെയാണ് സീതയെ കൊണ്ടുവന്നിരുത്തിയത് എന്ന് പറയുന്നുണ്ട്. അവിടെ ഒരു വൃക്ഷം ഉണ്ട്. ഞാൻ പല റഫറൻസുകളിൽ നോക്കിയപ്പോൾ അത് ശിംശബവൃക്ഷമാണ് എന്നു മനസ്സിലായി. എന്നാൽ അതിനെപ്പറ്റി സസ്യശാസ്ത്രജ്ഞന്മാരും സംസ്കൃത വിദഗ്ധരും ഒക്കെ അന്തമറ്റ തർക്കങ്ങൾ നടത്തിയിട്ടും ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല എന്ന് കണ്ടു. എന്തായാലും വൃക്ഷം ഉണ്ട്. വലിയ ഇലകൾ വിടർത്തിയ, കാനോപ്പി മാതൃകയിലുള്ള വൃക്ഷം.

ഇലയുടെ വിധാനം വല്ലാതെ പരത്തി ഉയർത്തി നിൽക്കുന്ന വൃക്ഷം എന്ന കണക്കിലാണ് ഹനുമാൻ അതിൽ ഒളിച്ചിരുന്നത്. ഞങ്ങൾ കുറേനേരം അവിടെനിന്നു. ഗൈഡ് അതൊക്കെ വിവരിച്ചുതന്നു. രാമായണകഥ ഞങ്ങൾക്ക് അറിയില്ല എന്നുള്ള കാര്യം വിചാരിച്ചിട്ടാണ് ആ കഥ മുഴുവൻ അയാൾ പറഞ്ഞുതന്നത്. 'ഇവിടെയായിരുന്നു സീത ഇരുന്നത്', 'സീതയെ കൊണ്ടുപോയ രാവണൻ ഈ വഴിക്കാ വന്നത്' എന്നൊക്കെ കണ്ടതുപോലെ ഞങ്ങളോടു പറഞ്ഞു.

ഓരോ തലമുറയും ആ കഥ പുനരാവർത്തിച്ചു കൊണ്ടും, തങ്ങളുടെ വിശ്വാസവും ഐതിഹ്യവും സങ്കൽപശക്തിയും ഒക്കെ അവിടെ നിക്ഷേപിച്ചുകൊണ്ടും ആ രാവണനെയും സീതയെയും ഒരു പുസ്തകം വായിക്കുന്നപോലെ പുനഃസൃഷ്ടിച്ചുകൊണ്ടേയിരിക്കുകയാണ്. അങ്ങനെയാണ് കഥകൾ സംഭവം നടന്ന സ്ഥലങ്ങളുമായിട്ട് ബന്ധിപ്പിക്കപ്പെടുന്നത്. നൂറ്റാണ്ടുകളായി ആളുകൾ സങ്കൽപ്പിക്കാൻ തുടങ്ങിയാൽ അവിടെ ഒരു കൊട്ടാരം ഉണ്ടാവും, അവിടെ ഒരു ഈശ്വരൻ ഉണ്ടാവും, അവിടെ കഥാപാത്രങ്ങൾ ഉണ്ടാവും, അവിടെ രാമായണം പുനർജനിക്കും. അവിടെ എന്തും വരും. ശ്രീരാമൻ ജനിച്ചത് ഇവിടെയാണെന്നു പറഞ്ഞാൽ അവിടെ ശ്രീരാമൻ ജനിക്കില്ല. എത്രയോ ജനവംശങ്ങൾ, എത്രയോ തലമുറകൾ, ഇങ്ങനെ വിശ്വാസ ശക്തി കൊണ്ടും ഭാവനകൊണ്ടും സങ്കൽപശക്തി കൊണ്ടും മനനം ചെയ്തും മനസ്സർപ്പിച്ചും അങ്ങനെ ഉണ്ടാക്കിയെടുക്കുന്നതാണ് ഓരോ വിശുദ്ധ സ്ഥലങ്ങളും. ഭാവനകൊണ്ട് ഉണ്ടാക്കുന്ന ഭൗതിക സംഗതി.

ലങ്കാപുരിയുടെ അവശിഷ്ടങ്ങൾ എന്ന് പറഞ്ഞിട്ട് അവയൊക്കെ ഞങ്ങൾക്കു കാണിച്ചുതന്നു. ഇവിടെയാണ് ഹനുമാൻ വന്നിറങ്ങിയത്, ഹനുമാൻ ചാടിയെത്തിയത് ഇവിടെ നിന്നാണ്, ഈ ഇലയുടെ മറവിലാണ് ഒളിച്ചത്. അങ്ങനെ അയാൾ ആ കഥ മുഴുവൻ നമ്മളോട് പറഞ്ഞു.

ഹനുമാൻ സമുദ്രലംഘനം നടത്തി സീതയുടെ ഇരുപ്പിടത്തിൽ എത്തിയതുപോലെയാണ് രാമായണ കഥ പല സമുദ്രങ്ങളും താണ്ടി ജാവയിലേക്ക്, ഇന്തോനേഷ്യയിലേക്ക് ഒക്കെ എത്തിയത്. അങ്ങനെ രാമായണ കഥ പല ദേശങ്ങളിലേക്കും പടർന്നു. ഇന്ത്യയിൽ നിന്ന് വടക്കോട്ട് അത് പടർന്നു. സമുദ്രം വഴിയല്ല; മലമ്പ്രദേശങ്ങൾ വഴിയാണ് ചൈനയിലെത്തിയത്. ഇന്ത്യയിലെ എല്ലാ ഭാഗത്തും രാമായണ കഥ എത്തി. കമ്പോഡിയയിലേക്കും ഏഷ്യാ ഭൂഖണ്ഡത്തിലേക്കും ആ കഥ പടർന്നു.

അമിതാബ് ഘോഷിന്റെ 'റിവർ ഓഫ് സ്മോക്ക്' നോവൽ വായിച്ചാൽ അറിയാം അക്കാലത്ത് ഒരുപാട് ഇന്ത്യക്കാരെ അടിമ തൊഴിലാളികളായിട്ട് ബ്രിട്ടീഷ് കപ്പലുകൾ പിടിച്ചു കൊണ്ടുപോയിട്ടുണ്ട്. അതിൽ തമിഴരും ധാരാളം ഉണ്ടായിരുന്നു. ആ തമിഴരൊക്കെ തമിഴ് രാമായണം സ്വായത്തമാക്കിയവരായിരുന്നു. അവിടെയുണ്ടായിരുന്ന പേരുകളും അവരിലൂടെ അവിടെ പ്രചരിച്ചു. അർജുനൻ, അല്ലി ഇങ്ങനെയുള്ള കഥാപാത്രങ്ങളൊക്കെ മൗറീഷ്യസിൽ ഉണ്ടായി. അവരിലൂടെ രാമായണവും അവിടെ എത്തി.

ഇങ്ങനെയാണ് രാമായണത്തിന്റെ ഒരു പരക്കൽ, സമുദ്രലംഘന വ്യാപനം നടന്നത്. സമുദ്രലംഘനം എന്നുള്ളത് ഹനുമാൻ മാത്രമല്ല നടത്തിയിട്ടുള്ളത്. രാമായണ കഥ ഒന്നാകെ അതിരുകൾ അതിലംഘിക്കുകയായിരുന്നു. അതിരുകൾക്ക് അപ്പുറത്തേക്ക് സഞ്ചരിക്കുക എന്നുള്ളത് രാമായണത്തിന്റെയും ഒരു മികവാണ്; രാമായണത്തിലെ കഥാപാത്രങ്ങളുടെയും മികവാണ്. രാമായണത്തിലെ കഥ അറ്റുപോയ ഭൂഖണ്ഡങ്ങളെ ബന്ധിപ്പിക്കലാണ്. സേതു ബന്ധിച്ച വാനരനും നരനും തമ്മിലുള്ള വിടവ് ലംഘിച്ചു. അനേകം ഭൂഖണ്ഡങ്ങളെയും അനേകം ഉപദ്വീപുകളെയും അനേകം മലമ്പാതകളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു വലിയ വൻകരയാകെ പകരുമാറ് ഈ രാമായണം പരന്നു.

സമുദ്രലംഘനം, അഥവാ അതിരുഭേദിക്കൽ എന്നുള്ളത് രാമായണത്തിനെപ്പറ്റി പറയാനുള്ള ഒരു ബേസിക് മെറ്റഫർ ആയി. അങ്ങനെയത് അടിസ്ഥാന രൂപകം ആയി മാറി. സമുദ്രം ലംഘിക്കലാവാം. അതിര് ലംഘിക്കലാവാം. മറുകണ്ടം ചാടുക എന്നു പറയാം. വ്യാപിക്കുന്നതൊക്കെ അങ്ങനെയാണല്ലോ. നിന്നിടത്തു നിന്നല്ല അത്. വാനരന്മാരാണെങ്കിൽ വാനരന്മാര്, മനുഷ്യരാണെങ്കിൽ മനുഷ്യര്, എല്ലാം വലിയ ദൂരങ്ങളിലേക്ക് ചാടാൻ കഴിയുന്നവരാണ്. അവർ വായുവിൽ പറക്കും. പുഷ്പക വിമാനം ഉണ്ട് രാവണന്. വിമാനത്തെപ്പോലെ ഒരു കപ്പലിന് ഓടാൻ പറ്റില്ല. പക്ഷേ ചിറകെട്ടാൻ പറ്റും. വായുവിലൂടെയും ആകാശത്തിലൂടെയും സമുദ്രത്തിലൂടെയും കരയിലൂടെയും കരയിൽ എവിടേക്കും എന്നുവന്നു.

അയോധ്യയിൽ നിന്ന് പുറപ്പെട്ട കാൽനടയാത്ര രാമരാമേശ്വരം എന്നുള്ള പ്രദേശത്ത് എത്തി. പിന്നെ വെള്ളമാണ്. അത് ബന്ധിച്ചു. പിന്നെ ശ്രീലങ്കയിലായി. പിന്നെ ഞങ്ങൾ പോയ ആ കടുവണ്ണാം ആയി. പിന്നെ ലങ്കാപുരി ആയി. ലങ്കാപുരി ഒരു പർവ്വതത്തിന്റെ മുകളിലാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ ഒരു പർവ്വതത്തിന്റെ മുകളിൽ വരെ എത്തി. നോക്കൂ, ഈ രാമായണം എന്നുള്ളത് സ്ഥലങ്ങളെ അതിക്രമിച്ച് മനുഷ്യൻ അങ്ങനെ സഞ്ചരിക്കുന്നതിന്റെ ഒരു കാവ്യമാണ്. അതാണ് അതിലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മോട്ടീവ് അല്ലെങ്കിൽ ഒരു അടിസ്ഥാന രൂപകം എന്ന് പറയുന്നത്. സ്ഥലങ്ങളെ അതിലംഘിച്ച്, ജലങ്ങളെ അതിലംഘിച്ച്, വായുവിനെ അതിലംഘിച്ച്, ഒക്കെ ഉള്ള ചലനങ്ങളുടെ ഒരു കഥയാണ് രാമായണം എന്ന് നമുക്ക് പറയാം. അതിലെല്ലാം വൻവേഗത്തിൽ ചലിക്കുന്ന വാനരന്മാരും വൻവേഗത്തിൽ ചലിക്കുന്ന ജഡായു സമ്പാദികളും വൻവേഗത്തിൽ ചലിക്കുന്ന വിമാനങ്ങളും ഭൂമിയൊക്കെ ആകെ മാറ്റിമറിക്കുന്ന മട്ടിലുള്ള വായുപുത്രന്റെ കഥയും. ചലനമാണ്, നീക്കമാണ്, സഞ്ചാരമാണ്, രാമായണത്തിലെ അടിസ്ഥാനപരമായിട്ടുള്ള ഒരു കാര്യം.

ഞങ്ങളും വിമാനത്തിലാണ് ശ്രീലങ്കയിൽ എത്തിച്ചേർന്നത്. പഴയ പുഷ്പകവിമാനത്തിന്റെ മറ്റൊരു ആവർത്തനമായിട്ടാണ് ഞങ്ങളുടെ സംഘം ലങ്കയുടെ ആ നെറുകയിൽ എത്തിച്ചേർന്നത്. സമുദ്രലംഘനം എന്നുള്ള മെറ്റഫറിനെ നമുക്ക് ഈ കൃതിയുടെ വ്യാപനമായിട്ട് ബന്ധിപ്പിക്കുക എന്നുള്ളതാണ് രാമായണപഠനത്തിലെ നിർണായകമായിട്ടുള്ള ഒരു കാര്യമായിട്ട് എനിക്ക് അന്ന് തോന്നിയിട്ടുള്ളത്. കരയിൽ പടർന്നു, കടലിൽ പകർന്നു, മറുകരകളിൽ പടർന്നു. രാമായണം എത്തിച്ചേരാത്ത നാടുകൾ ഏഷ്യയിൽ അധികമില്ല.

ഇന്ത്യയിൽ തന്നെ 300 രാമായണങ്ങൾ ഉണ്ട് എന്നാണ് എ.കെ.രാമാനുജൻ എഴുതിയ പ്രബന്ധത്തിൽ പറയുന്നത്. 'ത്രിഹണ്ടർട് രാമായണാസ്' എന്നുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധമായിട്ടുള്ള പ്രബന്ധം ഉണ്ട്. അതിൽ അദ്ദേഹം ഓരോ രാമായണത്തിലും ഉള്ള സംഭവത്തിന്റെയും പ്രമേയത്തിന്റെയും വ്യത്യാസങ്ങളെപ്പറ്റി പറയുന്നു.

വെള്ളം ചളിയിൽ വീണാൽ ചളിവെള്ളത്തിന്റെ നിറവും, വെള്ളം ചാണകത്തിൽ വീണാൽ ചാണകത്തിന്റെ നിറം, വെള്ളം കരിമണലിൽ വീണാൽ കരിമണലിന്റെ നിറവും. വെള്ളം എന്ന പദാർത്ഥം എവിടെ വീഴുന്നുവോ അതിന്റെ നിറമാകും. രാമായണ കഥ ഏത് സംസ്കാരത്തിൽ, ഏതു മതത്തിൽ, ഏത് കാലത്ത് വീണു, ആ കാലത്തിന്റെയും ആ മതത്തിന്റെയും

# രാമായണത്തിന്റെ കുടുംബബന്ധങ്ങൾ



ആ സംസ്കാരത്തിന്റെയും ഒക്കെ നിറം കലർന്ന് അവിടുത്തേതായി മാറും. ഒരു കഥയാണെങ്കിലും അനവധി പ്രദേശങ്ങളിൽ അത് അനവധി രൂപമാർജിച്ച് ഓരോരോ പ്രദേശത്തും വെവ്വേറെ രാമായണങ്ങളായിട്ട് മാറും. അത് വലിയൊരു അത്ഭുതമാണ്. ഇതിഹാസങ്ങൾക്കൊക്കെ ഈ അത്ഭുതം ഉണ്ട്.

മഹാഭാരതത്തിലെ ഒരു കഥ ഉദാഹരണമായി പറയാം. ഞങ്ങളുടെ നാട്ടിൽ ഭീമനാട് എന്നൊരു സ്ഥലമുണ്ട്. മണ്ണാർക്കാടിന്റെ അടുത്താണ്. അവിടെ എല്ലാവരും പറയും; ഭീമനാട് എന്ന് പറഞ്ഞാൽ അവിടെയാണ് ഭീമൻ വനവാസക്കാലത്ത് താമസിച്ചിരുന്നത് എന്ന്. സത്യം പോലെയാണ് അവർ അത് വിശ്വസിക്കുന്നത്.

എങ്ങനെയാണ് സത്യമാവുന്നത്? ആളുകളുടെ വിശ്വാസം അതിനെ ഭീമനാട്ടാക്കി മാറ്റി. ഇനി തിരുവല്ലാമിൽ എത്തിയാൽ അവിടെ ഐവർമഠം ഉണ്ട്. ഐവർമഠം എന്നാവാനുള്ള കാരണം പാണ്ഡവർ അഞ്ചുപേർ അവിടെ ജീവിച്ചു എന്നുള്ളതാണ്. അങ്ങനെ ഇന്ത്യയിലെ എല്ലാ ദിക്കിലും മഹാഭാരതത്തിന്റെ കാൽപാടുകൾ പതിഞ്ഞിട്ടുണ്ട്. എത്രയൊക്കെ പതിഞ്ഞിട്ടുണ്ട് എന്ന് അന്വേഷിക്കാൻ 1993ൽ ഷിംലയിലെ അഡ്വാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റഡീസ് ഒരു വലിയ പണ്ഡിത സംഘത്തിന്റെ നേതൃത്വത്തിൽ പഠനം നടത്തി.



അവർ ഓരോരോ രാജ്യത്തും ഓരോരോ പ്രദേശത്തും മഹാഭാരതം എങ്ങനെയൊക്കെ പടർന്നു എന്ന് അന്വേഷിച്ചു. വിശദാംശങ്ങളുമായി പണ്ഡിതന്മാരെയും ആന്ത്രോപോളജിസ്റ്റുകളെയും നാടോടി വിജ്ഞാനക്കാരെയും വിളിച്ചിട്ട് വിലയിരുത്തി അതൊരു പുസ്തകമാക്കി. ആ പുസ്തകത്തിന്റെ അവസാനം ആന്ത്രോപോളജിസ്റ്റ് ആയ കെ.കെ.സിംഗ് പറയുന്നത്, ഇന്ത്യയിൽ ഒരു പ്രദേശവുമില്ല മഹാഭാരതത്തിന്റെ കാൽപാടുകൾ പതിയാത്തതായി എന്നാണ്.

ഇന്ത്യയുടെ ഓരോ മുക്കിലും മണ്ണിലും ഓരോ കഥാപാത്രങ്ങൾക്കും പ്രദേശം ഉണ്ട്. ഹിഡുംബി നാഗാലാൻഡിലും ഉണ്ട്. ഹിമാചൽപ്രദേശിലും ഉണ്ട്. ഹിഡുംബിക്ക് ക്ഷേത്രമുണ്ട്. അതുപോലെ കാശ്മീരിൽ ഒരു അണക്കെട്ട് ഉണ്ടായി. ആ അണക്കെട്ട് ഭീമൻ പണിതതാണ് എന്നാണ് വിശ്വസിക്കുന്നത്. അതുപോലെ മഹാരാഷ്ട്രയിലെ ബോർലി എന്ന സമുദായക്കാർക്ക് ഭീമനെയാണ് വല്ല്യ ഇഷ്ടം. ഈ ഭൂമിയെ ഇങ്ങനെ നിലനിർത്തുന്നത് ഭീമനാണെന്നാണ് അവരുടെ വിശ്വാസം. ഭീമന്റെ ഒരൊറ്റ വിരലിൽ ഭൂമി നിൽക്കുന്നു. ഇങ്ങനെ വിശ്വാസശക്തികൊണ്ട് ഉണ്ടാക്കിയെടുത്ത കല്പനകളാണ് ഈ കഥകളെ നിലനിർത്തുന്നതും ജീവിപ്പിക്കുന്നതും.

അതിനെ ചോദ്യം ചെയ്യാം. ചോദ്യം ചെയ്തതുകൊണ്ട് ഒരു പ്രയോജനവുമില്ല. അത് ശരിയാണെന്ന് തെളിയിക്കാം, തെറ്റാണെന്ന് തെളിയിക്കാം. അതു കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇങ്ങനെ നിങ്ങളുടെ യുക്തിശക്തികൊണ്ട്, അല്ലെങ്കിൽ ലോജിക് കൊണ്ടോ ഇല്ലാതെ ആകുന്ന ഒരു സംഗതിയല്ല സങ്കല്പശക്തിയുടെ ബലത്തിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള ഭൗതികത. ഭീമൻ ശരിക്കും ഭൂമിയെ കുത്തി നിർത്തിയിട്ടുണ്ട്. ഭീമൻ എന്തെല്ലാം അത്ഭുതവിദ്യകളാണ് ചെയ്തത്. ഇങ്ങനെയൊക്കെയുള്ള സങ്കല്പശക്തികൊണ്ടാണ് ഒരു പ്രദേശത്ത് ജീവിതം ബലപ്പെടുന്നത്. ഇതിഹാസങ്ങൾ കഥകളായി നാടിന്റെ ഭൂമിയിൽ തൊട്ട് അവിടെ ഈ ഐതിഹ്യങ്ങൾ പുനർനിർമ്മിക്കുന്ന ഒരു പ്രക്രിയ സംഭവിക്കുന്നു. ഇതിഹാസങ്ങൾ വീണ്ടും മണ്ണിൽ നിന്നുണ്ടായി. അത് മണ്ണിലേക്ക് തന്നെ തിരിച്ചുവരും. എല്ലാ കാലത്തും ഇത് ഉണ്ടായിട്ടുള്ളതാണ്. അതിലൊക്കെ എന്താണ് വ്യത്യാസം.

രാമായണത്തിന്റെ കാര്യം മാത്രം എടുക്കാം. ജൈനന്മാർ ഭാരതം പരിഭാഷിച്ചു, അല്ലെങ്കിൽ അവരുടേതായ ഒരു ഭാരതം ഉണ്ടാക്കി. ജൈനന്മാരുടെ രാമായണത്തിലെ ശ്രീരാമൻ വലിയ അഹിംസാവാദിയാണ്. അയാൾക്ക് യുദ്ധം ഒന്നും ചെയ്യാൻ പറ്റില്ല. അയാൾ യുദ്ധം ചെയ്യില്ല. രാവണനെ ആരെങ്കിലും കൊല്ലണ്ടേ? ജൈന രാമായണത്തിൽ ലക്ഷ്മണനാണ് രാവണനെ കൊല്ലുന്നത്. രാമൻ അഹിംസയുടെ പ്രയോക്താവും അതിന്റെ വക്താവുമാണ്. രാമൻ യുദ്ധം ചെയ്യുകയോ രാവണനെ കൊല്ലുകയോ ചെയ്യില്ല. കഥ മാറിയില്ലേ. ലക്ഷ്മണനാണ് രാവണനെ ശരമെയ്തു കൊല്ലുന്നത്. ആലോചിച്ചു നോക്കൂ. അതുപോലെ രാവണന്റെ പുത്രിയാണ് സീത. അങ്ങനെ ഒരു പാരമ്പര്യമുണ്ട്. പിന്നെ അയാൾക്ക് എങ്ങനെയാ അവളെ പ്രാപിക്കാൻ പറ്റുക? ഇൻസെസ്റ്റ് നിലനിന്നിരുന്ന ഒരു സമുദായത്തിൽ പെട്ട ആളുകൾ ഉണ്ടാക്കിയ കഥയാണ്. അതുപോലെ ഇൻസെസ്റ്റ് വീണ്ടും വരുന്നുണ്ട് രാമനും സീതയും സഹോദരിസഹോദരന്മാരാണ്. സഹോദരി സഹോദരന്മാർ വിവാഹിതരാകുന്ന ഒരു സമ്പ്രദായം പ്രാചീന ഈജിപ്തിൽ ഉണ്ടായിരുന്നു. ഫറവോന്മാരുടെ കാലത്ത് അങ്ങനെ ഉണ്ടായിരുന്നു. ഇത് ഇന്ന് നടക്കുന്നതല്ല. ആളുകളുടെ മനസ്സിൽ തറഞ്ഞു കിടക്കുന്ന ചില വിശ്വാസങ്ങളാണ്. ആ വിശ്വാസങ്ങളൊക്കെ കഥയിൽ കൂടിച്ചേരും. അ ങ്ങനെയാണ് ഈ 300 രാമായണങ്ങൾ ഉണ്ടായത്. ഇന്ത്യയിൽ എവിടെ ചെന്നാലും ആ മണ്ണിൽ മുളച്ചു വന്ന, ആ മണ്ണിന്റെ സങ്കല്പങ്ങളും മണ്ണിന്റെ നിറങ്ങളും അലിയിച്ചെടുത്ത് സ്വന്തം കഥകൾ ആ നാടിന്റെ പലഭാഗത്തും നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.


അധ്യാത്മരാമായണത്തിൽ സീത തന്നെപറയും 'വനത്തിലേക്ക് പോകണ്ടേ' എന്ന്? പോകണമല്ലോ എന്ന് സ്വയം പറയുന്നു. കാരണം 'രാമായണങ്ങൾ പലതും കവിവരർ ആമോദമോട് പറഞ്ഞു കേൾപ്പതുണ്ടു ഞാൻ, ജാനകിയോടു കൂടാതെ രഘുവരൻ കാനനവാസത്തിനെങ്ങു പോയിട്ടുള്ളൂ..' എന്ന്






കഥയിലെ കഥാപാത്രമായ സീത തന്നെ പറയുകയാണ്. ഇത് ഒരു മെറ്റാഫിക്ഷൻ ആണ്. മെറ്റാഫിക്ഷന്റെ ഉദാഹരണങ്ങൾ ഇതിൽ ധാരാളം വരും. 'ഞാനും ചെയ്യണ്ടേ' എന്ന് പറയുന്ന യുക്തി അല്ലാത്ത ഒരു യുക്തി. വിഭ്രാമകമായിട്ടുള്ള ഒരു ലോകത്തിലേക്ക് കാലെടുത്തു വെക്കുക. പതിനാറാം നൂറ്റാണ്ടിൽ എഴുതിയ ഒരു കവിയാണ് ഈ മെറ്റാഫർ ഉപയോഗിച്ചിരിക്കുന്നത് എന്നോർക്കുക. അന്ന് ലോകത്തിൽ ഒരു കവിയും ഇങ്ങനെ ഒരു മെറ്റാഫിക്ഷൻ എഴുതിയിട്ടുണ്ടാവില്ല. അങ്ങനെ ഉള്ളതായിട്ട് ഒരു എൻസൈക്ലോപീഡിയയും കാണിച്ചു തരുന്നില്ല. എഴുത്തച്ഛന്റെ ഒരു ഭാവന!

ഇത് മൂല അധ്യാത്മരാമായണത്തിൽ ഇല്ലതാനും. കവി അദ്ദേഹത്തിന്റെ ഭാവനകൊണ്ട് സൃഷ്ടിക്കുന്ന ഒരു ഉക്തിവൈചിത്രവും ഒരു മെറ്റാഫിക്ഷൻ ആണ്. ഈ പൊന്നാനി താലൂക്കുകാരനായ എം.ഗോവിന്ദൻ കൃഷിപ്പണിയെപ്പറ്റി പറയുമ്പോൾ ഈ രാമായണത്തിന്റെ ഉദാഹരണം അദ്ദേഹം പറയും. സീത കരിച്ചാൽ ഉഴുമ്പോൾ കിട്ടിയ ഒരു കുട്ടിയാണ്. മണ്ണിന്റെ പുത്രിയാണ്. 'ഓരോരോ കരിച്ചാലിൽ ഓരോരോ നുരിക്കുമ്പിൽ ഓരോരോ ചിരുതയുണ്ടിരിപ്പൂ ചിരിചൂടി' പിന്നെ പാടുന്നു. 'ജനകന്മാരും കൂടെ പാടുന്നു രാമന്മാരും. വായിച്ചിട്ടുണ്ടോ നിങ്ങൾ മണ്ണിന്റെ രാമായണം, സീതയെ ചിരുതയായി ചമച്ചോരിതിഹാസം'. അതാണ് മണ്ണിന്റെ ഇതിഹാസം. സീത അപ്പോഴേക്കും വേഷം മാറി. ഈ മണ്ണിന്റെ മകളായ ചിരുതയാകും. രാമായണം, അതുമാറി ഇവിടുത്തെ ഒരു കൃഷിപ്പാട്ടായിട്ട് മാറും. പൊന്നാനി താലൂക്കിലെ കൃഷിപ്പാട്ടായിട്ട് രാമായണം കഥ മാറുന്നു. 'ജനകന്മാരും കൂടെ പാടുന്നു. രാമന്മാരും പാടുന്നു. ജനകീയം ഈ മഞ്ചുമൈഥിലീ മഹാകാവ്യം'. ജനകീയം എന്നുള്ള വാക്കിന്റെ പൂർണാർത്ഥം അവിടെ സഫലമാവുന്നു. ജനകന്റെ പുത്രിയുടെ കഥ എന്നുള്ള നിലയ്ക്ക് രാമായണം ജനകീയമാണ്. അങ്ങനെ വലിയൊരു രാമായണ ലോകം നമ്മുടെ ചുറ്റും. നമ്മൾ പണിയെടുക്കുന്ന മണ്ണിൽ അങ്ങനെ ഓരോ ദിവസവും സീത വിളയാം. എന്തൊരു ഭാവന! ഓരോ ദിവസവും ഓരോ വർഷത്തിലും നാം പണിയെടുക്കുന്ന മണ്ണിൽ മണ്ണിന്റെ മകളായിട്ട് ഈ സീത പുനരവതരിക്കുന്നു.

ഭാവനകൊണ്ട് കൃഷിയിൽനിന്ന് ഒരു മനുഷ്യ വ്യക്തിയെ സങ്കൽപ സൃഷ്ടിയാക്കി നമുക്ക് ഉയിർത്തെഴുന്നേൽപ്പിക്കാം. കവികൾ മാത്രമല്ല മനുഷ്യരെല്ലാവരും മണ്ണിൽനിന്ന് വിശ്വാസശക്തികൊണ്ട് സ്ഥലങ്ങളെ, വ്യക്തികളെ, സംഭവങ്ങളെ, മിത്തുകളെ, വിത്തുകളെ, ഒക്കെ ഉൽപാദിപ്പിച്ച് ഉണ്ടാക്കിയെടുക്കുന്നതാണ് മനുഷ്യന്റെ ഭാവനയിൽ നിന്നും ഉണ്ടാക്കിയെടുക്കുന്ന ഭൗതികത.





എം.എൻ.കാരശ്ശേരി 1975 കാലത്ത് 'മാപ്പിള രാമായണം' എന്നുള്ള രാമായണം കണ്ടെത്തുകയുണ്ടായി. ഞങ്ങളൊക്കെ പത്രത്തിൽ കൊടുത്ത വാർത്തയാണത്. മുസ്‌ലിം സമുദായത്തിലേക്കും ഈ രാമായണ കഥ പടർന്നു ചെന്നു. രാമായണം ഒരു മതത്തിന്റേത് മാത്രമായിട്ടല്ല, എല്ലാ മതങ്ങളിലും കടന്നു ചെന്നിട്ടുണ്ട്. ജൈനമതത്തിന്റെ കാര്യം ഞാൻ പറഞ്ഞു. ബൗദ്ധന്മാരുടെ കാര്യം പറഞ്ഞു. മുസ്‌ലിം മതത്തിലേക്കും ഈ രാമായണകഥ പടർന്നെത്തി. ഇങ്ങനെ നോക്കുമ്പോൾ എന്തൊരു മഹാവൈവിധ്യമാണ് ഈ രാമായണ കഥയ്ക്ക് ഇന്ത്യയിലും മറ്റേല്ലായിടത്തും ഉണ്ടായിട്ടുള്ളത്.

ഫാദർ കാമിൽ ബുൽക്കെ എന്ന ബെൽജിയൻ പണ്ഡിതൻ ഇന്ത്യയിൽ രാമായണ കഥക്കുള്ള വേരിയേഷൻസ് മുഴുവൻ പഠിച്ചു. 'രാമകഥ' എന്നുള്ള പേരിൽ 1972ൽ അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതിന്റെ പരിഭാഷ മലയാളത്തിൽ വന്നു. രാമകഥയുടെ അത്ഭുതലോകം അത് തുറന്നു തന്നു. ഞാനന്ന് എംഎയ്ക്ക് പഠിക്കുകയാണ്. ഞങ്ങളൊക്കെ അത്ഭുതപ്പെട്ടു. വാത്മീകി രാമായണം എന്ന് കേട്ടിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണം എന്ന് കേട്ടിട്ടുണ്ട്. ഈ രണ്ട് രാമായണത്തെപ്പറ്റിയല്ലാതെ മറ്റൊരു രാമായണത്തെപ്പറ്റിയും ഞങ്ങളാരും കേട്ടിട്ടില്ല. അപ്പോഴാണ് ലോകത്തിൽ നൂറുകണക്കിന് രാമായണങ്ങൾ ഉണ്ടെന്നും അതിലൊക്കെ വ്യത്യസ്തമായുള്ള കഥാപാത്ര ചിത്രീകരണമാണെന്നും അറിയുന്നത്. ചിലത് ഭക്തി സാഹിത്യമാണ്. ചിലത് അഭക്തി സാഹിത്യമാണ്. ചിലത് ജൈന സാഹിത്യമാണ്. ചിലത് മാപ്പിള സാഹിത്യമാണ് എന്നൊക്കെ മനസ്സിലാകുന്നത്. രാമായണത്തെപ്പറ്റി മുൻപ് കാത്തുസൂക്ഷിച്ചു വെച്ചു പോന്ന പല സങ്കൽപങ്ങളും കാമിൽ ബുൽക്കയുടെ പുസ്തകത്തോടുകൂടി മനസ്സിലാക്കുന്നത്. കാമിൽ ബുൽക്കയാണ് രാമായണം അല്ല ഉള്ളത് രാമായണങ്ങൾ ആണ് ലോകത്തിൽ ഉള്ളതെന്നും; ഒരു പാഠമല്ല അനേകം പാഠങ്ങളാണ് ഈ കൃതികൾക്കുള്ളതെന്നും മനസ്സിലാക്കുന്നത്.

(തുടരും)



# അഴീക്കോട് എന്ന വിചാരശില്പി



പോൾ മണലിൽ

## 2.
## വായിച്ചു വളർന്നു

**നാലു**മണിക്ക് സ്കൂൾ വിട്ടുകഴിഞ്ഞാൽ കുട്ടികൾ കളിസ്ഥലങ്ങളിലും മറ്റും തങ്ങുമ്പോൾ സുകുമാരൻ വീട്ടിലേക്കു കുതിക്കും. അവിടെയായിരുന്നു സുകുമാരന്റെ കളിക്കൂട്ടുകാരൻ. 'കളിക്കു പറ്റിയ കോപ്പുമായിട്ട്' പുസ്തകങ്ങളെയാണ് സുകുമാരൻ ആശ്രയിച്ചിരുന്നത്. സ്കൂളിലെ പാഠങ്ങൾ പഠിച്ചുകഴിഞ്ഞ് കിട്ടുന്ന ഏതു വിശ്രമവേളയിലും സുകുമാരൻ വായനയിൽ മുഴുകുമായിരുന്നു. സുകുമാരൻ എന്ന സുകുമാർ അഴീക്കോട് വളർന്നുവന്നത് അങ്ങനെയാണ്.


പുസ്തകം സുകുമാരന് ദൈവമായിരുന്നു. ജീവിതത്തിൽ ഒരിക്കലും ഒരമ്പലത്തിലും തൊഴുതിട്ടില്ലാത്ത സുകുമാരൻ, ബാല്യത്തിൽ കുട്ടികൾ ക്ഷേത്രത്തിൽ പോകുന്ന നേരംകൂടി വീട്ടിലെ പുസ്തകശേഖരത്തിനിടയിൽ തപസ്സിരുന്ന് വെളിപാട് നേടി. സുകുമാരൻ പിന്നെ എന്നും പുസ്തകങ്ങളുടെ ക്ഷേത്രത്തിലേ തൊഴുതിട്ടുള്ളൂ. അക്ഷരങ്ങളെ ഈശ്വരരൂപങ്ങളായി കണ്ടു. സരസ്വതീദേവി തന്റെ കടാക്ഷം അദ്ദേഹത്തിൽ ബാല്യകാലത്തുതന്നെ ചൊരിയുകയുണ്ടായി.

ഉപനിഷത്തിലും തത്ത്വചിന്തയിലും സുകുമാരനു ചെറുപ്പത്തിലേ താല്പര്യമുണ്ടായിരുന്നു. അത്തരത്തിലുള്ള പുസ്തകങ്ങൾ വീട്ടിലെ ഗ്രന്ഥപ്പുരയിൽ കുറച്ചുണ്ടായിരുന്നു. സുകുമാരന്റെ പുസ്തകപ്രേമം പാരമ്പര്യമായി കിട്ടിയതാണെന്നു പറയണം. അച്ഛൻ മലയാളം വിദ്വാനും സംസ്കൃത പണ്ഡിതനുമായിരുന്നു- വിദ്വാൻ പനങ്കാവിൽ ദാമോദരൻ മാസ്റ്റർ. സുകുമാരന്റെ അമ്മയും വായനശീലത്തെ പ്രോത്സാഹിപ്പിച്ചു. കോളോത്തു തട്ടാരത്തു മാധവിയമ്മയാണ് മാതാവ്. ദാമോദരന്റെയും മാധവിയമ്മയുടെയും നാലാമത്തെ സന്താനമാണ് സുകുമാരൻ.

കണ്ണൂർ ജില്ലയിൽ ചിറയ്ക്കൽ താലൂക്കിൽ അഴീക്കോട് അംശം ദേശത്ത് പൂതപ്പാറയ്ക്കു സമീപമുള്ള വീട്ടിലാണ് കോളോത്തു തട്ടാരത്തു സുകുമാരന്റെ ജനനം. 1101 മേടം 29ന് കാർത്തിക നക്ഷത്രത്തിൽ. ഇംഗ്ലീഷിൽ 1926 മെയ് 12. (എന്നാൽ നേരത്തെ സ്കൂളിൽ ചേർക്കുന്നതിനുവേണ്ടി സ്കൂൾരേഖയിൽ ജനനത്തീയതി 1926 ഫെബ്രുവരി 24 എന്നാണ് കാണിച്ചിട്ടുള്ളത്. ഇതു കാരണം മൂന്നുമാസം നേരത്തെ ജോലിയിൽ നിന്നു പിരിയേണ്ടി വന്നു) പിന്നെ വീട്ടിൽ നിന്നു മാറി കുറേ വർഷം കഴിഞ്ഞപ്പോൾ, ഏറെക്കുറെ അതിനടുത്തായി ഒരു വീട് പിതാവ് പണിയിച്ചു- 'നിത്യാനന്ദാലയം'. ഇപ്പോൾ സുകുമാരന്റെ സഹോദരിമാരും മറ്റും പാർക്കുന്ന അഴീക്കോട്ടെ ഗൃഹം ഇതത്രെ.

തന്റെ ജനനത്തെപ്പറ്റി ഒരിക്കൽ സുകുമാർ അഴീക്കോട് പറഞ്ഞത് ഇപ്രകാരമായിരുന്നു: 'മേടമാസത്തിൽ സൂര്യൻ ഉച്ചത്തിൽ കഴിയുന്ന സമയമാണ്. അതുകൊണ്ടാകാം ഞാനൊരു ചൂടനായത്. മഹാകവി കുമാരനാശാൻ ജനിച്ചതും മേടത്തിലാണ്. അദ്ദേഹം മരിച്ചത് ആപത്തിൽപ്പെട്ടാണ്. മേടത്തിൽ ജനിക്കുന്ന പലരും അങ്ങനെയാണ്.' ജ്യോത്സ്യത്തിൽ സുകുമാറിനു കുറച്ചു വിശ്വാസമുണ്ടെന്നു തോന്നും. പക്ഷേ, അങ്ങനെയൊന്നുമില്ല. ഒരു വിശ്വാസവും അദ്ദേഹത്തെ കീഴടക്കിയിട്ടില്ല. അദ്ദേഹം വിശ്വാസികളെ കീഴടക്കിയിട്ടുണ്ട്.





സുകുമാരൻ ജനിച്ച അഴീക്കോട് വേദാന്തചിന്തയുടെ മണ്ണാണ്. പൊന്മഠത്തിൽ കൃഷ്ണസ്വാമികൾ എന്ന വിഖ്യാതനായ വേദാന്താചാര്യർ ഇവിടെയാണ് ജനിച്ചത്. വായത്ത സ്വാമികൾ എന്നു കീർത്തി നേടിയ കൃഷ്ണസ്വാമികൾ തർക്കം, വേദാന്തം എന്നിവയിൽ നിപുണനായിരുന്നു. ജാതിവർണചിന്തയെ ആദ്യമായി എതിർത്ത മഹാശയന്മാരിൽ ഒരാളായ ഈ ആചാര്യനാൽ ഉഴുതു പാകപ്പെടുത്തിയ വേദാന്തമണ്ണാണ് അഴീക്കോടിന്റേത്.

പൊന്മഠത്തിൽ സ്വാമികളെ വാഗ്ഭടാനന്ദൻ ഗുരുതുല്യനായി ആദരിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ആത്മവിദ്യാസംഘം അന്ന് അഴീക്കോട്ട് വളരെ ശക്തിയായി പ്രവർത്തിച്ചിരുന്നു. വാഗ്ഭടാനന്ദന്റെ പ്രമുഖ ശിഷ്യനായിരുന്ന വിഖ്യാത പ്രാസംഗികനായിരുന്നു എം.ടി.കുമാരൻ. അഴീക്കോട് തെക്കുഭാഗത്തുകാരനായ എം.ടി.കുമാരൻ പിൽക്കാലത്ത് അവിടത്തെ എലിമെന്ററി സ്കൂളിൽ സുകുമാരനെ അല്പകാലം പഠിപ്പിച്ചിരുന്നു. എം.ടി. കുമാരന്റെ പ്രസംഗം കേട്ടു കോരിത്തരിച്ചിട്ടുള്ള മണ്ണാണ് അഴീക്കോട്ടേത്. കുമാരൻ മാഷിന്റെ എത്രയോ പ്രസംഗങ്ങൾ സുകുമാരനും കേട്ടിരുന്നു.

സുകുമാരന്റെ അച്ഛന്റെ അച്ഛനും അദ്ധ്യാപകനായിരുന്നു. സംസ്കൃത പണ്ഡിതനുമായിരുന്നു. ഹരിജനസേവനം അദ്ദേഹത്തിൽ നിന്നാവാം തുടങ്ങിയത്. അദ്ദേഹത്തെ 'പുലയൻ ഗോവിന്ദൻ മാസ്റ്റർ' എന്നാണ് വിളിച്ചിരുന്നത്. തീയ്യസമുദായത്തിൽപ്പെട്ട ഗോവിന്ദൻ മാസ്റ്ററെ കളിയാക്കിയൊന്നുമല്ല അങ്ങനെ വിളിച്ചത്. ഗോവിന്ദൻ ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നു. പുലയരെ വിദ്യാഭ്യാസത്തിലൂടെ ഉയർത്തുന്നതിന് യത്നിച്ച മഹാശയനാണ് അദ്ദേഹം. പുലയരെ അവരുടെ വീടുകളിൽ ചെന്നുപോലും അദ്ദേഹം പഠിപ്പിച്ചിരുന്നതിനാലാണ് പുലയൻ ഗോവിന്ദൻ എന്ന പേരു വീണത്. മനുഷ്യരെ സമസൃഷ്ടിഭാവനയോടെ വീക്ഷിക്കുന്നതിനുള്ള സിദ്ധിയും സുകുമാരന് അങ്ങനെ പാരമ്പര്യമായി ലഭിച്ചെന്നു പ്രത്യേകംപറയേണ്ടതില്ല.

സുകുമാരന്റെ അച്ഛൻ ദൈതവാദിയായിരുന്നു. അദ്വൈതവാദിയായിരുന്നില്ല. പക്ഷേ, അച്ഛൻ മകനെ ഒരു തരത്തിലും ഈ വിഷയത്തിൽ സ്വാധീനിക്കുകയുണ്ടായില്ല. വാഗ്ഭടാനന്ദന്റെ ആഹ്വാനമനുസരിച്ച് അച്ഛനും അച്ഛന്റെ മാതുലനായ പ്രസിദ്ധ നേത്രചികിത്സകൻ രാമുണ്ണി വൈദ്യരും സുഹൃത്തുക്കളായ മടക്കും കേളൻ മാസ്റ്റർ, പുതിയകണ്ടത്തിൽ കറുവൻ, കോട്ടയിൽ കണ്ണൻ എന്നിവരും ഒക്കെ ചേർന്ന് അഴീക്കോട്ട് വളരെ മുമ്പ് ഒരു മിശ്രഭോജനയജ്ഞം നടത്തിയിരുന്നു. സ്വന്തം വീടുകളിൽ ഇവർ ഹരിജനങ്ങളോടൊപ്പം മിശ്രഭോജനം നടത്തി.

സുകുമാരന്റെ വീട്ടിൽവച്ചാണ് ഐക്യനാണയസംഘം പ്രവർത്തനം നടത്തിയത്. അഴീക്കോട്ടെ ഹരിജനങ്ങളുടെ സാമ്പത്തികമായ ഉന്നമനം ലക്ഷ്യമാക്കിയായിരുന്നു ഈ സഭ സഹകരണാടിസ്ഥാനത്തിൽ വളരെക്കാലം പ്രവർത്തിച്ചത്. സുകുമാരന്റെ അച്ഛൻ വിദ്വാൻ ദാമോദരനായിരുന്നു ഇതിന്റെ നേതൃത്വം വഹിച്ചിരുന്നത്.

അങ്ങനെ അധഃകൃതരോട് അലിവും സാമൂഹ്യബോധവും ഉൾക്കൊണ്ടു വളർന്നു വരുന്നതിന് സുകുമാരന്റെ വീട്ടിൽ പറ്റിയ അന്തരീക്ഷമുണ്ടായിരുന്നു. സുകുമാരന്റെ അച്ഛൻ ഹരിജൻ വിദ്യാലയത്തിലെ അദ്ധ്യാപകനായിരുന്നു ആദ്യം. പിന്നീടാണ് മംഗലാപുരത്തു കോളജിൽ പ്രൊഫസറായത്. 1953ൽ റിട്ടയർ ചെയ്ത അദ്ദേഹം 1955ൽ അന്തരിച്ചു.

സുകുമാരന്റെ അച്ഛന്റെ അച്ഛനും അദ്ധ്യാപകനായിരുന്നു. സംസ്കൃത പണ്ഡിതനുമായിരുന്നു. ഹരിജനസേവനം അദ്ദേഹത്തിൽ നിന്നാവാം തുടങ്ങിയത്. അദ്ദേഹത്തെ 'പുലയൻ ഗോവിന്ദൻ മാസ്റ്റർ' എന്നാണ് വിളിച്ചിരുന്നത്. തീയ്യസമുദായത്തിൽപ്പെട്ട ഗോവിന്ദൻ മാസ്റ്ററെ കളിയാക്കിയൊന്നുമല്ല അങ്ങനെ വിളിച്ചത്. ഗോവിന്ദൻ ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നു. പുലയരെ വിദ്യാഭ്യാസത്തിലൂടെ ഉയർത്തുന്നതിന് യത്നിച്ച മഹാശയനാണ് അദ്ദേഹം. പുലയരെ അവരുടെ വീടുകളിൽ ചെന്നുപോലും അദ്ദേഹം പഠിപ്പിച്ചിരുന്നതിനാലാണ് പുലയൻ ഗോവിന്ദൻ എന്ന പേരു വീണത്. മനുഷ്യരെ സമസൃഷ്ടിഭാവനയോടെ വീക്ഷിക്കുന്നതിനുള്ള സിദ്ധിയും സുകുമാരന് അങ്ങനെ പാരമ്പര്യമായി ലഭിച്ചെന്നു പ്രത്യേകംപറയേണ്ടതില്ല.

സുകുമാരന്റെ അച്ഛനും വല്യച്ഛനും പുസ്തകപ്രേമികളുമായിരുന്നു. ഇവരുടെ പിതൃസ്വത്ത് കുറെ പുസ്തകങ്ങളായിരുന്നു. തന്റെ ബുദ്ധിയും മേൽവിലാസവും അദ്ധ്യാപകന്റേതാണെന്ന് സുകുമാരൻ എന്നും പറഞ്ഞുകൊണ്ടിരിക്കാനുള്ള കാരണം വ്യക്തമായിരിക്കുമല്ലോ.

സുകുമാരന്റെ കുടുംബം ഒരു അദ്ധ്യാപക കുടുംബമാണെന്നു തന്നെ പറയാം. അച്ഛനും വല്യച്ഛനും അദ്ധ്യാപകരായിരുന്നല്ലോ. സുകുമാരന്റെ ജ്യേഷ്ഠൻ കെ.ടി.ഗോപാലകൃഷ്ണനും ഒരു സഹോദരിയും അദ്ധ്യാപകരാണ്.

സുകുമാരനു മൂന്നു സഹോദരിമാരും രണ്ടു സഹോദരന്മാരുമാണുള്ളത്. മൂത്ത സഹോദരിമാരായ ദമയന്തി, ലക്ഷ്മി എന്നിവർ അവിവാഹിതകളാണ്. അവർ അഴീക്കോട്ട് കുടുംബഗൃഹത്തിൽ താമസിക്കുന്നു. ഇളയ സഹോദരി പത്മിനി വിവാഹം കഴിച്ചു. പത്മിനിയും രണ്ട് ആൺകുട്ടികളും (രാജേഷ്, മനോജ്) എന്നിവർ കണ്ണൂരിനടുത്ത് ചൊവ്വയിൽ താമസിക്കുന്നു. ഇളയ സഹോദരൻ കെ.ടി.ദേവദാസ് മുമ്പ് ആലുവാ ഫാക്ടിൽ ഉദ്യോഗസ്ഥനായിരുന്നു. ഇപ്പോൾ കുടുംബകാര്യങ്ങളും എഴുത്തും മറ്റുമായി നാട്ടിൽ കഴിയുന്നു. അദ്ദേഹം സായിബാബയുടെ വലിയ ഭക്തനാണ്. ജ്യേഷ്ഠൻ ഗോപാലകൃഷ്ണനുമായി സുകുമാരന് രണ്ടു വയസ്സിന്റെ ഇളപ്പമുണ്ട്. ഗോപാലകൃഷ്ണൻ മുമ്പ് കോഴിക്കോട്ട് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായിരുന്നു. പിന്നീട് ഇംഗ്ലണ്ടിൽ അദ്ധ്യാപകനായി. കോമൺവെൽത്ത് പൗരത്വം ഉള്ളതുകൊണ്ട് ലണ്ടനിൽ കഴിയുന്നു. വോട്ടവകാശം മാത്രമില്ല. ഭാര്യയും നാലു കുട്ടികളുമുണ്ട്.

സുകുമാരനെ വീട്ടിൽ എല്ലാവരും 'സുകു' എന്നാണ് വിളിച്ചിരുന്നത്. അതായിരുന്നു ഓമനപ്പേര്. അമ്മ രാമായണവും മഹാഭാരതവും വായിച്ചു കേൾപ്പിക്കും. കോലായിൽ പുല്ലുപായിലിരുന്ന് കുട്ടികൾ അതു കേൾക്കും. ആശാന്റെയും വള്ളത്തോളിന്റെയും ഈശ്വരപ്രാർത്ഥനകളും അമ്മയിൽ നിന്നാണ് കുട്ടികൾ ആദ്യമായി കേൾക്കുന്നത്. പഴയ അഞ്ചാം തരംവരെ



# അഴീക്കോട് എന്ന വിചാരശില്പി

അന്നു മുഖ്യഗുരുവായ രൈരുനായർ പിൽക്കാലത്ത് അഭിജ്ഞാനശാകുന്തളം പരിഭാഷപ്പെടുത്തിയപ്പോൾ അതിന് അവതാരിക എഴുതാനുള്ള ഭാഗ്യം സിദ്ധിച്ചത് സുകുമാർ അഴീക്കോടിനായിരുന്നു. ഗുരുവിനെ ശിഷ്യൻ സാഹിത്യലോകത്തിൽ അവതരിപ്പിച്ചു. സാക്ഷാൽ കുട്ടിക്കൃഷ്ണമാരാർ അഴീക്കോടിനെ ആദ്യമായി പണ്ഡിതൻ എന്നു വിളിച്ചത് ഈ അവതാരികയെ മുൻനിർത്തിയായിരുന്നു. സംസ്കൃതത്തിൽ കുറെയൊക്കെ അറിവ് ആർജിക്കാനുള്ള അവസരം ചെറുപ്പകാലത്തുതന്നെ ഉണ്ടായത് ഗുരുക്കന്മാരുടെ അനുഗ്രഹം കൊണ്ടാണെന്നു പറയുന്നതിലും തെറ്റില്ല.

മാത്രമേ പഠിച്ചുള്ളുവെങ്കിലും ആ അമ്മയ്ക്കു പുരാണവും മറ്റു കൃതികളും വായിച്ച് ആസ്വദിക്കാനുള്ള നല്ല കഴിവുണ്ടായിരുന്നു. സുകുവിന്റെ മനസ്സിനെ തത്ത്വചിന്തയിലേക്കും സാഹിത്യചിന്തയിലേക്കും അറിയാതെ നയിച്ചത് ആ മാതാവും പിതാവുമാണ്. സന്ധ്യാസമയത്തു വീട്ടിൽ വിളക്കുവച്ചാൽ അമ്മ കുട്ടികളെ കൂടെയിരുത്തി പ്രാർത്ഥിക്കുമായിരുന്നു. അമ്മയുടെ ആ പ്രാർത്ഥനയാണ് സുകുവിന്റെ മനസ്സിനെ പാകപ്പെടുത്തിയത്. ആ പ്രതിദിന പ്രാർത്ഥനയാണ് സുകുവിനെ സുകുമാർ അഴീക്കോട് എന്ന ആചാര്യനാക്കി മാറ്റിയത്. അമ്മ മരിച്ചത് 1985ലാണ്. 83-ാം വയസ്സിൽ. അമ്മയുമായി വലിയ അടുപ്പമായിരുന്നു. എത്ര തിരക്കായാലും ജോലിസ്ഥലങ്ങളിൽ നിന്ന് ഇടയ്ക്കിടെ അമ്മയെ കാണാൻ പോകാറുണ്ടായിരുന്നു. ഓണക്കാലത്താണ് അമ്മ മരിച്ചത്. അമ്മയുടെ മരണദിവസത്തെപ്പറ്റി സുകുമാർ അഴീക്കോട് പറഞ്ഞിട്ടുണ്ട്. തിരുവോണത്തിന് അമ്മയോടൊപ്പം ചെലവഴിച്ചിട്ട് പിറ്റേന്ന് ബോംബെയ്ക്കു പോകാനിരുന്നതാണ്. എന്നാൽ, അന്ന് അമ്മ മരിക്കുമ്പോൾ കൂടെ ഉണ്ടാകാനുള്ള ഭാഗ്യം ആ പ്രിയപുത്രനുണ്ടായി.

സുകുവിനെ അച്ഛന്റെ ജീവിതരീതിയും പ്രവൃത്തികളും ഏറെ സ്വാധീനിച്ചെന്നു പറയണം. അച്ഛൻ മുൻകോപിയായിരുന്നു. തെറ്റു കണ്ടാൽ ആരെയായാലും തുറന്ന് എതിർക്കുമായിരുന്നു. അന്നൊരു സംഭവമുണ്ടായി. അച്ഛൻ അഴീക്കോട്ട് സൗത്ത് ഹയർ എലിമെന്ററി സ്കൂളിൽ അദ്ധ്യാപകനായിരുന്നു. അക്കാലത്ത് ഹയർ എലിമെന്ററി സ്കൂളിലെ അധ്യാപകൻ ഒരു പരീക്ഷ പാസ്സായാൽ അവർക്കു സെക്കൻഡറി ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നു. കണ്ണൂരിൽ ഉണ്ടായിരുന്ന ഒരു ഓഫീസറാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. അയാളാകട്ടെ സർട്ടിഫിക്കറ്റ് നൽകാൻ പത്തു രൂപ നിരക്ക് ഏർപ്പെടുത്തിയിരുന്നു. പത്തു രൂപയാണെങ്കിലും കൈക്കൂലി തന്നെ. വിദ്വാൻ ദാമോദരൻ പക്ഷെ, രൂപ കൊടുത്തു സർട്ടിഫിക്കറ്റ് വാങ്ങാൻ ഒരുക്കമായിരുന്നില്ല. കൈക്കൂലി കൊടുത്തില്ലെന്നു മാത്രമല്ല, അതെപ്പറ്റി പത്രങ്ങളിൽ എഴുതുകയും ചെയ്തു. അതിന്റെ പ്രതികാരമായി വിദ്വാൻ ദാമോദരനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. എന്നിട്ടും വിട്ടുവീഴ്ചയ്ക്കൊന്നും അദ്ദേഹം തയ്യാറായിരുന്നില്ല. ഇത്തരം സംഭവങ്ങൾ സുകുമാരനെ വളരെ സ്വാധീനിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ സുകു അച്ഛന്റെ തനിപ്പകർപ്പാണെന്ന് അമ്മയും മറ്റും പറയുമായിരുന്നു.

സുകുമാർ അഴീക്കോടിന്റെ ബാല്യകാലത്തെപ്പറ്റി ജ്യേഷ്ഠനായ കെ.ടി. ഗോപാലകൃഷ്ണൻ പറയുന്നതു നോക്കുക: ‘ആറേഴു വയസ്സായപ്പോൾതന്നെ സുകുമാരൻ പുസ്തകം വായിക്കാനുള്ള അസാധാരണമായ വാസന കാണിച്ചുതുടങ്ങി. മുത്തച്ഛനും അച്ഛനുംകൂടി വളരെയധികം പുസ്തകങ്ങൾ വീട്ടിൽ ശേഖരിച്ചിരുന്നു. സംസ്കൃത ഗ്രന്ഥങ്ങളും വൈദ്യഗ്രന്ഥങ്ങളും വളരെ ഉണ്ടായിരുന്നു. ഭാഷാപോഷിണി, മിതവാദി, കൈരളി, മാതൃഭൂമി ആഴ്ചപ്പതിപ്പ് എന്നിവയുടെ വളരെ പഴയ ലക്കങ്ങളും. ഇവയെല്ലാം ഒരിക്കലല്ല, പലതവണ സുകുമാരൻ പത്തു വയസ്സാകുമ്പോഴേക്കും വായിച്ചു തീർത്തിരുന്നു. ഞങ്ങളെല്ലാവരും പലതും കളിച്ചും രസിച്ചുംകൊണ്ടിരിക്കുമ്പോൾ വീട്ടിന്റെ ഒരു മൂലയിലിരുന്ന് സുകു വായിക്കുന്നുണ്ടായിരിക്കും. രാത്രി ഞങ്ങളെല്ലാവരും ഉറങ്ങാൻ കിടന്നാലും പുള്ളിക്കാരൻ ചുമരിൽ തൂക്കിയ മണ്ണെണ്ണവിളക്കിന്റെ അരികിൽ നിന്നുകൊണ്ട് വായിക്കുന്നുണ്ടായിരിക്കും. പതിനാറു വയസ്സാകുമ്പോഴേക്കും അടുത്തുള്ള പൊതു വായനശാലകളിലെയും കണ്ണൂർ മുനിസിപ്പൽ ലൈബ്രറിയിലെയും പുസ്തകങ്ങൾ മുഴുവൻ വായിച്ചുകഴിഞ്ഞിരിക്കണം. അങ്ങനെ ചെറുപ്പത്തിൽതന്നെ അറിവിന്റെ ഉറച്ച അടിത്തറ പടുത്തുകെട്ടിയതിനാലാണ് പിന്നീട് ഏതു വിഷയത്തെപ്പറ്റിയും വിഷമമില്ലാതെ പ്രസംഗിക്കാനും എഴുതാനും സുകുമാരനു സാധിച്ചത് എന്നെനിക്കു തോന്നുന്നു.’

സ്കൂൾ വിദ്യാഭ്യാസവേളയിൽ സുകുവിനെ അദ്ധ്യാപകരും ഏറെ സ്വാധീനിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം അഴീക്കോട് സൗത്ത് ഹയർ എലിമെന്ററി സ്കൂളിലായിരുന്നു. അവിടെ എട്ടാംതരംവരെ പഠിച്ചു. അവിടെ ഹെഡ്മാസ്റ്ററായിരുന്ന കെ.അച്ചുതൻനായർ സുകുവിനെ ഏറെ സ്വാധീനിച്ച വ്യക്തിയാണ്.




‘എന്റെ ചിന്തയെ സ്വാധീനിച്ചവരിൽ ഒരാൾ അച്ചുതൻ നായർമാഷാണ്. ബുദ്ധിശാലി. എനിക്കദ്ദേഹത്തെ വളരെ ഇഷ്ടമായിരുന്നു. മാഷിന് ഇംഗ്ലീഷ് ഭാഷയിൽ നല്ല കഴിവുണ്ടായിരുന്നതായി ഓർക്കുന്നു.’

ഹയർ എലിമെന്ററി സ്കൂളിൽ നിന്നു ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിൽ എത്തി. അവിടെ ഹെഡ്മാസ്റ്റർ നല്ല പണ്ഡിതനായിരുന്ന കെ.രൈരു നായർ. സംസ്കൃതാദ്ധ്യാപകൻ. വിദ്വാൻ സി.കൃഷ്ണമാരാർ. ഇവരെല്ലാം ഈ വിദ്യാർത്ഥിക്കു വളരെ ആദരവുള്ളവരായിരുന്നു. മാരാർ മാസ്റ്ററെപ്പറ്റി വറ്റാത്ത ബഹുമാനമാണ്.

‘കൃഷ്ണമാരാരെപ്പറ്റി ഒരിക്കൽ ഞാൻ മലയാളമനോരമ ആഴ്ചപ്പതിപ്പിൽ എഴുതിയിട്ടുണ്ട്. അദ്ദേഹം ഒരു അസാധാരണനായിരുന്നു. കൊടുംദാരിദ്ര്യത്തിന്റെ നടുവിലും പാണ്ഡിത്യത്തിന്റെ നിസ്സംഗമായ പുഞ്ചിരിയോടെ കഴിഞ്ഞ അദ്ദേഹത്തിന്റെ മ്ലാനമായ മുഖം എന്റെ മനസ്സിൽ മായാതെ നില്ക്കുന്ന മുഖങ്ങളിൽ ഒന്നാണ്.’

അന്നു മുഖ്യഗുരുവായ രൈരുനായർ പിൽക്കാലത്ത് അഭിജ്ഞാനശാകുന്തളം പരിഭാഷപ്പെടുത്തിയപ്പോൾ അതിന് അവതാരിക എഴുതാനുള്ള ഭാഗ്യം സിദ്ധിച്ചത് സുകുമാർ അഴീക്കോടിനായിരുന്നു. ഗുരുവിനെ ശിഷ്യൻ സാഹിത്യലോകത്തിൽ അവതരിപ്പിച്ചു. സാക്ഷാൽ കുട്ടിക്കൃഷ്ണമാരാർ അഴീക്കോടിനെ ആദ്യമായി പണ്ഡിതൻ എന്നു വിളിച്ചത് ഈ അവതാരികയെ മുൻനിർത്തിയായിരുന്നു. സംസ്കൃതത്തിൽ കുറെയൊക്കെ അറിവ് ആർജിക്കാനുള്ള അവസരം ചെറുപ്പകാലത്തുതന്നെ ഉണ്ടായത് ഗുരുക്കന്മാരുടെ അനുഗ്രഹം കൊണ്ടാണെന്നു പറയുന്നതിലും തെറ്റില്ല. ചെറുപ്പത്തിൽ സംസ്കൃത പഠനത്തിനുതന്നെയായിരുന്നു മുൻതൂക്കം.

സ്കൂളിൽ മൂന്നാംഫോറംവരെ മാത്രമേ മലയാളം പഠിച്ചിട്ടുള്ളു. പിന്നെ ഇന്റർമീഡിയറ്റ് വരെ സംസ്കൃതമാണ് പഠിച്ചത്. കോളേജിൽ ചേർന്നു പഠിച്ചതിന്റെ കഥയാണിത്. പിന്നീട് മലയാളത്തിലും സംസ്കൃതത്തിലും ബി.എയും എം.എയും പ്രശസ്തമായി പാസ്സായെങ്കിലും മലയാളം ഗുരുമുഖത്തുനിന്നു പഠിച്ചതു മൂന്നാംഫോറംവരെ മാത്രമാണ്. സ്കൂളിൽ പഠിക്കുന്ന പാഠങ്ങൾ മാത്രമല്ല, വീട്ടിൽ അച്ഛന്റെ ശേഖരത്തിലെ സംസ്കൃത പുസ്തകങ്ങളും സുകു വെറുതെ വായിച്ചിരുന്നു. അതിനാൽ അദ്ധ്യാപകർക്ക് ആ ശിഷ്യനെ ഇഷ്ടമായിരുന്നു. എട്ടാം വയസ്സിൽ ആ പയ്യൻ അമരകോശം പ്രഥമകാണ്ഡം മുഴുവൻ മനഃപാഠമാക്കുകയുണ്ടായി. പിൽകാലത്തും അതിലെ പല ഭാഗങ്ങളും ചൊല്ലാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓരോ ദിവസവും ഇരുപതു ശ്ലോകം വീതം പഠിച്ചാണ് അമരകോശം തീർത്തത്. അതിനു സുകുമാരനെ പ്രോത്സാഹിപ്പിക്കാൻ ഗുരുക്കന്മാരും ഉണ്ടായിരുന്നു. ക്ലാസിലെ മറ്റൊരു കുട്ടിയും അമരകോശം അങ്ങനെ പഠിച്ചുതീർത്തിട്ടില്ല.

വളരെ ചെറുപ്പത്തിൽ- പത്താമത്തെ വയസ്സിൽ- സുകുവിനെ ശാരീരികമായി തളർത്തിയ ഒരു അസുഖമുണ്ടായി- ടൈഫോയിഡ്; മൂന്നു മാസത്തോളം കിടപ്പിലാവുകയും ചെയ്തു. സുകുവിന്റെ ശരീരം മെലിഞ്ഞു. തലമുടിയും പോയി. അന്നുമുതൽ ശരീരപ്രകൃതി മെലിഞ്ഞമട്ടായി. പ്രസംഗവേദിയിൽ നില്ക്കുമ്പോൾ സുകുമാർ അഴീക്കോടിന്റെ മെലിഞ്ഞ ശരീരം ഉച്ചഭാഷിണിയുടെ തണ്ടിനെക്കാൾ മെലിഞ്ഞതാണെന്നു തോന്നിപ്പോകും. പ്രസിദ്ധ കാർട്ടൂണിസ്റ്റ് യേശുദാസൻ അങ്ങനെയൊരു കാർട്ടൂൺ വരച്ചിട്ടുണ്ട്. നാട്ടിൻപുറത്ത് ഇന്നത്തെപ്പോലെ നല്ല ചികിത്സാസൗകര്യം കിട്ടാൻ അന്നു പ്രയാസമായിരുന്നു. ടൈഫോയിഡിന് അന്നു നല്ല ചികിത്സതന്നെ ഇല്ലെന്നു പറയാം. വല്ല ചികിത്സയും വേണമെങ്കിൽ കണ്ണൂരിൽ പോകണം. അവിടെ ഉണ്ടായിരുന്ന ഇളയച്ഛൻ ഡോ.കുഞ്ഞിക്കണ്ണനാണ് ചികിത്സ നടത്തി രക്ഷപ്പെടുത്തിയത്. മരുന്നു വാങ്ങാനും മറ്റും ജ്യേഷ്ഠൻ ഗോപാലകൃഷ്ണനാണ് പട്ടണത്തിൽ പൊയ്ക്കൊണ്ടിരുന്നത്. ശാരീരികമായി തളർത്തിയെങ്കിലും മാനസികമായി സുകുമാരനെ ഈ അസുഖം തളർത്തിയില്ല. ശാരീരികമായി എന്തു ക്ഷീണത്തെയും അതിജീവിക്കാനുള്ള കരുത്ത് ചെറുപ്പത്തിൽതന്നെ അദ്ദേഹം നേടിയിരുന്നു.

പത്തു വയസ്സിനു മുമ്പ്, ലഭ്യമായ മിക്ക ഗ്രന്ഥങ്ങളും സുകുമാരൻ വായിച്ചു തീർത്തുവെന്നു പറഞ്ഞല്ലോ. ആശാന്റെയും വള്ളത്തോളിന്റെയും ഉള്ളൂരിന്റെയും കൃതികൾ അവയിൽ ഉൾപ്പെടും. അതുപോലെ സാഹിത്യസാഹ്യം, വൃത്തമഞ്ജരി എന്നീ കൃതികളും. ഗുണ്ടർട്ടിന്റെ നിഘണ്ടു നിരന്തരം വായിച്ചുപോന്നു.

പന്ത്രണ്ടാം വയസ്സുമുതൽ സുകുമാരൻ വായിച്ച ഒരു ഗ്രന്ഥമുണ്ട്- വാഗ്ഭടാനന്ദന്റെ ‘ആത്മവിദ്യ’. അതൊരു വേദാന്തോപന്യാസ സമാഹാരമാണ്. സുകുമാരന്റെ ജീവിതത്തെ ഏറ്റവും അധികം സ്വാധീനിച്ച ഗ്രന്ഥമാണിത്. ഉപനിഷത്തുക്കളുടെ ലോകത്തേക്ക് സുകുമാരനെ അതു കൈപിടിച്ചു കയറ്റി. ശുദ്ധമായ അദ്വൈതം സുകുമാരൻ ആദ്യം മനസ്സിലാക്കിയത് ‘ആത്മവിദ്യ’യുടെ ഏടുകളിൽനിന്നാണ്. പിൽക്കാലത്ത് ‘തത്ത്വമസി’ രചിച്ചപ്പോൾ അതു സമർപ്പിച്ചത് ആത്മവിദ്യയുടെ പ്രവാചകനായ വാഗ്ഭടാനന്ദനായിരുന്നു.

വാഗ്ഭടാനന്ദന്റെ ‘ആത്മവിദ്യ’ മാത്രമല്ല, ‘ആത്മവിദ്യാലേഖമാല’, ‘അധ്യാത്മയുദ്ധം’ തുടങ്ങിയ ഗ്രന്ഥങ്ങളും വായിച്ചു. ‘ആത്മവിദ്യ’പോലതന്നെ

# അഴീക്കോട് എന്ന വിചാരശില്പി



വാഗ്ഭടാനന്ദന്റെ ജീവിതത്തിനു വിശ്വദേശികനായ ശങ്കരന്റെ ജീവിതവുമായി കുറച്ചെങ്കിലും സാദൃശ്യം ഉണ്ടെന്ന് സമ്മതിക്കേണ്ടിവരും. ശങ്കരന്റെ മധുരഗംഭീരമായ സംസ്കൃത ശൈലി മലയാളത്തിലെ ഗദ്യപദ്യങ്ങളിലൂടെ മുഴക്കിക്കേൾപ്പിക്കുവാൻ വാഗ്ഭടാനന്ദന് കഴിഞ്ഞതായി അഴീക്കോട് രേഖപ്പെടുത്തിയിട്ടുണ്ട്. 'ആയിരം പണ്ഡിത സദസ്സുകളെ പ്രണമിച്ചുകൊണ്ട് ശങ്കരൻ ഭാരതദിഗ്വിജയം സാധിച്ചതുപോലെ, കേരളത്തിലങ്ങോളമിങ്ങോളം പ്രതിവാദിഭീഷണനായി, അദ്ദേഹം വേദാന്തഡിണ്ഡിമം മുഴക്കി. അദ്വൈതത്തിന്റെ അഖണ്ഡഭാവം ഒരിക്കൽകൂടി ഈ അഭിനവശങ്കരനിലൂടെ കേരളം മനസ്സിലാക്കിയെന്നു ചുരുക്കിപ്പറയട്ടെ. എന്നാൽ ആദിശങ്കരൻ അത്രതന്നെ പ്രകടിപ്പിക്കാതിരുന്ന സാഹിത്യശാസ്ത്രാവഗാഹം വാഗ്ഭടാനന്ദൻ വേദാന്തപാണിഡ്ത്യം പോലെതന്നെ പല വാദപ്രതിവാദ സന്ദർഭങ്ങളിലും പ്രകടിപ്പിച്ചിരുന്നു.'

അന്ന് ഒന്നിലധികം തവണ വായിച്ച വേറെയും ഗ്രന്ഥങ്ങളുണ്ട് – സംസ്കൃതത്തിലുള്ള 'ശിവജ്ഞാനദീപിക', ബ്രഹ്മാനന്ദന്റെ 'മോക്ഷപ്രദീപം' എന്നി. എങ്കിലും 'ആത്മവിദ്യ'യായിരുന്നു സുകുമാരന്റെ അന്വേഷണത്തിന് അടിത്തറയിട്ടത്. വാഗ്ഭടാനന്ദന്റെ ഉജ്ജ്വലമായ വ്യക്തിത്വവും അദ്ദേഹത്തെ സ്വാധീനിച്ചെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സുകുമാരനെ സ്വാധീനിച്ച വാഗ്ഭടാനന്ദനെപ്പറ്റി പരാമർശിക്കുന്നത് ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. മതപരമായ അന്ധതകളാലും സമുദായത്തിലെ അനാചാരങ്ങളാലും ജീർണിച്ച ഒരു കാലഘട്ടത്തിൽ മലബാറിൽ വീശിയ ഒരു ചൈതന്യമായിരുന്നു വാഗ്ഭടാനന്ദൻ. അദ്വൈത ബോധത്തെ പ്രചരിപ്പിക്കാൻ ശ്രമിക്കുകവഴി അദ്ദേഹം മതചിന്തയിലും സാഹിത്യചിന്തയിലും മലബാറിൽ വിശേഷിച്ചും ഒരു നവോന്മേഷം ഉളവാക്കി. 'കേരളം മലയാളിയുടെ മാതൃഭൂമി' എന്ന ഗ്രന്ഥത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് വാഗ്ഭടാനന്ദനെപ്പറ്റി പറയുന്നത് അദ്ദേഹം പാണ്ഡിത്യത്തിലും വാഗ്മിത്വത്തിലും ശ്രീനാരായണഗുരുദേവനെപ്പോലും കവച്ചുവച്ചിരുന്നു എന്നാണ്.

വടക്കേ മലബാറിൽ കൂത്തുപറമ്പിനടുത്ത പാട്യത്താണ് കുഞ്ഞിക്കണ്ണൻ എന്ന പേരുള്ള വാഗ്ഭടാനന്ദൻ ജനിച്ചത് 1885ൽ. അദ്ദേഹം അന്തരിച്ചത് 1940ലാണ്. പന്ത്രണ്ടാം വയസ്സിൽ സംസ്കൃതപണ്ഡിതനായിത്തീർന്നു കുഞ്ഞിക്കണ്ണൻ. പിന്നീട് അദ്ദേഹം ഗുരുക്കൾ എന്ന് അറിയപ്പെട്ടു. ഗുരുവായ ബ്രഹ്മാനന്ദശിവയോഗി കുഞ്ഞിക്കണ്ണന്റെ വാക് സാമാർത്ഥ്യം കണ്ടു സന്തോഷിച്ചിട്ട പേരാണ് വാഗ്ഭടാനന്ദൻ. വാഗ്ഭടാനന്ദന്റെ പ്രഭാഷണം അവിസ്മരണീയമായ അനുഭവമായിരുന്നു. സുകുമാരന് പ്രഭാഷണരംഗത്തും അദ്ദേഹം ഒരു പ്രചോദനമായിരുന്നു.

അദ്വൈതാത്മകമായ ആത്മവിദ്യയുടെ വിശാലമായ ലോകത്തിൽ ജനങ്ങളെ ഒന്നിപ്പിക്കുന്നതിന് വാഗ്ഭടാനന്ദൻ ആഗ്രഹിച്ചിരുന്നു. ജാതിക്കും ഭേദചിന്തകൾക്കും അതീതമായി ഒരു പ്രസ്ഥാനം, അതായിരുന്നു ലക്ഷ്യം. ആ ലക്ഷ്യം മുൻനിർത്തി 1917ൽ ആരംഭിച്ചതാണ് ആത്മവിദ്യാസംഘം. 'ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ, ക്ഷണമെഴുന്നേൽപിൻ അനീതിയോടെതിർപ്പിൻ' എന്നതായിരുന്നു ആത്മവിദ്യാസംഘത്തിന്റെ മുദ്രാവാക്യം. സുകുമാരന്റെ ചെറുപ്പകാലത്ത് ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനം അഴീക്കോട്ട് ശക്തമായുണ്ടായിരുന്നുവല്ലോ. സംഘത്തിന്റെ ആഭിമുഖ്യത്തിൽ അഴീക്കോട്ട് എല്ലാ വർഷവും മതസാംസ്കാരിക സമ്മേളനങ്ങൾ നടത്തപ്പെട്ടിരുന്നു. അവിടുത്തെ പ്രസംഗങ്ങൾ കേൾക്കുന്നതിന് സുകുമാരനെ അച്ഛൻ അയയ്ക്കാറുണ്ടായിരുന്നു.

ജാതിമതചിന്തകൾ കൂടാതെ മകനെ വളർത്തുന്നതിന് സുകുമാരന്റെ അച്ഛനായ വിദ്വാൻ ദാമോദരൻ ആഗ്രഹിച്ചിരുന്നു. പുലയരുടെ കുട്ടികളുടെ കൂടെ തന്റെ മക്കൾക്കും ഭക്ഷണം കൊടുത്തും പുലയരുടെയും ഹരിജനങ്ങളുടെയും കുട്ടികളുടെ കൂടെ അവരെ കളിക്കാൻ വിട്ടും മറ്റും ചെറുപ്പത്തിൽതന്നെ ജാതിചിന്തകൾ അകറ്റുന്നതിന് ദാമോദരൻമാസ്റ്റർ ശ്രദ്ധിച്ചിരുന്നു. ഇന്ന് അങ്ങനെ ശ്രമിക്കുന്ന എത്ര അച്ഛന്മാർ ഉണ്ടാവും? ദാമോദരൻമാസ്റ്റർ അങ്ങനെ ശ്രമിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ കൂടി മനസ്സിലാക്കണം. അച്ഛന്റെ ഇത്തരം പുരോഗമനാശയങ്ങൾ സുകുമാരനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

വാഗ്ഭടാനന്ദന്റെ മതാത്മകമായ സാമൂഹ്യസേവനങ്ങൾക്കു വലിയൊരു പശ്ചാത്തലമുണ്ടായിരുന്നു. ബ്രഹ്മാനന്ദ സ്വാമികളുടെ ആനന്ദമതത്തിൽ നിന്നു മോചനം നേടിയതിനുശേഷം വാഗ്ഭടാനന്ദൻ രാജാറാം മോഹൻറോയിയുടെ ബ്രഹ്മസമാജത്തിന്റെ പ്രവർത്തകനായി കുറെക്കാലം കഴിഞ്ഞിരുന്നു. ബ്രഹ്മവിദ്യാസംഘം, രാമകൃഷ്ണമിഷൻ മുതലായ പ്രസ്ഥാനങ്ങളെപ്പറ്റി നല്ലപോലെ മനസ്സിലാക്കിയതിനുശേഷമാണ് വാഗ്ഭടാനന്ദൻ ആത്മവിദ്യാസംഘം തുടങ്ങിയത്. ശ്രീനാരായണഗുരുവുമായി നേരിട്ട് സംവാദം നടത്തിയിരുന്നു. ഭാരതീയ സംസ്കാരത്തിന്റെ അടിവേര് ആത്മവിദ്യയാണെന്നും അദ്ദേഹം മനസ്സിലാക്കി. ആത്മാവല്ലാതെ സത്യമായി മറ്റൊന്നുമില്ല. ആത്മവിദ്യയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് വാഗ്ഭടാനന്ദൻ ആത്മവിദ്യ രചിച്ചത്. അത് ആദ്യം പ്രസിദ്ധപ്പെടുത്തിയത് 1925 ജൂലൈയിലാണ്. ഒയ്യാരത്തു കുഞ്ഞുരാമൻ മേനോന്റെ (ഒ.ചന്തുമേനോന്റെ മരുമകൻ) അവതാരികയോടെ ഇറങ്ങിയ ആ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പിന്നീട് വളരെ വൈകിയേ ഇറങ്ങിയുള്ളൂ. 1980ൽ. അന്ന് അതിന്റെ ആദ്യ അവതാരിക നിലനിർത്തിക്കൊണ്ട് 'നന്ദനോക്തി' എഴുതിയത് സുകുമാർ അഴീക്കോടാണ്. അതൊരു മഹാഭാഗ്യമായി കരുതണം. കാരണം, തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുള്ള ഒരു പുസ്തമാണല്ലോ അത്. പന്ത്രണ്ട് ഉപന്യാസങ്ങൾ അടങ്ങിയതാണീ ഗ്രന്ഥം. 'ആത്മവിദ്യ'യുടെ രണ്ടാം ഭാഗം എഴുതാൻ വാഗ്ഭടാനന്ദൻ ആഗ്രഹിച്ചിരുന്നെങ്കിലും നമുക്കതു കിട്ടാതെ പോയി.

'ആത്മവിദ്യ'യെപ്പറ്റി സുകുമാർ അഴീക്കോട് ഇപ്രകാരം പറയുന്നു; 'സുവിസ്മൃതമായ വേദാന്തസാഗരം ഒരു കൊച്ചു തോണിയിലൂടെ കടക്കാൻ കഴിഞ്ഞ ഒരു സാഹസികന്റെ ആഹ്ലാദം ഈ കൃതി വായിച്ചു തീർന്നാൽ നിങ്ങൾക്കു അനുഭവപ്പെടും. അദ്ദേഹത്തിന്റെ ഉദ്ധരണങ്ങൾ ആർഷസത്യത്തിന്റെ സകല സീമകളെയും നമുക്കു പരിചയപ്പെടുത്തിത്തരുന്നു. വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും ഗീതയുടെയും ബ്രഹ്മസൂത്രത്തിന്റെയും മധുരപ്രതിധ്വനികൾ അതിൽ ഉടനീളം മുഴങ്ങിക്കേൾക്കാം. സുരേശ്വരാചാര്യന്റെ നൈഷ്കർമ്യസിദ്ധിയും ശങ്കരാനന്ദന്റെ ആത്മപുരാണവും വിദ്യാരണ്യന്റെ പഞ്ചദശിയും സദാനന്ദന്റെ വേദാന്തസാരവും ചിൽസുഖന്റെ തത്ത്വപ്രദീപികയും അയ്യപ്പദീക്ഷിതരുടെ യോഗദർപ്പണവും ഹേമചന്ദ്രാചാര്യന്റെ യോഗശാസ്ത്രവും സർവോപരി ശങ്കരഭഗവൽപാദരുടെ ഭാഷ്യങ്ങളും പ്രകരണങ്ങളും നിങ്ങളോടു കരുണയോടെ പുഞ്ചിരികൊള്ളുന്ന ഒരേയൊരു പുണ്യവേദിയാണ് 'ആത്മവിദ്യ.'

ആത്മവിദ്യയിൽ വാഗ്ഭടാനന്ദൻ പറയുന്നതു നോക്കുക. 'ആത്മാവിനെ അറിയാത്തവൻ ദുഃഖത്തിനായി വ്യാപരിക്കുന്നവനാകുന്നു. ഭൂമിയിൽ എത്ര പ്രശോഭിച്ചാലും അവൻ ഏറ്റവും ഭ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ശവം തന്നെയാകുന്നു.' ആത്മജ്ഞാനമുള്ളവൻ മാത്രമാകുന്നു ജീവിക്കുന്നവൻ. ആത്മവിദ്യകൊണ്ടു മാത്രമാകുന്നു മനുഷ്യർ കൃതാർത്ഥരാകുന്നതെന്ന് ഇത്രമാത്രം കൊണ്ടു സ്പഷ്ടമായിരിക്കുന്നു. എന്നാൽ ഇവിടെ ഒരു സംഗതികൂടി ഓർക്കേണ്ടതായിട്ടുണ്ട്. സർവരും ജീവിതോദ്ദേശ്യസിദ്ധിക്കായി പ്രകൃത്യാജ്ഞാനത്തെ ശരണമായി ഗണിക്കുന്നു എന്നു നാം കണ്ടിരിക്കുന്നു. എന്നാൽ ജ്ഞാനം വെളിയിലിരിക്കുന്നില്ല. വിദ്യാഭ്യാസം കൊണ്ടു ജ്ഞാനത്തിന്റെ ആവരണം നീക്കുക മാത്രമെ ചെയ്യുന്നുള്ളൂ. പ്രകാശം സൂര്യന്റെ സ്വരൂപമാകുന്നതുപോലെ ജ്ഞാനം ആത്മാവിന്റെ സ്വരൂപമാകുന്നു. അതുകൊണ്ട് ജ്ഞാനപരമായ അഭിലാഷം ആത്മസ്വരൂപത്തെ ഗ്രഹിച്ചാൽ മാത്രമേ പരിപൂർണ്ണമാകുകയുള്ളൂ. അതുകൊണ്ടാണ് ഋഷികളും ശ്രുതികളും ആചാര്യന്മാരും ആത്മവിദ്യയെ അല്ലെങ്കിൽ ആത്മജ്ഞാനത്തെ സമ്പാദിക്കുവാനായി പ്രത്യേകം ശ്രദ്ധിപ്പിക്കുന്നത്....'

'ആത്മവിദ്യ' അഴീക്കോടിന്റെ സാഹിത്യചിന്തയെ തന്നെ സ്വാധീനിച്ചു. വിവേകാനന്ദന്റെ ആദർശോജ്ജ്വലതയും ഡോ.എസ്.രാധാകൃഷ്ണന്റെ പ്രതിപാദനപടുത്വവും ലോകമാന്യ തിലകന്റെ പാണ്ഡിത്യയുക്തികളും കലർന്ന ഒരു ശൈലി ആത്മവിദ്യയിൽ ഉണ്ടെന്ന് അഴീക്കോട് സൂചിപ്പിക്കുന്നത് പിൽക്കാലത്ത് അദ്ദേഹത്തിന്റെ 'തത്ത്വമസി'ക്കും ചേർന്നിരിക്കുന്നുണ്ടെന്ന് ഇപ്പോൾ പണ്ഡിതന്മാർ രേഖപ്പെടുത്തിക്കഴിഞ്ഞു.

വാഗ്ഭടാനന്ദന്റെ ജീവിതത്തിനു വിശ്വദേശികനായ ശങ്കരന്റെ ജീവിതവുമായി കുറച്ചെങ്കിലും സാദൃശ്യം ഉണ്ടെന്ന് സമ്മതിക്കേണ്ടിവരും. ശങ്കരന്റെ മധുരഗംഭീരമായ സംസ്കൃത ശൈലി മലയാളത്തിലെ ഗദ്യപദ്യങ്ങളിലൂടെ മുഴക്കിക്കേൾപ്പിക്കുവാൻ വാഗ്ഭടാനന്ദന് കഴിഞ്ഞതായി അഴീക്കോട് രേഖപ്പെടുത്തിയിട്ടുണ്ട്. 'ആയിരം പണ്ഡിത സദസ്സുകളെ പ്രണമിച്ചുകൊണ്ട് ശങ്കരൻ ഭാരതദിഗ്വിജയം സാധിച്ചതുപോലെ, കേരളത്തിലങ്ങോളമിങ്ങോളം പ്രതിവാദിഭീഷണനായി, അദ്ദേഹം വേദാന്തഡിണ്ഡിമം മുഴക്കി. അദ്വൈതത്തിന്റെ അഖണ്ഡഭാവം ഒരിക്കൽകൂടി ഈ അഭിനവശങ്കരനിലൂടെ കേരളം മനസ്സിലാക്കിയെന്നു ചുരുക്കിപ്പറയട്ടെ. എന്നാൽ ആദിശങ്കരൻ അത്രതന്നെ പ്രകടിപ്പിക്കാതിരുന്ന സാഹിത്യശാസ്ത്രാവഗാഹം വാഗ്ഭടാനന്ദൻ വേദാന്തപാണിഡ്ത്യം പോലെതന്നെ പല വാദപ്രതിവാദ സന്ദർഭങ്ങളിലും പ്രകടിപ്പിച്ചിരുന്നു.'

സുകുമാർ അഴീക്കോടിനെ അറിയുന്നതിന് ആ ചിന്തയെ സ്വാധീനിച്ച വാഗ്ഭടാനന്ദനെപ്പറ്റി ഇത്രയെങ്കിലും അറിഞ്ഞിരിക്കുന്നത് ഉചിതമാണെന്നു തോന്നി. ഇനിയും സുകുവിന്റെ ബാല്യകാലത്തേക്കുതന്നെ മടങ്ങാം.

അഴീക്കോട് സൗത്ത് ഹയർ എലിമെന്ററി സ്കൂളിലെ പ്രാഥമിക പഠനത്തിനുശേഷം സുകുവിനെ ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിലാണ് ഫോർത്ത് ഫോമിൽ ചേർത്തത്. ചിറയ്ക്കൽ രാജാവിന്റേതായിരുന്നു ഈ സ്കൂൾ.

ഹയർ എലിമെന്ററി സ്കൂളിൽ നിന്നു പഠിച്ചു വന്നപ്പോൾ രസകരമായൊരു സംഭവമുണ്ടായി. ഹയർ എലിമെന്ററി ഇന്നത്തെ അപ്പർ പ്രൈമറിയാണ്. ഹയർ എലിമെന്ററിയിൽ മൂന്നാം ഫോറംവരെയാണ് ക്ലാസ്സുള്ളത്. ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിൽ ചേർന്നതു നാലാം ഫോറത്തിലാണല്ലോ. നാലാം ഫോറത്തിൽ ചേർന്നപ്പോൾ സംസ്കൃതം എടുത്തു പഠിക്കണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. സുകുമാരൻ അതിനെ എതിർത്തു. ജീവിതത്തിൽ എന്നും ചെറുപ്രായം മുതൽതന്നെ സ്വന്തം അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്ന പ്രകൃതം അദ്ദേഹത്തിനുണ്ടായിരുന്നല്ലോ. എല്ലാ ധർമസമരങ്ങൾക്കും സുകുമാർ അഴീക്കോടിന്റെ ശക്തി ഈ അഭിപ്രായധീരതയാകുന്നു. എന്നാൽ അന്ന് അച്ഛന്റെ മുമ്പിൽമാത്രം ഈ 'അഭിപ്രായധീരത' ഫലിക്കാതെപോയി. സുകുമാർ അഴീക്കോട് എന്തെങ്കിലും, ആർക്കെങ്കിലും കീഴടങ്ങിയിട്ടുണ്ടെങ്കിൽ അത് അച്ഛന്റെ മുമ്പിലായിരുന്നു. അന്ന് അച്ഛന് കീഴടങ്ങി സംസ്കൃതം പഠിക്കാൻ തീരുമാനിച്ചു. ആ പഴയ സംഭവത്തെപ്പറ്റി അദ്ദേഹം അനുസ്മരിക്കുന്നത് നോക്കുക.

'വാത്സല്യം കൊണ്ടു മക്കൾക്കു വഴങ്ങിക്കൊടുക്കുന്ന സ്വഭാവക്കാരനായിരുന്നു അച്ഛനെങ്കിൽ അദ്ധ്യാപനത്തിലും സാഹിത്യവിമർശനത്തിലും പ്രഭാഷണത്തിലും മറ്റും പിന്നീട് പരന്നുപോയ എന്റെ ജീവിതത്തിലെ വമ്പിച്ചൊരു നഷ്ടത്തിന് അന്നു തുടക്കം കുറിച്ചുപോയേനെ! അന്നത്തെ ബാലവിഭ്രമം, പിതാവിന്റെ ആജ്ഞാശക്തിമൂലം എന്റെ ഭാവിയെ ബാധിക്കാതെ പോയതിനാൽ ഞാൻ രക്ഷപ്പെടുകയുണ്ടായി. ഞാനിന്ന് ജീവിതത്തിൽ എത്തിച്ചേർന്നിരിക്കുന്ന ലോകമാകട്ടെ, ഇത്തരം ബാലചാപല്യങ്ങൾ ആകണം വിദ്യാർത്ഥികളുടെ തീരുമാനങ്ങളെ നിയന്ത്രിക്കുന്നതെന്ന സിദ്ധാന്തം ഏറെക്കുറെ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്രമാത്രം മാറിപ്പോയ ഈ പുത്തൻപ്രപഞ്ചത്തിൽ എനിക്കു വിദ്യാർത്ഥിയായിക്കഴിയേണ്ടിവന്നില്ലല്ലോ എന്നോർക്കുമ്പോൾ തോന്നുന്ന ആശ്വാസം ഞാൻ ഇപ്പോൾ ഓമനിച്ചു പോരുന്ന ഒരു സ്വാർത്ഥവികാരമാണ്. കാലം മാറ്റൊരുതരത്തിൽ ആയിരുന്നതുകൊണ്ടാണ് അന്ന് എന്റെ തീരുമാനത്തിൽ നിന്ന് എന്നെ രക്ഷിക്കാൻ അച്ഛനു കഴിഞ്ഞത്. അങ്ങനെ ഞാൻ അല്പം സംസ്കൃതം പഠിച്ചു. അന്ന് അപ്രകാരം വിവേകരഹിതമായ ഒരു തീരുമാനത്തിൽ നിന്നും സ്വന്തം മകനെ ആജ്ഞാശക്തിമൂലം രക്ഷിക്കാൻ പോരുന്ന എത്ര പിതാക്കന്മാരുണ്ട് എന്നു ഞാൻ ആലോചിച്ചുപോകുന്നു....'

(തുടരും)

## 1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം




മൂന്നുദിവസം കഴിഞ്ഞ്, ഉച്ചയോടടുത്ത്, പത്ത് കുതിര സൈനികരോടൊപ്പം ഒരു റോമൻ ഉദ്യോഗസ്ഥൻ തെക്കുഭാഗത്തുനിന്ന് നസറത്തിൽ എത്തി.

ആ ഗ്രാമം മലഞ്ചെരിവിൽ സ്ഥിതിചെയ്യുന്ന ചെറുതും ചിതറിക്കിടക്കുന്നതുമായ വീടുകളുടെ ഒരു കൂട്ടമായിരുന്നു. ചുറ്റും തോട്ടങ്ങളും ഈന്തപ്പനത്തോപ്പുകളും ഉണ്ടായിരുന്നു. ഗ്രാമത്തിലെ ഏകവീഥി, ആടുമാടുകളുടെ കൂട്ടങ്ങൾ നിരന്തരം സഞ്ചരിച്ചതിനാൽ നന്നായി ചവിട്ടിയൊതുക്കപ്പെട്ട ഒരു ഇടവഴിയേക്കാൾ അല്പം മാത്രമേ വലുപ്പമുണ്ടായിന്നുള്ളൂ.

ഗ്രാമത്തിലേക്ക് കുതിരപ്പട കടന്നുവരുമ്പോൾ കാഹളം മുഴങ്ങി. അപ്രതീക്ഷിതമായി എത്തിയ ആ സന്ദർശകരെ കാണാൻ ഗ്രാമവാസികൾ വീടുകളിൽനിന്ന് പുറത്തേക്കിറങ്ങി.

കുതിരപ്പടയുടെ കാവലിൽ നിന്നിരുന്ന തടവുകാരനെ കണ്ടപ്പോൾ അവർ ഭയഭീതരായി. അയാൾ അർദ്ധ നഗ്നനായിരുന്നു. കൈകൾ മുന്നിൽ കെട്ടിയ നിലയിൽ. അവന്റെ കൈമുട്ടുകളിൽ കെട്ടിയിരുന്ന തുകൽവാർ ഒരു കുതിരയുടെ കഴുത്തിൽ ബന്ധിച്ചിരുന്നു. ക്ഷീണതനായി കാണപ്പെട്ട അയാൾ ഇടറിവീണും തെന്നിത്തടഞ്ഞും നടന്നു. കുതിരകൾ ഉയർത്തിയ മഞ്ഞനിറമുള്ള പൊടിയിൽ അവന്റെ ശരീരം മുഴുവൻ മൂടപ്പെട്ടിരുന്നു.

റോമാക്കാർ ഗ്രാമത്തിലെ കിണറിനരികിലെത്തി. അവർ കുതിരപ്പുറത്തുനിന്നും ഇറങ്ങി. തടവുകാരൻ മയക്കത്തിലായതുപോലെ പൊടിയിലേക്കു വീണു.

ഗ്രാമവാസികൾ അടുത്തുചെന്നപ്പോൾ, അവൻ ഒരു കൗമാരക്കാരനെക്കാൾ അല്പം മാത്രം പ്രായമേറിയവനാണെന്ന് അവർ മനസ്സിലായി.

റോമൻ സൈനികർ വെള്ളം നിറച്ച പാത്രങ്ങൾ കൈമാറിക്കൊണ്ടിരിക്കുമ്പോൾ, ഒരു മനുഷ്യൻ ഗ്രാമവീഥിയിലൂടെ നടന്നുവന്നു. പ്രായമായതിനാൽ അദ്ദേഹം വളരെ പതുക്കെയായിരുന്നു നടന്നിരുന്നത്. അദ്ദേഹത്തിന്റെ കൈയിൽ പണിയായുധങ്ങൾ ഉണ്ടായിരുന്നു.ഒരു കോടാലി, മരപ്പണി കത്തി. എല്ലാം ഭാരമുള്ളതുമായിരുന്നു. അദ്ദേഹത്തിന്റെ നീണ്ട വെളുത്ത താടി ചാരനിറമുള്ള മേലങ്കിയുടെ മുൻവശത്തുകൂടി ഒഴുകിയിറങ്ങിരുന്നു. വെളുത്ത നേർത്ത മുടിയിഴകൾ തലപ്പാവിന്റെ അരികിന് താഴേക്ക് വീണു കിടന്നു.

അദ്ദേഹത്തിന്റെ പിന്നിലായി ഒരു യുവാവ് നടന്നു. അവന്റെ കൈയിലും ഒരു കോടാലി ഉണ്ടായിരുന്നു. തിളങ്ങുന്ന ചെസ്റ്റ്നട്ട് നിറമുള്ള മുടി അവന്റെ മുഖത്തെ ഭാഗികമായി മറച്ചിരുന്നു.

ഇരുവരും കിണറിനു ചുറ്റും കൂടിനിന്ന ജനക്കൂട്ടത്തെ നോക്കി നിന്നു.

"ഓ, റബ്ബി ജോസഫ്!"

ഒരു സ്ത്രീ വൃദ്ധന്റെ അടുത്തേക്ക് ഓടിയെത്തി വിളിച്ചു. "ഇവിടെ ഒരു തടവുകാരനുണ്ട്. അവൻ എന്താണ് ചെയ്തതെന്നും അവനെ എന്താണ് ചെയ്യാൻ പോകുന്നതെന്നും സൈനികരോട് ചോദിക്കൂ."

റബ്ബി തടവുകാരനെ ഒന്നു നോക്കിയശേഷം ഉദ്യോഗസ്ഥന്റെ അടുത്തേക്ക് ചെന്നു.

"കർത്താവിന്റെ സമാധാനം അങ്ങയോടുകൂടെ ഇരിക്കട്ടെ,"റബ്ബി ഗൗരവത്തോടെ പറഞ്ഞു.

"ദൈവത്തിന്റെ അനുഗ്രഹം അങ്ങയോടുകൂടെ ഇരിക്കട്ടെ." ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

"അങ്ങ് ജറുസലേമിൽ നിന്നാണോ?"

"അതെ."

"അങ്ങയുടെ തടവുകാരൻ വളരെ ചെറുപ്പമാണ്. അവൻ എന്തു കുറ്റമാണ് ചെയ്തത്?"

"അവൻ ഒരു കൊലയാളിയാണ്."

ആ വാക്ക് കേട്ടവർ അതുതന്നെ ആവർത്തിച്ചു. അവർ ആ തടവുകാരനെ നോക്കി.

"ഹൂർ എന്ന പേരുള്ള ജറുസലേമിലെ ഒരു പ്രഭുവിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകാം," ഉദ്യോഗസ്ഥൻ തുടർന്നു. ' 'ഇവൻ അദ്ദേഹത്തിന്റെ മകനാണ്."

ജനക്കൂട്ടത്തിൽ നിന്ന് ഞെട്ടൽ ഉയർന്നു.

"കുറച്ച് ദിവസങ്ങൾക്കുമുമ്പ്,"ഉദ്യോഗസ്ഥൻ പറഞ്ഞു, ' 'ജറുസലേമിലെ തെരുവുകളിൽ വച്ച്, ഒരു മേൽക്കൂരക്കല്ല് എറിഞ്ഞ് പ്രഭുവായ ഗ്രാറ്റസിനെ കൊല്ലാൻ നോക്കി."

ഗ്രാമവാസികൾ മിണ്ടാതെ നിന്നു. അവർ ബെൻഹറിനെ ഒരു കാട്ടുമൃഗത്തെ നോക്കുന്നതുപോലെ തുറിച്ചുനോക്കി.

ഉദ്യോഗസ്ഥന്റെയും ഗ്രാമവാസികളുടെയും കണ്ണുകൾ എല്ലാം അവനെ പിന്തുടർന്നു.

സൈനികരും കുതിരകളും ആവശ്യത്തിന് വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ , റോമാക്കാർ യാത്ര തുടരാൻ ഒരുങ്ങി. അത്ഭുതകരമെന്നു പറയട്ടെ, ഉദ്യോഗസ്ഥൻ ഇപ്പോൾ തന്റെ തടവുകാരനോട് കുറച്ച് കരുണ കാണിച്ചു. അദ്ദേഹം തന്നെ യൂദാവിനെ പൊടിയിൽ നിന്ന് എഴുന്നേൽപ്പിച്ചു.

ഉദ്യോഗസ്ഥൻ യൂദാവിനെ പൊടിയിൽ നിന്ന് എഴുന്നേൽപ്പിച്ച് ഒരു സൈനികന്റെ പിന്നിൽ കുതിരപ്പുറത്ത് ഇരുത്താൻ സഹായിച്ചു. തുടർന്ന് റോമൻ സൈനികർ കുതിരകളെ പായിച്ചുകൊണ്ട് യാത്ര തുടർന്നു; നസറത്തിലെ ജനങ്ങൾ തങ്ങളുടെ വീടുകളിലേക്ക് മടങ്ങി.

അങ്ങനെ, യൂദാവും മറിയത്തിന്റെ പുത്രനും ആദ്യമായി കണ്ടുമുട്ടി.

## 2. തടവുകാരൻ

' 'ഇവൻ അദ്ദേഹത്തെ കൊന്നോ?"റബ്ബി ചോദിച്ചു.

"ഇല്ല.എന്നാൽ ശിക്ഷയ്ക്ക് കുറവൊന്നുമില്ല. യുദ്ധക്കപ്പലുകൾ തുഴയുന്ന അടിമയായി ഇവിടെ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടിരിക്കുന്നു."

ഭയത്തിന്റെ നെടുവീർപ്പുകൾ ഉയർന്നു. അത്തരം ശിക്ഷ ലഭിച്ചവരിൽ വളരെ ചുരുക്കം പേർ മാത്രമേ ഒരു വർഷമോ അതിലധികമോ മാത്രമേ ജീവിക്കുകയുള്ളൂ.

"കർത്താവ് അവനോടു കരുണ ചൊരിയട്ടെ." ജോസഫ് നിറകണ്ണുകളോടെ പറഞ്ഞു.

അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഇതുവരെ അദ്ദേഹത്തിന്റെ പിന്നിൽ ശ്രദ്ധിക്കപ്പെടാതെ നിന്നിരുന്ന യുവാവ് തന്റെ കോടാലി താഴെ വെച്ച് കിണറിനരികിലെ വലിയ കൽമതിലിൻ അരികിലേക്കു നടന്നു. അവിടെനിന്ന് ഒരു കുടം എടുത്തു. അതെല്ലാം നിശ്ശബ്ദമായാണ് അയാൾ ചെയ്തത്. കാവൽക്കാരൻ തടയുന്നതിനുമുമ്പ് തന്നെ അവൻ തടവുകാരന്റെ അരികിലെത്തി കുനിഞ്ഞ് അവന് കുടിക്കാൻ വെള്ളം നീട്ടിക്കൊടുത്തിരുന്നു.

തോളിൽ സാവധാനം സ്പർശിച്ചപ്പോൾ യൂദാ ഞെട്ടിയുണർന്നു. ജീവിതകാലം മുഴുവൻ മറക്കാനാവാത്ത ഒരു മുഖത്തേക്കാണ് അവൻ നോക്കിയത്. കടുംനീല കണ്ണുകൾ പ്രകാശിപ്പിച്ച മുഖം; സ്നേഹവും വിശുദ്ധമായ ലക്ഷ്യബോധവും നിറഞ്ഞ ഒരു മുഖം.

കൃതജ്ഞതയോടെ അവൻ തന്റെ ചുണ്ടുകൾ കുടത്തോടു ചേർത്ത് ആർത്തിയോടെ വെള്ളം കുടിച്ചു.

ആരും അവനോട് ഒരു വാക്കുപോലും പറഞ്ഞില്ല;

അവനും ഒന്നും പറഞ്ഞില്ല.

ദാഹം തീർന്നശേഷം, അവന്റെ തോളിൽ താങ്ങായി വച്ചിരുന്ന കൈ അവന്റെ തലയിൽ സാവധാനം സ്പർശിച്ചു. പൊടിപിടിച്ചിരുന്ന മുടിയിൽ ആ കൈ ഒരു അനുഗ്രഹം പോലെ ചലിച്ചികൊണ്ടിരുന്നു.

അതിനുശേഷം ആ അപരിചിതൻ കുടം അതിന്റെ സ്ഥാനത്ത് തിരിച്ചുവെച്ചു റബ്ബി ജോസഫിന്റെ അടുത്തേക്ക് നടന്നു.

ഉദ്യോഗസ്ഥന്റെയും ഗ്രാമവാസികളുടെയും കണ്ണുകൾ എല്ലാം അവനെ പിന്തുടർന്നു.

സൈനികരും കുതിരകളും ആവശ്യത്തിന് വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ, റോമാക്കാർ യാത്ര തുടരാൻ ഒരുങ്ങി. അത്ഭുതകരമെന്നു പറയട്ടെ, ഉദ്യോഗസ്ഥൻ ഇപ്പോൾ തന്റെ തടവുകാരനോട് കുറച്ച് കരുണ കാണിച്ചു. അദ്ദേഹം തന്നെ യൂദാവിനെ പൊടിയിൽ നിന്ന് എഴുന്നേൽപ്പിച്ചു.

ഉദ്യോഗസ്ഥൻ യൂദാവിനെ പൊടിയിൽ നിന്ന് എഴുന്നേൽപ്പിച്ച് ഒരു സൈനികന്റെ പിന്നിൽ കുതിരപ്പുറത്ത് ഇരുത്താൻ സഹായിച്ചു. തുടർന്ന് റോമൻ സൈനികർ കുതിരകളെ പായിച്ചുകൊണ്ട് യാത്ര തുടർന്നു; നസറത്തിലെ ജനങ്ങൾ തങ്ങളുടെ വീടുകളിലേക്ക് മടങ്ങി.

അങ്ങനെ, യൂദാവും മറിയത്തിന്റെ പുത്രനും ആദ്യമായി കണ്ടുമുട്ടി.

## നൂറു വർഷം മുമ്പ്

**സെപ്റ്റംബർ 04**

കുന്നംകുളത്തെ വള്ളത്തോൾ അച്ചുകൂടത്തിൽ നിന്നും 'കഥാമാലിക' എന്ന പുസ്തകം പ്രസിദ്ധീകരിച്ചുതുടങ്ങി.

**സെപ്റ്റംബർ 07**

തൃശ്ശിവപേരൂർ വടക്കുനാഥ ക്ഷേത്രത്തിലെ ചിത്രലേഖയുടെ കർത്താവായ ജി.കൃഷ്ണവാരിയരെ ക്ഷേത്രത്തിലെ ശ്രീരാമന്റെ ചുറ്റമ്പലവും ചോറ്റാനിക്കര ക്ഷേത്രവും ഭഗവത്‌ലീലകളെ കൊണ്ട് അലങ്കരിക്കുവാൻ കൊച്ചി രാജാവ് ചുമതലപ്പെടുത്തി.

ശ്രീനാരായണഗുരുവിന്റെ പ്രസിദ്ധ നായർ ശിഷ്യനായ സത്യവ്രതസ്വാമി അന്തരിച്ചു.

**സെപ്റ്റംബർ 12**

തരവത്ത് അമ്മാളു അമ്മയുടെ നേതൃത്വത്തിൽ കുലപതി വി.പരമേശ്വരയ്യരുടെ അദ്ധ്യക്ഷതയിൽ പാലക്കാട് ചേർന്ന യോഗം 19267 സെപ്റ്റംബർ 19ന് വടക്കന്തറ ഹയർ എലിമെന്ററി സ്കൂളിൽ ഒരു സംഗീത വിദ്യാലയം ആരംഭിക്കാൻ തീരുമാനിച്ചു.

**സെപ്റ്റംബർ 21**

തൃക്കരിയൂരിലെ നായന്മാരുടെയും ബ്രാഹ്മണരുടെയും പരിശ്രമത്താൽ അവിടുത്തെ ക്ഷേത്രത്തിനു ചുറ്റുമുള്ള വഴികളിൽകൂടി അധഃകൃതർക്ക് സഞ്ചരിക്കാൻ അനുവാദം ലഭിച്ചു.

**സെപ്റ്റംബർ 26**

മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിക്കുന്ന പണ്ഡിതന്മാരുടെ ശമ്പളം 50 രൂപ മുതൽ 120 രൂപവരെയാക്കി വർദ്ധിപ്പിക്കുവാൻ തിരുവിതാംകൂർ സർക്കാർ തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു.

നാടോടിക്കഥകളിലൂടെ / കാശ്മീരിക്കഥ

# രാജാവും സംസാരിക്കുന്ന മീനും

**എസ്.ജി**

പണ്ടൊരിക്കൽ, മഞ്ഞുമൂടിയ മലനിരകൾക്കിടയിൽ മനോഹരമായ ഒരു രാജ്യം ഉണ്ടായിരുന്നു. ആ രാജ്യത്തിന്റെ തലസ്ഥാനത്തിന് അടുത്തുകൂടി ഒരു തെളിഞ്ഞ നദി ഒഴുകിയിരുന്നു.

വേനൽക്കാലത്ത് മലകളിലെ മഞ്ഞുരുകുമ്പോൾ നദി നിറഞ്ഞൊഴുകും. ശൈത്യകാലത്ത് അതിന്റെ കരകൾ മുഴുവൻ മഞ്ഞിന്റെ വെള്ളപ്പുതപ്പണിഞ്ഞു കിടക്കും.

ആ രാജ്യത്തെ രാജാവിന് ധാരാളം സമ്പത്തും സൈന്യവും കൊട്ടാരങ്ങളും ഉണ്ടായിരുന്നു. എങ്കിലും, ഒരു കാര്യത്തിൽ അദ്ദേഹം അസന്തുഷ്ടനായിരുന്നു. അത് അദ്ദേഹത്തെ നിരന്തരം വേദനപ്പെടുത്തി.

തന്നോട് സംസാരിക്കുന്നവർ എല്ലാവരും സത്യം തന്നെയാണോ പറയുന്നതെന്ന കാര്യത്തിൽ രാജാവിന് സംശയം ഉണ്ടായിരുന്നു. മുഖസ്തുതിയോടെയാണ് അവർ സംസാരിച്ചിരുന്നത്.

സത്യം പറയുന്ന ഒരാളെ കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല.

രാജാവിന് എന്ത് ചോദിച്ചാലും അദ്ദേഹത്തെ സന്തോഷിപ്പിക്കുന്ന മറുപടിയേ എല്ലാവർക്കും പറയാറുണ്ടായിരുന്നുള്ളൂ. മന്ത്രിമാർ പോലും അങ്ങനെയാണ് സംസാരിച്ചിരുന്നത്.

"രാജാവേ, അങ്ങയുടെ തീരുമാനമാണ് ഏറ്റവും നല്ലത്."

"രാജാവേ, അങ്ങയുടെ രാജ്യത്ത് ഒരു പ്രശ്നവുമില്ല."

"രാജാവേ, ജനങ്ങൾ എല്ലാവരും സന്തുഷ്ടരാണ്."

"രാജാവേ എല്ലാവരും അങ്ങയെ പ്രാണനു തുല്യം സ്നേഹിക്കുന്നു."

ഇങ്ങനെയൊക്കെയാണ് എല്ലോഴും കേൾക്കുന്നത്.

കേൾക്കുന്ന മാത്രയിൽ രാജാവിന് സന്തോഷം തോന്നുമെങ്കിലും പിന്നീടതിനെക്കുറിച്ച് ഓർക്കുമ്പോൾ അവർ പറഞ്ഞതത്രയും സത്യമായിരുന്നുവോ എന്നു തോന്നും.

എല്ലാവരും തന്നെ സന്തോഷിപ്പിക്കാൻ വേണ്ടി മാത്രം സംസാരിക്കുന്നുവെങ്കിൽ, രാജ്യത്തിന്റെ യഥാർത്ഥ അവസ്ഥ എങ്ങനെ അറിയും?

ഒരു ദിവസം രാജാവ് വേഷം മാറി സാധാരണക്കാരനെപ്പോലെ നഗരത്തിലൂടെ നടന്നു.

അദ്ദേഹം വിപണിയിലെത്തി. അവിടെ ഒരു വയോധികൻ നദിക്കരയിൽ നിന്നു വല വീശുകയായിരുന്നു.

"ഇന്ന് മീൻ കിട്ടിയോ?"

വൃദ്ധൻ ചിരിച്ചു.

"മീൻ കിട്ടിയില്ലെങ്കിൽ കുട്ടികൾക്ക് ഇന്ന് അത്താഴമുണ്ടാകില്ല."

രാജാവ് ചോദിച്ചു:

"നിങ്ങളുടെ രാജാവ് നല്ലവനാണോ?"

വൃദ്ധൻ ഇടയ്ക്കിടെ അയാളെ നോക്കി. ഒന്നും മിണ്ടാതെ കുറച്ചുനേരം നിന്നു. പിന്നെ പറഞ്ഞു.

"രാജാവിനെക്കുറിച്ച് എന്തിനാണ് സംസാരിക്കുന്നത്? രാജാവ് ദൂരെയുള്ള കൊട്ടാരത്തിലാണ്. ഞങ്ങൾ നദിക്കരയിലാണ്."

രാജാവ് വീണ്ടും ചോദിച്ചു:

"എങ്കിലും പറയൂ. രാജാവ് ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നുണ്ടോ?"

വൃദ്ധൻ തലകുനിച്ചു.

"രാജാവ് നല്ലവനാകാം. പക്ഷേ രാജാവിന്റെ ചുറ്റുമുള്ളവർ നല്ലവരാണെന്ന് പറയാൻ പറ്റില്ല."

വൃദ്ധന്റെ വാക്കുകൾ രാജാവിന്റെ മനസ്സിൽ ഉടക്കി.

അദ്ദേഹം വൃദ്ധനോട് യാത്ര പറഞ്ഞു.

അടുത്ത ദിവസം രാജാവ് വീണ്ടും മറ്റൊരു വേഷത്തിൽ നദിക്കരയിലെത്തി.

വൃദ്ധൻ അന്നും വല വീശുകയായിരുന്നു.

രാജാവ് ചോദിച്ചു:

"ഇന്നെങ്കിലും മീൻ കിട്ടുമോ?"

"ദൈവം കരുണ ചെയ്താൽ കിട്ടും".

അൽപ്പസമയം കഴിഞ്ഞപ്പോൾ വൃദ്ധന്റെ വലയിൽ ഒരു വലിയ മീൻ കുടുങ്ങി.

അത് സാധാരണ മീനായിരുന്നില്ല.

വെള്ളി നിറമുള്ള ശരീരവും അസാധാരണമായ തിളങ്ങുന്ന കണ്ണുകളുമുള്ള ഒരു വലിയ മീൻ.

വൃദ്ധൻ അതിനെ വലിച്ച് കരയിലിട്ടു.

അപ്പോൾ അദ്ഭുതകരമായ ഒരു സംഭവം നടന്നു.

മീൻ മനുഷ്യന്റെ ശബ്ദത്തിൽ പറഞ്ഞു:

"എന്നെ കൊല്ലരുത്."

വൃദ്ധൻ ഭയന്ന് പിന്നോട്ടു മാറി. ഒരു കല്ലിൽ തട്ടി അയാൾ പിന്നോട്ടു മറിഞ്ഞു. കൈകുത്തിയതിനാൽ തല തറയിൽ അടിച്ചില്ല.

മീൻ സംസാരിക്കുന്നു.

"എന്നെ നദിയിലേക്ക് തിരികെ വിടൂ. നിനക്ക് ആവശ്യമായതെന്തും ഞാൻ തരാം."

അവസരം നഷ്ടപ്പെടുത്താൻ വൃദ്ധൻ തയ്യാറായിരുന്നില്ല.

"എനിക്ക് സ്വർണം വേണ്ടാ. വലിയ വീട് വേണ്ടാ. എന്റെ കുട്ടികൾക്ക് ദിവസവും ഭക്ഷണം കിട്ടിയാൽ മതി."

മീൻ പറഞ്ഞു:

"അങ്ങനെയെങ്കിൽ നാളെ മുതൽ നിന്റെ വല ഒരിക്കലും ഒഴിഞ്ഞതായിരിക്കില്ല."

വൃദ്ധൻ വല ഉയർത്തി. അതിന്റെ ഒരു ഭാഗം മറുകൊണ്ട് പൊക്കിപ്പിടിച്ചു. മീന് നദിയിലേക്ക് എടുത്തുചാടി. സന്തോഷം കൊണ്ട് പൊങ്ങിയും താണും കുറെനേരം നീന്തിതുടിച്ചു. പിന്നീടത് അപ്രത്യക്ഷമായി.

അടുത്ത ദിവസം വൃദ്ധൻ വല വീശി. വല വലിച്ചപ്പോൾ അധികം ഭാരം തോന്നി. അതിൽ ധാരാളം മീനുകൾ ഉണ്ടായിരുന്നു.

വൃദ്ധന് സന്തോഷമായി. ഓരോ ദിവസവും ഇതാവർത്തിച്ചുകൊണ്ടിരുന്നു.

ദിവസങ്ങൾ കടന്നുപോയി.

മീൻ മറുപടി പറഞ്ഞു:

"അല്ലയോ രാജാവേ, മനുഷ്യർ സംസാരിക്കും. പക്ഷേ സത്യം പറയുന്നവർ കുറവാണെന്നുമാത്രം. അതുകൊണ്ടാണ് ഒരു മീൻ സംസാരിക്കുന്നത് വലിയ അത്ഭുതമായി തോന്നുന്നത്."

രാജാവ് ചിരിച്ചു.

"എനിക്ക് സ്വർണം വേണ്ട. എനിക്ക് ഒരു വരം മാത്രം മതി"

"ചോദിച്ചോളൂ..."

"ഭയം കൊണ്ട് കള്ളം പറയേണ്ടിവരാത്ത ഒരു ദിവസം എനിക്ക് വേണം"

മീൻ കുറച്ചുനേരം മിണ്ടാതെ നിന്നു.

പിന്നെ പറഞ്ഞു:

"അങ്ങനെയെങ്കിൽ ആദ്യം നിങ്ങളുടെ കൊട്ടാരത്തിൽ നിന്നുതന്നെ സത്യം ആരംഭിക്കണം."

മിക്കവാറും ദിവസങ്ങളിൽ സംസാരിക്കുന്ന മീൻ വൃദ്ധനെ കാണുമായിരുന്നു. അതിന്റെ നിർദ്ദേശപ്രകാരമാണ് വൃദ്ധ വല വീശിയിരുന്നത്.

വൃദ്ധന്റെ കുടുംബത്തിന് പട്ടിണിയില്ലെന്നു മാത്രമല്ല; എപ്പോഴും സന്തോഷവുമാണ്. ഒന്നിനും കുറവില്ല.

വീശുന്ന വലയിലാകെ മത്സ്യങ്ങൾ.

എന്താണ് ഇതിന്റെ രഹസ്യം.

"ഇത്രയും മീൻ നിനക്കുമാത്രം എങ്ങനെ കിട്ടുന്നു?". തൊട്ടയൽവക്കത്തുള്ള മറ്റൊരു മുക്കുവൻ ചോദിച്ചു.

വൃദ്ധൻ ഒന്നും വെളിപ്പെടുത്തിയില്ല.

രഹസ്യം കണ്ടെത്താൻ അയാൾ തീരുമാനിച്ചു.

ഒരു ദിവസം അയാൾ വൃദ്ധനെ പിന്തുടർന്നു. അയാൾ വൃദ്ധൻ കാണാതെ മറഞ്ഞുനിന്നു.

അങ്ങനെയാണ് അയാൾ സംസാരിക്കുന്ന മീനെ കണ്ടത്. വൃദ്ധൻ വല വീശി ആവശ്യമായ മീനുമായി പോയി.

അയൽക്കാരനായെ മുക്കുവൻ നദിക്കരയിൽ എത്തി. അല്പ സമയം കഴിഞ്ഞപ്പോൾ ആ മീൻ പൊന്തുവന്നു.

അയാൾ മീനെ പിടിക്കാൻ ശ്രമിച്ചു.

മീൻ അവനോട് പറഞ്ഞു:

"നിനക്ക് എന്താണ് വേണ്ടത്?"

അയാൾ പറഞ്ഞു:

"എനിക്ക് സ്വർണം വേണം."

മീൻ ചോദിച്ചു:

"എത്ര അളവാണ് വേണ്ടത്?"

ഒരു വലിയ കൊട്ടാരം പണിയാൻ മതിയാകുന്നത്ര വേണം.

മീൻ പറഞ്ഞു:

"നിനക്ക് അത്രയും ലഭിക്കും. പക്ഷേ ഓർക്കണം ആവശ്യം അവസാനിക്കുന്നിടത്ത് ആഗ്രഹം തുടങ്ങുന്നു."

അയാൾ അതൊന്നും ശ്രദ്ധിച്ചില്ല.

അയാൾ സമ്പന്നനായി.

പിന്നെ കൂടുതൽ സമ്പത്ത് വേണമെന്ന് തോന്നി.

രാജാവിനെക്കാൾ സമ്പന്നനാകണമെന്ന് ആഗ്രഹിച്ചു.

തന്റെ രാജ്യത്തെ ഒരു മുക്കുവൻ വലിയ കൊട്ടാരം നിർമ്മിച്ചിരിക്കുന്നു. വാർത്ത രാജാവിന്റെ ചെവിയിലെത്തി.

രാജാവ് അയാളെ കൊട്ടാരത്തിലേക്ക് വിളിച്ചു.

"നിനക്ക് ഇത്രയും സമ്പത്ത് എവിടെ നിന്നാണ് കിട്ടിയത്?"

കളവ് പറഞ്ഞാലുള്ള ശിക്ഷ ഭയപ്പെട്ട് അയാൾ സത്യം പറഞ്ഞു.

സംസാരിക്കുന്ന മീന്റെ കഥ രാജാവ് അറിഞ്ഞു.

രാജാവിന് അതിശയം.

രാജാവ് നദിക്കരയിലെത്തി.

അവിടെ അതേ മീൻ പ്രത്യക്ഷപ്പെട്ടു.

രാജാവ് ചോദിച്ചു:

"നീ ശരിക്കും സംസാരിക്കുമോ?"

മീൻ മറുപടി പറഞ്ഞു:

"അല്ലയോ രാജാവേ, മനുഷ്യർ സംസാരിക്കും. പക്ഷേ സത്യം പറയുന്നവർ കുറവാണെന്നുമാത്രം. അതുകൊണ്ടാണ് ഒരു മീൻ സംസാരിക്കുന്നത് വലിയ അത്ഭുതമായി തോന്നുന്നത്."

രാജാവ് ചിരിച്ചു.

"എനിക്ക് സ്വർണം വേണ്ട. എനിക്ക് ഒരു വരം മാത്രം മതി"

"ചോദിച്ചോളൂ..."

"ഭയം കൊണ്ട് കള്ളം പറയേണ്ടിവരാത്ത ഒരു ദിവസം എനിക്ക് വേണം"

മീൻ കുറച്ചുനേരം മിണ്ടാതെ നിന്നു.

പിന്നെ പറഞ്ഞു:

"അങ്ങനെയെങ്കിൽ ആദ്യം നിങ്ങളുടെ കൊട്ടാരത്തിൽ നിന്നുതന്നെ സത്യം ആരംഭിക്കണം."

രാജാവ് കൊട്ടാരത്തിലെത്തി.

പിറ്റേദിവസം എല്ലാ മന്ത്രിമാരെയും വിളിച്ചുവരുത്തി.

രാജാവ് പറഞ്ഞു. "എന്നെ സന്തോഷിപ്പിക്കുന്ന വാക്കുകൾ ഇനി വേണ്ടാ. എനിക്ക് കേൾക്കാൻ ഇഷ്ടമില്ലാത്ത സത്യം പറയുന്നവനാണ് എന്റെ യഥാർത്ഥ രാജ്യസ്നേഹി."

അന്ന് ആദ്യമായി വയോധികനായി മന്ത്രിസ്ഥാനത്തിനു തുല്യനായ ഒരാൾ എഴുന്നേറ്റു.

"രാജാവേ, രാജ്യത്തിന്റെ വടക്കൻ ഗ്രാമങ്ങളിൽ ജനങ്ങൾക്ക് നികുതി വളരെ കൂടുതലാണ്."

മറ്റൊരാൾ പറഞ്ഞു:

"തെക്കൻ പ്രദേശത്തെ റോഡുകളാകെ തകർന്നിരിക്കുന്നു."

വേറൊരാൾ പറഞ്ഞു:

## പുസ്തകവിചാരം

ഡോ.പഴകുളം സുഭാഷ്



## അകപ്പെട്ടുപോകുന്നവർ

(കഥ)
**വിശ്വൻ പടനിലം**





പ്രസാധകർ :
പെണ്ണില്ലം എഴുത്തിടം
വില: 150രൂപ

## ധ്വനിസാന്ദ്രവും ഭാവതീവ്രവുമായ കഥകൾ

മനുഷ്യൻ ഉണ്ടായ കാലം മുതൽ കഥയുണ്ടായി. പറഞ്ഞും കേട്ടും വാമൊഴിയായി പകർന്നു പ്രചരിച്ച് ലിപിരൂപം പ്രാപിച്ച വികാസപരിണാമത്തോടെ കഥ ജീവിതമായി, ജീവിതം കഥയായി. മനുഷ്യജീവിതത്തിലെ സമഗ്രതയോ അഖണ്ഡതയോ ചെറുകഥ അവകാശപ്പെടുന്നില്ല. ഉൾക്കൊള്ളുന്നതും ജനിപ്പിക്കുന്നതുമായ അനുഭവത്തിന്റെ ഏകത്വമാണ് ചെറുകഥയെ വ്യത്യസ്തമാക്കുന്നതെന്നും,നോവലിനുണ്ടാകാനിടയില്ലാത്ത ഒരു ഐക്യം ചെറുകഥയ്ക്ക് ഉണ്ടെന്നും എം അച്യുതൻ അദ്ദേഹത്തിന്റെ 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

'ബ്റുഹതാകാശത്തെ പുൽക്കൊടിത്തുമ്പിലെ തുഷാരബിന്ദുവിൽ ആവഹിച്ചുകൊള്ളിക്കുന്ന മാസ്മരിക വിദ്യയാവണം ചെറുകഥാകാരന്റേത്.അയാൾക്കതിന് പലതരം കൈയ്യടക്കങ്ങൾ വേണം. വിഷയ സ്വീകരണത്തിലും ഭാഷയുടെ കാര്യത്തിലും കാഴ്ചയുടെ സൂക്ഷ്മതയുമെല്ലാം സ്വന്തമെന്നറിയിക്കുന്ന സവിശേഷതകൾ ഉണ്ടായിരിക്കണം.'

എന്ന വിഖ്യാത ചലച്ചിത്രകാരൻ ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ പറഞ്ഞിരിക്കുന്ന വാക്കുകളാണ്

വിശ്വൻ പടനിലത്തിന്റെ 'അകപ്പെട്ട പോകുന്നവർ' എന്ന സമാഹാരത്തിലൂടെ കടന്നുപോകുമ്പോൾ മനസ്സിലേക്ക് എത്തുന്നത്.

ജീവിതത്തിന്റെ അകവും പുറവും കഥയ്ക്ക് അനിവാര്യമായ അസംസ്കൃതവസ്തുക്കളാണെന്ന് മനസ്സിലാക്കി കൊണ്ട് കൈയ്യടക്കത്തോടെ കഥ പറയുന്നു വിശ്വൻ പടനിലം.

നിരവധി കഥകൾ എഴുതിയതിന്റെ തഴക്കവും കൈയടക്കവും അദ്ദേഹത്തിന്റെ കഥകളെ കൂടുതൽ ഹൃദ്യമാക്കുന്നു. സമകാലിക സാഹചര്യങ്ങളെയും,നമ്മുടെ ചുറ്റിലുമുള്ള ജീവിത യാഥാർത്ഥ്യങ്ങളെയും സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാക്കുന്നു കഥാകാരൻ.

അത് ദുർഗ്രഹതയും ദുരൂഹതയുമില്ലാതെ ലളിതമായ ഭാഷയിൽ, എന്നാൽ ധ്വന്യാത്മകമായി ആവിഷ്കരിക്കുന്നു. പ്രമേയത്തിന് അനുസൃതമായ ബിംബകല്പനകളിലൂടെയും അതിനാവശ്യമായ അന്തരീക്ഷ സൃഷ്ടിയിലൂടെയും കഥയുടെ ആന്തരാർത്ഥം അനുവാചക മനസ്സിലേക്ക് സംക്രമിപ്പിക്കുവാൻ വിശ്വന് കഴിഞ്ഞിട്ടുണ്ട്. എഴുത്തുകാരന്റെ മനസ്സിൽ മാത്രമല്ല വായനക്കാരുടെ മനസ്സിലും കഥ നടക്കുന്നു. സർഗാത്മകതയുടെ സക്രിയമായ ഒരു പാരസ്പര്യം കഥാകാരനെയും ആസ്വാദകനെയും കൂട്ടിയിണക്കുന്നു. മികച്ച ഒരു കഥാകാരന് മാത്രമേ ഇത്തരമൊരു അനുഭവലോകം സൃഷ്ടിക്കാനാവൂ.

ദുരന്തങ്ങൾ ഉണ്ടാകുമ്പോഴാണ് അത് വാർത്തകളാവുക, സമരങ്ങൾ അക്രമാസക്തമാകുമ്പോഴും. ലാത്തിച്ചാർജ്ജ്, ജലപീരങ്കി പ്രയോഗമൊക്കെ ഉണ്ടാകുമ്പോൾ സമരം വാർത്തയാകും. പോലീസ് വെടിവെപ്പിലൊ അധികൃതരുടെ അനാസ്ഥ കൊണ്ടോ പൊതുജനം മരണമടയുമ്പോൾ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന സ്റ്റോറിയായി മാധ്യമപ്രവർത്തകർ വാർത്തയുണ്ടാക്കുന്നു. അതുകൊണ്ടുതന്നെ അവരാണ് അജണ്ട തീരുമാനിക്കുന്നത്.

പിന്നെ ചാനലുകൾ തമ്മിൽ, പത്രക്കാർ തമ്മിൽ മത്സരമാണ്, റേറ്റിംഗ് ഉയർത്താൻ. സെൻസേഷണൽ അല്ലാത്ത ഒന്നും അവർക്ക് വാർത്തയല്ല, അഥവാ വാർത്തയായാൽത്തന്നെ അപ്രധാനമായ ഒന്നോരണ്ടോ വാചകത്തിൽ ഒതുങ്ങും. മാധ്യമരംഗത്തെ അനഭിലഷണീയമായ, അനാരോഗ്യകരമായ ഈ പ്രവണത തുറന്നുകാട്ടുകയാണ് ഈ സമാഹാരത്തിലെ 'ആത്മഹത്യ ചെയ്യുന്നവർക്ക് മാത്രമല്ല അവകാശങ്ങൾ ഉള്ളത്' എന്ന കഥ.

'അസാധാരണമായതാണല്ലോ വാർത്ത, അതാണല്ലോ ഞങ്ങൾക്ക് വേണ്ടത്' എന്ന് മാധ്യമപ്രവർത്തകൻ പറയുമ്പോൾ ജീവൽപ്രശ്നങ്ങളോട് പോരടിക്കുന്നവരുടെ പ്രതിസന്ധികളല്ല അവർക്ക് വാർത്തയാകുന്നത്, അതുമൂലം ആത്മഹത്യ ചെയ്യുമ്പോൾ മാത്രമാണ്.

എന്നാൽ കഥയിലെ നായകൻ ആത്മഹത്യ ചെയ്യുന്നവർക്ക് മാത്രമല്ല പോരാടാൻ വരുന്നവർക്കും ഇവിടെ അവകാശമുണ്ട് എന്ന പക്ഷക്കാരനാണ്.

അതനുസരിച്ചു വികാസം പ്രാപിക്കുന്ന നല്ലൊരു കഥയാണത്.

തന്റെ മാത്രം കുഴലിലൂടെ ലോകം കാണുന്ന ഒരാൾ പുറത്തെ പ്രതിസന്ധികളിൽ നിന്നെല്ലാം തന്റെ ലോകം വേർതിരിച്ച് എല്ലാ പ്രതിരോധങ്ങളിൽ നിന്നും ഒളിച്ചിരിക്കുന്നവരുടെ വിധി എന്തെന്ന് കാട്ടിത്തരുന്ന കഥയാണ് 'അകപ്പെട്ടുപോകുന്ന പക്ഷികൾ.'

'ശർക്കര മിഠായിയുടെ ഓർമകളുമായി ഒരാൾ'

എന്ന കഥ ഈ സമാഹാരത്തിലെ ഏറ്റവും മനോഹരമായ കഥകളിൽ ഒന്നാണ്. കാരൂരിന്റെ 'പൂവൻപഴ'ത്തിൽ രതി എന്ന വികാരം നമുക്ക് അനുഭവപ്പെടുത്തിത്തരുന്നത് എങ്ങനെയോ അതിനു സമാനമായ ധ്വനിസാന്ദ്രതയോടെ രതിയും സ്നേഹവും പ്രതികാരവുമൊക്കെ ആവിഷ്കരിക്കാൻ ഇക്കഥയിൽ വിശ്വൻ പടനിലത്തിന് കഴിഞ്ഞിട്ടുണ്ട്. ചെത്തുകാരൻ കുഞ്ഞിരാമൻ തെങ്ങിറങ്ങിപ്പോ കുമ്പോൾ അയാൾക്ക് കുടിക്കാൻ വെള്ളം കൊടുത്ത മൊന്തയും കൈയ്യിൽ പിടിച്ച് അയാളുടെ പോക്കുനോക്കി ആരോടെന്നില്ലാതെ അമ്മ പറയുന്ന വാക്കുകൾ,

'ഇരട്ടച്ചങ്കുള്ളവനാ'

ആ ഒറ്റ പരാമർശം മതി വളർന്നു വലുതായ ചെറുപ്പക്കാരന് തനിക്ക് തന്റെ അമ്മയെ നഷ്ടപ്പെട്ട കഥ മനസ്സിലാക്കാൻ. അമ്മ അവസാനം നൽകിയ പഞ്ചാരയുമ്മ അവൻ കവിളിൽ തൊട്ടുനോക്കി നെഞ്ചിൽ തൊട്ടടുത്തു, ചോദ്യവും ഉത്തരവും തേറുകൊണ്ട് അറുത്തെറിഞ്ഞ തെങ്ങിൻപൂക്കുല പോലെ നിലത്തുവീണുചിതറി എന്നീ വാചകങ്ങളിലൂടെ കഥ അനുഭവിപ്പിക്കാൻ കഴിയുന്ന ഒരു മായാജാലക്കാരനെയാണ് നമുക്കവിടെ കാണാൻ കഴിയുന്നത്.

ലഹരിയിൽ മയങ്ങി ഉന്മാദം കണ്ടെത്തുന്ന യുവ തലമുറയുടെ കഥ പറയുകയാണ് 'ഭൂമിയിൽ തീ മഴ പെയ്യുന്ന ഇടങ്ങൾ'. ലഹരി നുകർന്ന് ആകാശത്തിലേക്ക് പൊങ്ങി പോകുന്നവർക്ക് അമ്മയും പെങ്ങളുമില്ല: അതിർവരമ്പുകളില്ലാത്ത അപഥ സഞ്ചാരം മാത്രം.

ഉൾക്കിടിലെത്തോടെയല്ലാതെ വായിച്ചു പോകാനാവാത്ത ഒരു കഥയാണിത്, സമകാലം തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു കഥയും.

പണം കൊടുത്താൽ കിട്ടാത്തതായി ഒന്നുമില്ലെന്ന് കരുതുന്ന ടെക്നോക്രാറ്റുകൾ ആധിപത്യം പുലർത്തുന്ന ലോകത്തിൽ കുട്ടികളെപ്പോലും വാങ്ങുന്നതാണ് ലാഭം എന്ന് കരുതുന്ന സാമ്പത്തിക ശാസ്ത്രം കൈകാര്യം ചെയ്യുന്നവർ. സൃഷ്ടിച്ച് പരിചരിച്ച് പരിപാലിച്ചു വളർത്തിയെടുക്കുന്ന ചിലവുകൾ താരതമ്യപ്പെടുത്തിയാൽ വിൽപ്പനക്ക് വച്ചിരിക്കുന്ന കടയിൽ നിന്നൊരു കുട്ടിയെ വാങ്ങുന്നതാണ് ലാഭമെന്ന് സമർത്ഥിക്കുന്ന ശാശ്ത്ര വിശാരതന്മാരുടെ കാഴ്ചപ്പാടാണ്

'ടെക്സാസിലെ കടയിൽ വാങ്ങാൻ കിട്ടുന്നത്' എന്ന കഥയിൽ പറയുന്നത്. അടുത്ത തലമുറയെ പോലും വില കൊടുത്തു വാങ്ങാം എന്ന് ധരിച്ചു നിൽക്കുന്നവരാണ് അല്ലെങ്കിൽ അതാണ് ലാഭം എന്ന് കണ്ടെത്തുന്നവരാണ് ഇക്കഥയിൽ വരുന്നത്. എന്തിനെയും ഏതിനെയും ലാഭനഷ്ടത്തിന്റെ കൂട്ടിയിണക്കിലൂടെ മാത്രം വീക്ഷിക്കുന്ന പുതിയ തലമുറയുടെ ലാഘവാത്തെ ഈ കഥ വരച്ചുകാട്ടുന്നു.

ഇപ്രകാരം സമകാലത്തിലെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നിസ്സംഗതയെയും ആകുലതയെയുമെല്ലാം ആവിഷ്കരിക്കുന്ന കഥകളാണ് വിശ്വൻ പടനിലത്തിന്റേത്.


വായനയുടെ നേർക്ക് മുഖം തിരിക്കുന്ന ഈ ഇൻറർനെറ്റ് യുഗത്തിലും വായിക്കുന്ന,വായിപ്പിക്കുന്ന കഥകളാണവ.

പൊതുപ്രവർത്തകൻ, അധ്യാപകൻ, ജനപ്രതിനിധി, നടൻ, എഴുത്തുകാരൻ എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചതിന്റെ കൈയടക്കവും കരവിരുതും അനുഭവങ്ങളും ഈ കഥകളിലൊക്കെ കാണാം. നേരിന്റെ ചൂടും ചൂരുമുള്ള സാധാരണക്കാരന്റെ സംവേദനശേഷിയെ വെല്ലുവിളിക്കാത്ത കഥകൾ.

കാലത്തെ അടയാളപ്പെടുത്തുന്ന, പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന കഥകൾ. പ്രതിബദ്ധതയും പ്രതികരണശേഷിയുമുള്ള ഒരു സാംസ്കാരിക പ്രവർത്തകനാണ് താനെന്ന് വിശ്വൻ പടനിലം ഈ കഥകളിലൂടെയും തെളിയിച്ചിരിക്കുന്നു. സാഹിത്യത്തിലെ വിവിധമേഖലകളിൽ കൈ വച്ചിട്ടുണ്ടെങ്കിലും അദ്ദേഹം കൂടുതൽ അറിയപ്പെടുന്നത് കഥാകൃത്ത് എന്ന നിലയിലാണ്.

അകപ്പെട്ടുപോകുന്നവർ മികച്ച കഥകൾ ഉൾക്കൊള്ളുന്ന ഒരു സമാഹാരമാണ്.

ഗുരു നിത്യചൈതന്യയതി
ജന്മശതാബ്ദി സ്മരണിക
യതിജ്ഞാനസരണി
150ൽപരം എഴുത്തുകാരുടെ പ്രൗഢലേഖനങ്ങൾ
ഗുരു നിത്യയെക്കുറിച്ച് ഉത്തമ റഫറൻസ് ഗ്രന്ഥം




## പുസ്തകവിചാരം

# പ്രവാസത്തിന്റെ നാല്പതാണ്ടുകൾ

(ഓർമ )

**സാം പൈനുംമൂട്**







**മുരളി തഴക്കര**

പ്രസാധകർ :
ഉണ്മ പബ്ലിക്കേഷൻസ്
നൂറനാട്
വില: 000രൂപ

**സാം** പൈനുംമൂട് തന്റെ ഓർമ്മ ചെപ്പുകൾ തുറന്ന് അനുഭവങ്ങളെ സമൂഹത്തിലേക്ക് വാരി വിതറി പിന്നിട്ട 40 ആണ്ടുകളിൽ തന്റെ ആത്മ സംഘർഷത്തിന്റെയും ആത്മനിർവൃതിയുടെയും മുഹൂർത്തങ്ങളെ ഇഴതെറ്റാതെ കോർത്തിണക്കി ഭാഷാ സാഹിത്യത്തിന്റെ ഔന്നത്യം ഒരു തുള്ളി പോലും ചോർന്നുപോകാതെ തയ്യാറാക്കിയ ഈ കൃതി ഞാൻ ആവർത്തിച്ചു വായിച്ചു. അദ്ദേഹത്തിന്റെ ഓർമ്മകളിൽ എനിക്കും ഒരു ചെറിയ ഇടം നേടുവാൻ കഴിഞ്ഞുവെന്നത് ഏറെ സന്തോഷം നൽകുന്നു.

ഇന്നത്ത പുരോഗമന കലാ സാഹിത്യ സംഘം ദേശാഭിമാനി സ്റ്റഡി സർക്കിളായി പ്രവർത്തിച്ചിരുന്ന കാലത്ത് ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ തഴക്കരയിലെ പ്രഥമ സെക്രട്ടറിയായി സാം തെരഞ്ഞെടുക്കപ്പെടുകയും തന്റെ സംഘടനാ ശേഷിയും പ്രവർത്തനത്തിലെ മികവും എല്ലാവരാലും അംഗീകരിക്കപ്പെടുകയും താലൂക്കിലെ തന്നെ പ്രധാന പ്രവർത്തകരിൽ ഒരാളായി മാറുകയും ചെയ്തു.

അരങ്ങൊഴിഞ്ഞു പോയ അന്നത്തെ നേതാക്കൾക്കെല്ലാം സാമിനോട് പ്രത്യേക സ്നേഹവും വാൽസല്യവും ഉണ്ടായിരുന്നു. പ്രവാസികളായ മനുഷ്യരുടെ എല്ലാവരുടെയും അനുഭവങ്ങൾ ഏറെയും വ്യത്യസ്ഥമാണ്. ഒരാളിന്റെ ജീവിത സാഹചര്യങ്ങളിൽ താൻ അനുഭവിക്കുന്ന ദുരിതങ്ങളോടും പ്രയാസങ്ങളോടും വിട പറയുവാനും സുഭിക്ഷമായ ഒരു ജീവിതം നേടാനുമുള്ള സ്വപ്ന ഭൂമിയായിട്ടാണ് ഇന്നും പ്രവാസ ജീവിതം പലരും ആഗ്രഹിക്കുന്നത്. ഒരു കാലത്ത് നമ്മുടെ നാട്ടിലെ സാഹചര്യങ്ങൾ പ്രവാസ ജീവിതം കൂടുതൽ മോഹിപ്പിക്കുന്നതായിരുന്നു.

മനുഷ്യനേയും മനുഷ്യ മനസ്സുകളേയും നന്നായി അപഗ്രഥിക്കുവാൻ കഴിയുന്ന ഒരു കഥാകാരന്റെ മികവാർന്ന വീക്ഷണത്തോടെ പ്രവാസ ജീവിതത്തിന്റെ എല്ലാ ഭാവങ്ങളെയും വായനക്കാരുടെ കൺമുമ്പിൽ എത്തിക്കുവാൻ പ്രിയപ്പെട്ട സാമിനു കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്. മാനുഷിക മൂല്യങ്ങളെയും മനുഷ്യത്വത്തെയും ഉയർത്തിപ്പിടിക്കുന്ന നിരവധി സന്ദർഭങ്ങൾ സാം നന്നായി വരച്ചു കാട്ടിയിട്ടുണ്ട്.

40 അദ്ധ്യായങ്ങളായി കൂട്ടിച്ചേർത്ത 'പ്രവാസത്തിന്റെ നാല്പതാണ്ടുകൾ' ആരംഭിക്കുന്നതുതന്നെ 'പ്രവാസം എന്നാൽ എന്ത്?' എന്ന ചോദ്യവുമായിട്ടാണ്. അതു വിശദീകരിക്കുവാൻ ബൈബിളിലെ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും മുമ്പിൽ നിർത്തി അന്നവും അഭയവും തേടിയുള്ള യാത്ര എന്നതിലുപരി മനുഷ്യ സമൂഹത്തിന്റെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാണ് പ്രവാസത്തിന്റെ അടിസ്ഥാനമെന്ന് വ്യക്തമാക്കുന്നു.

മാത്രവുമല്ല 'പ്രവാസത്തിന്റെ ചൂടിൽ വാടാത്ത ചെടിയായി നിലകൊള്ളാൻ കഴിഞ്ഞത്, അതിനിടയാക്കിയത് തനിക്ക് കൈവരിക്കുവാൻ കഴിഞ്ഞ സാമൂഹ്യാവബോധവുമാണെന്ന് സാം മടികൂടാതെ വ്യക്തമാക്കിയിട്ടുണ്ട്.

40 വർഷക്കാലം കുവൈറ്റിൽ ജീവിച്ചതിലൂടെ അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങളുടെ പിൻബലത്തിലും താൻ ഉൾക്കൊണ്ടിട്ടുള്ള ആശയത്തിന്റെ വേറിട്ട വഴികളിലൂടെയും പ്രവാസ ജീവിതത്തെ വിലയിരുത്തുവാൻ സാം നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമാണ്. പശ്ചിമേഷ്യയിലെ സാഹചര്യങ്ങളുട അടിസ്ഥാനത്തിൽ ഇറാൻ ഇറാഖ് യുദ്ധവും ഇറാഖിന്റെ കുവൈറ്റിലേക്കുള്ള കടന്നുകയറ്റവും സൃഷ്ടിക്കപ്പെട്ട പ്രതിസന്ധികളും പ്രയാസങ്ങളും നിസ്സഹായരായിതീരുന്ന മനുഷ്യരുടെ ചിത്രവും നന്നായി വിശകലനം ചെയ്യുക മാത്രമല്ല സംഘട്ടനത്തിന്റെയും സംഘർഷത്തിന്റെയും സൃഷ്ടിക്കപ്പെടുന്ന അസ്ഥിരതയുടെയും സാഹചര്യത്തിൽ സാമ്രാജ്യത്വ ചൂഷണത്തിന് വിധേയമാകുന്ന രാജ്യങ്ങളുടെയും നിരാലംബരായുള്ള മനുഷ്യരുടെയും നൊമ്പരങ്ങൾ, തേങ്ങലുകൾ തന്നിലുണ്ടാക്കിയ മാനുഷിക സംഘർഷങ്ങളെ സാം പൈനുംമൂടിന് വായനക്കാരിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസിയായി ജീവിക്കുമ്പോഴും താൻ ജനിച്ച മണ്ണിനോടും മലയാള ഭാഷയോടും നീതി പുലർത്തുവാൻ കുവൈറ്റിലെ 'കല' എന്ന മഹാപ്രസ്ഥാനത്തെ നല്ല അളവിൽ ഉപയോഗപ്പെടുത്തുവാൻ സാം നടത്തിയ ഇടപെടലുകൾ ശ്ലാഘനീയമാണ്. അതുല്ല്യമാണ്.

ഭൗതികമായ വളർച്ചയിലൂടെ സമത്വാധിഷ്ഠതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ കഴിയുമെന്ന വീക്ഷണത്തിൽ ഉറച്ചു നിന്ന് ജീവിതത്തിന്റെ അർത്ഥമെന്തെന്ന് മനസ്സിലാക്കുവാനും നാം എവിടെ നിന്ന് ആരംഭിച്ചു എവിടെയെത്തി ഈ അന്വേഷണമാണ് നമ്മെ മുന്നോട്ടു നയിക്കുന്നതെന്ന് ഡോ. വത്സൻ തമ്പുവിന്റെ ഉദ്ധരണിയിലൂടെ സാം പറയുന്നതും ഞാൻ ശ്രദ്ധയോടെയാണ് വായിച്ചത്..


2016 ഏപ്രിൽ മാസത്തിൽ തന്റെ മകൻ ബെന്നും സുഹൃത്തും സഞ്ചരിച്ചിരുന്ന ബൈക്ക് ബാംഗ്ലൂരിൽ അപകടത്തിൽപ്പെടുകയും മകന്റെ സുഹൃത്ത് മരിക്കൂകയും മകന് വലിയ പരുക്കില്ലാതെ രക്ഷപ്പെടുകയും ചെയ്യുന്ന ആ സംഭവം സാമിന്റെ വരികളിലൂടെ വായിക്കുമ്പോൾ ഞാനറിയാതെ എന്റെകണ്ണുകൾ നനഞ്ഞു. മരണപ്പെട്ടത് സാമിന്റെ സുഹൃത്തിന്റെ മകൻ. ആ ദുരന്തമറിഞ്ഞ് സാമും കൂടുംബവും കുവൈറ്റിൽ നിന്നും ബാംഗ്ലൂരിൽ എത്തി അനന്തര ചടങ്ങുകളിൽ സംബന്ധിക്കുന്ന വിറങ്ങലിച്ച നിമിഷങ്ങളിലൂടെ തന്റെ സുഹൃത്തിനെ ആശ്വസിപ്പിക്കാനാകാതെ നിർവികാരനായി നിൽക്കുന്ന സാമിനെ എനിക്കു നന്നായി കാണാൻ കഴിഞ്ഞു. മകൻ നഷ്ടപ്പെട്ട സുഹൃത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചും സാം തന്റെ വരികളിലൂടെ വ്യക്തമാക്കുമ്പോൾ എന്റെ മനസ്സും ഒന്നു പിടഞ്ഞു പോയി.

2018,2019,2020 വർഷങ്ങളിൽ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന നമ്മുടെ നാട്, ആവർത്തിച്ചുള്ള പ്രളയവും കോവിഡും എല്ലാമായി കേരളത്തെ ദുരന്തങ്ങൾ ഭീഭത്സമായി തകർത്തെറിയാൻ ശ്രമിച്ചപ്പോൾ പ്രവാസികളുടെ നാടിനോടുള്ള കൂറും സ്നേഹവും നമ്മൾ അനുഭവിച്ചറിഞ്ഞവരാണ്. വേദനിക്കുന്നവർക്കൊപ്പം നിൽക്കുന്ന മനസ്സാണ് മനുഷ്യനെ സംസ്ക്കാരമുള്ളവനാക്കുന്നത്. കുവൈറ്റിൽ 'കെയർ ഫോർ കേരളം' എന്നൊരു കൂട്ടായ്മയുണ്ടാക്കി മലയാളി സമൂഹത്തിന്റെ രണ്ടുകോടി രൂപയിലേറെ സഹായം കേരളത്തിലെത്തിക്കുവാൻ കഴിഞ്ഞ പ്രവാസി മലയാളികൾ നമ്മൾക്ക് അഭിമാനമാണ്. നേതൃത്വപരമായ പങ്കു വഹിക്കുവാൻ സാമിന്റെ കാഴ്ചപ്പാടുകൾക്ക് കഴിഞ്ഞുവെന്നതും ഏറെ ശ്ലാഘനീയമാണ്.

ജെറുസലേമിലേക്കുള്ള യാത്രയും യാത്രാ വിവരണവും, താൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന് ഓർക്കാപ്പുറത്തുണ്ടായ പതനവും അതുമായി ബന്ധപ്പെട്ട വിവരണവും തന്റെ മനസ്സിൽ സൂക്ഷിക്കുന്ന രാഷ്ട്രീയ കാഴ്ചപ്പാടിന്റെ കണ്ണിലൂടെയുള്ള നിരീക്ഷണവും വളരെ സൂക്ഷ്മതയോടെ തന്റെ അനുഭവമാക്കി ചേർത്തിട്ടുണ്ട്.

'കല' എന്ന മഹാപ്രസ്ഥാനത്തിന്റെ വേദികളിലേക്ക് വിവിധ ഘട്ടങ്ങളിലായി താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിന്റെ മിക്കവാറും എല്ലാ നേതാക്കന്മാരേയും ഇതര രാഷ്ട്രീയ നേതാക്കന്മാരേയും കുവൈറ്റിൽ എത്തിക്കുന്നതിനും വ്യത്യസ്ഥമായ തലങ്ങളിലെ ശ്രദ്ധേയരായ കലാകാരന്മാരേയും 'കല'യുടെ വേദികളിൽ എത്തിച്ച് തന്റെ നാടിന്റെ സംസ്കാരവും മേന്മയും പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നതിലൂടെ കേരളത്തിന്റെ അഭിമാനവും യശസ്സും ഉയർത്തിപ്പിടിക്കുന്നതിന് സാമിനു കഴിഞ്ഞുവെന്നതും ഏറെ അംഗീകരിക്കപ്പെടേണ്ടതാണ്.

## പുതിയ പുസ്തകങ്ങൾ




### മാർക്സും ഗാന്ധിയും

**സ്വദേശാഭിമാനി രാമകൃഷ്ണപിള്ള**

കേരള ഗ്രന്ഥശാലാ സഹകരണസംഘം
തിരുവനന്തപുരം

വില. 110

മാർക്സിന്റെയും ഗാന്ധിയുടെയും സിദ്ധാന്തങ്ങളെ പ്രയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന കൃതി. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 110 വർഷം മുമ്പ് പ്രസിദ്ധീകരിച്ച രണ്ടു കൃതികൾ ഒറ്റപ്പുസ്തകമാക്കിയിരിക്കുന്നു.




### ഇന്ത്യ എന്ന റിപ്പബ്ലിക്

**പ്രൊഫ. വി.കാർത്തികേയൻ നായർ**

കേരള ഗ്രന്ഥശാലാ സഹകരണസംഘം
തിരുവനന്തപുരം

വില. 140

ഭരണഘടനാ സാക്ഷരത എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പഠനപരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ കൃതി. ജനാധിപത്യ വ്യവസ്ഥയിൽ ഭരണഘടനയ്ക്കുള്ള പ്രാധാന്യത്തെ വിശകലനം ചെയ്യുന്നു.




### ചാർച്ചക്കാരിയുടെ കൂടാരവാതിൽ

**റെജി പാറപ്പുറത്ത്**

കാവ്യ ബുക്സ്, മാവേലിക്കര

വില. 130

പന്തിരുവരിൽ ഒരുവൻ യൂദാ, അജിത ചേച്ചിയ്ക്കിഷ്ടമാണ് പുസ്തകം, മഴച്ചിത്രം, ചിത, ചാർച്ചക്കാരിയുടെ കൂടാരവാതിൽ, മരങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന പറവകൾ, ചുനക്കരയിലെ അന്നമ്മ, ആൾക്കൂട്ടം എന്നീ കൃതികളുടെ സമാഹാരം. ഓരോ കഥയും ഓരോരുത്തർ വിശകലനം ചെയ്യുന്നു.



### പുരാണ പഞ്ചാമൃതം

**വേലൂർ പരമേശ്വരൻ നമ്പൂതിരി**

മഹാകവി ഉള്ളൂർ സ്മാരക സാഹിത്യ സമിതി
മാന്നാർ, തിരുവല്ല.

വില. 150

ലളിതവും സുവ്യക്തവുമായ ഭാഷയിൽ പുരാണ കഥാഭാഗങ്ങൾ ഇതൾ വിടർത്തി ധാർമിക മൂല്യങ്ങളെ ബോധ്യപ്പെടുത്തുന്ന കൃതി. വിഷ്ണുകഥകൾ, രാമകഥകൾ, ഭഗവത്ഗീത, ശങ്കരാചാര്യർ എന്നീ ദളങ്ങളിൽ കൂടി ഈ കൃതിയിൽ പഞ്ചാമൃതമാക്കിയിരിക്കുന്നു.

# എം.പി.പരമേശ്വരന്റെ ചിന്താലോകം



അതിൽ കുളിച്ചുകയറും. അവിടെ നിന്നാൽ തിരുനാവായ് ക്ഷേത്രം കാണാം.

അഞ്ചാം വയസ്സിൽ നമ്പൂതിരിവിദ്യാലയത്തിൽ ഒന്നാം ക്ലാസിൽ പരമേശ്വരനെ ചേർത്തു. നമ്പൂതിരി യോഗക്ഷേമ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായിട്ടാണ് നമ്പൂതിരി കുട്ടികൾക്കായി വിദ്യാലയങ്ങൾ ഉണ്ടായത്. കൊച്ചി രാജാവ്, നമ്പൂതിരിക്കുട്ടികൾക്കുള്ള എല്ലാ വിദ്യാഭ്യാസ ഫീസും ഒഴിവാക്കിയിരുന്നു. ഒമ്പതാം ക്ലാസുവരെ പരമേശ്വരൻ ഫീസ് കൊടുക്കാതെയാണ് പഠിച്ചത്. ഒമ്പതാം വയസ്സിൽ ഉപനയനം നടത്തി. അച്ഛൻ നന്നായി വേദം ഓതുന്ന ആളായിരുന്നു. തന്റെ മകൻ വേദം പഠിക്കണമെന്നും, എന്നാൽ ആധുനിക വിദ്യാഭ്യാസമാണ് അവന് ആവശ്യമെന്നും അദ്ദേഹത്തിന് വ്യക്തതയുണ്ടായിരുന്നു. പരീക്ഷണം എന്ന നിലയിൽ വേദം പഠിപ്പിക്കാൻ ഒരു ശ്രമം നടത്തിയെങ്കിലും രണ്ടാഴ്ചയ്ക്കുള്ളിൽ ആ പരിപാടി അവസാനിപ്പിക്കുകയും ചെയ്തു.

ഖാദിപ്രചാരണത്തിന്റെ ഭാഗമായി ഒരാൾ വിദ്യാലയത്തിൽ വന്നു. അദ്ദേഹത്തിന്റെ കൈവശം കുറെ ചർക്കകൾ ഉണ്ടായിരുന്നു. വിദ്യാർത്ഥികളെ നൂൽക്കാൻ പഠിപ്പിക്കുക എന്നതായിരുന്നു വരവിന്റെ ഉദ്ദേശ്യം. വലിയ കുട്ടികൾ അദ്ദേഹത്തിന്റെ ക്ലാസിൽ ചേർന്നു. എട്ടുവയസ്സുപോലും തികയാത്ത പരമേശ്വരന് പഠിക്കാൻ അവസരം ലഭിച്ചില്ല. വടക്കേമഠം റോഡ് കഴിയുന്നിടത്ത് ഒരു ഖാദിഷോപ്പ് ഉണ്ടായിരുന്നു. അവിടെ ചർക്കയും റാട്ടും ഒക്കെ കിട്ടുമായിരുന്നു. തനിക്ക് ചർക്കയിൽ നൂൽക്കാൻ പഠിക്കണമെന്ന് പരമേശ്വരൻ ഷോപ്പ് ഉടമയോടു പറഞ്ഞു. ഷോപ്പിലിരുന്ന് നൂൽക്കണം എന്ന വ്യവസ്ഥയിൽ പഠിപ്പിച്ചു. അങ്ങനെ നൂറ്റുകൊണ്ടിരുന്ന സമയത്താണ് കോൺഗ്രസ് പാർട്ടി പ്രവർത്തകനും വക്കീലുമായിരുന്ന അമ്മാവൻ മാടമ്പ് നാരായണൻ നമ്പൂതിരി ഖാദിഷോപ്പിൽവച്ച് അനന്തിരവനെ കാണുന്നത്. പരമേശ്വരന് അമ്മാവൻ സ്വന്തമായി ഒരു ചർക്കയും ഒരു റാത്തൽ പരുത്തിയും വാങ്ങി കൊടുത്തു. അതോടെ ഒഴിവുകിട്ടുമ്പോൾ ഇല്ലത്തിരുന്ന് നൂക്കാൻ തുടങ്ങി. തക്ലി ഉപയോഗിച്ചും നൂൽക്കാൻ പഠിച്ചു. ഏഴാം ക്ലാസിലെ പബ്ലിക് പരീക്ഷയ്ക്ക് ഫസ്റ്റ് ക്ലാസോടെയാണ് പാസ്സായത്.

ഹൈസ്കൂൾ പഠനം സി.എം.എസിൽ ആയിരുന്നു. ഉപനയിച്ച് ആണ്ടുവ്രതമായതിനാൽ ഒരു കൊല്ലക്കാലം മുടിമുറിക്കാൻ കഴിയാതിരുന്ന അവസ്ഥയിലാണ് സി.എം.എസിൽ ചേരുന്നത്. സ്കൂളിലേക്കു പോകുന്നത് ഓലക്കുടയും പിടിച്ചാണ്. എല്ലാ സമുദായക്കാരും ഉള്ള സ്കൂളിൽ ഇതൊരു കാഴ്ചയായിരുന്നു. ഓലക്കുട ആദ്യം ക്ലാസ് റൂമിൽ വയ്ക്കുവാൻ അനുവാദം ഇല്ലായിരുന്നു. ഹെഡ്മാസ്റ്റർ എ.ഇ.ചാൾസ് കർക്കശക്കാരനായിരുന്നു. കൈയക്ഷരം മോശമായതിന്റെ പേരിൽ മാത്രമാണ് എല്ലാ അദ്ധ്യാപകരിൽ നിന്നും ശകാരം കേൾക്കേണ്ടിവന്നത്. പാഠപുസ്തകത്തിനപ്പുറമുള്ള വായനയിലും പരമേശ്വരന് താല്പര്യമായിരുന്നു. ഇല്ലത്ത് വേണ്ടത്ര ആയുർവേദ കൃതികൾ ഉണ്ടായിരുന്നു. അതിൽ 'സഹസ്രയോഗ'ത്തിനോടായിരുന്നു താല്പര്യം. ചൂർണം എണ്ണ, ലേഹ്യം, രസായനം തുടങ്ങിയവയുടെ ചേരുവകൾ അതിൽ നിന്നും മനസ്സിലാക്കി. മിക്കവാറും എല്ലാ ചേരുവകളിലും ബ്രഹ്മി, വയമ്പ്, കടുകു, നെയ്ക്കൊർണവേര് മുതലായവ ഉണ്ടായിരുന്നു. ഒന്നിന്റെ ഫലശ്രുതിയിൽ 'ബുദ്ധിവികാസത്തിനും നല്ലത്' എന്നു കണ്ടു. അതൊന്നു പരീക്ഷിക്കാമെന്നു തീരുമാനിച്ചു. രസായനമാകട്ടെ എന്നു കരുതി. അതിൽ നെയ്യും ശർക്കരയും ഉണ്ട്. അച്ഛൻ വൈദ്യശാലയിൽ ഇല്ലാതിരുന്ന സമയം നോക്കി മേപ്പടി സാധനങ്ങൾ മനോധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ചേർത്തു. 'യുക്തിരസായനം' എന്ന പേരും നൽകി. എപ്പോൾ കഴിക്കണം, എങ്ങനെ കഴിക്കണം എന്നും സ്വയം തീരുമാനിച്ചു. ആഹാരത്തിനു മുമ്പ് ഒരു ടീസ്പൂൺ വീതം കഴിച്ചു തുടങ്ങി. അന്നു വൈകുന്നേരമായപ്പോഴേക്കും വയറിളക്കം തുടങ്ങി. പിറ്റേദിവസവും കഴിച്ചു. അന്നും വയറിളകി. സംഗതി തുടർന്നാൽ അപകടമാണെന്നു മനസ്സിലാക്കി സ്വയചികിത്സ ഉപേക്ഷിച്ചു.

അച്ഛൻ പല കൂട്ടുകളും ഉണ്ടാക്കിയിരുന്നു. അതിൽ പ്രശസ്തമായത് 'കേരളാ പൽപ്പൊടി' ആയിരുന്നു. ത്രിഫല പ്ലസ്, ഗൂസ്ബെറി എന്നീ രണ്ടു ബ്രാൻഡുകൾ ഉല്പാദിപ്പിച്ചു. ഇരുപതിനായിരം ബോട്ടിൽ വിറ്റഴിച്ചുവെങ്കിലും 'കേരള പൽപ്പൊടി'ക്ക് വിപണിയിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. നിർമ്മാണ ചെലവിന്റേതിനനുസരിച്ചുള്ള വില അധികമായിരുന്നതിനാൽ വിപണിയിൽ വില്പന കുറഞ്ഞു. അടുക്കളയിൽ അമ്മയെ സഹായിക്കുന്നതിൽ പരമേശ്വരൻ താല്പര്യം കാട്ടി. അടുക്കള ഒരു സർവ്വകലാശാലയാണെന്ന് അച്ഛൻ പറയുമായിരുന്നു. അവിടെ ഭൗതികശാസ്ത്രവും രസതന്ത്രവും, ജീവശാസ്ത്രവും, ചരിത്രവും അർത്ഥശാസ്ത്രവും സമ്മേളിക്കുന്നിടമാണ്. എല്ലാ വിഷയത്തിനും അടുക്കളയിൽ ഇടമുണ്ട്. ഉച്ചകഴിഞ്ഞുള്ള ഒഴിവുവേളയിൽ പരമേശ്വരൻ പലതരം അച്ചാറുകളും വൈനുകളും ഉണ്ടാക്കി.

പത്താം ക്ലാസിൽ ഫസ്റ്റ് ക്ലാസോടുകൂടി വിജയിച്ച പരമേശ്വരന് ആ വർഷം കോളേജിൽ ചേരുന്നതിനുള്ള പ്രായം തികഞ്ഞിരുന്നില്ല. ജനുവരി 15ന് പതിനാലു വയസ്സു തികഞ്ഞിരിക്കണം. പരമേശ്വരനാണെങ്കിൽ മൂന്നുദിവസത്തെ കുറവ്. തൃശൂരിലുള്ള മഹാരാജാസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുവാൻ തീരുമാനിച്ചു. 'കോളേജിൽ ചേരുന്നതാണ് നല്ലതെന്നു' ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പൽ പറഞ്ഞതിൻ പ്രകാരം ഒരു കൊല്ലം റോളിലില്ലാതെ തന്നെ സെന്റ് തോമസ് കോളജിൽ പഠിക്കാൻ ഒടുവിൽ തീരുമാനിച്ചു.

പ്രായത്തിലും പ്രകൃതത്തിലും ഏറ്റവും ചെറിയ കുട്ടിയായിരുന്നു പരമേശ്വരൻ. രണ്ടു കൊല്ലം ഇന്റർ മീഡിയറ്റിൽ ഒന്നാം വർഷവും, ഒരു കൊല്ലം രണ്ടാംവർഷവുമായി അവിടെ പഠിച്ചു. രണ്ടു കൊല്ലം ഇന്റർ മീഡിയറ്റിൽ ഒന്നാം വർഷം പഠിച്ചതുകൊണ്ട് ഇംഗ്ലീഷും കണക്കും സയൻസും നല്ല രീതിയിൽ പഠിക്കുവാനും മികച്ച മാർക്കു നേടുവാനും കഴിഞ്ഞു. തുടർന്ന് എന്തു പഠിക്കണം എന്നായി. അച്ഛന്റെ പ്രതിമാസ വരുമാനം 100 രൂപയിൽ താഴെയാണ്. അതുകൊണ്ടുവേണം ഒമ്പതുപേർക്കുള്ള ജീവിതച്ചെലവ് നടക്കേണ്ടത്. കെമിസ്ട്രി ഓണേഴ്സിനു എറണാകുളം മഹാരാജാസ് കോളജിൽ ചേരണമെന്നതായിരുന്നു താല്പര്യം. കോളേജിലേക്കും എഞ്ചിനീയറിംഗ് കോളേജിലേക്കും ഒരുപോലെ അപേക്ഷ അയച്ചു. മഹാരാജാസ് കോളജിൽ പ്രവേശനം ലഭിച്ചു. തൃപ്പൂണിത്തുറ ഹിൽ പാലസിൽ സബ് ഇൻസ്പെക്ടറായിരുന്ന ഒരു അപ്ഫന്റെ കൂടെയാണ് താമസിച്ചത്. ക്ലാസുകൾ തുടങ്ങിയപ്പോഴേക്കും എഞ്ചിനീയറിംഗ് കോളജിൽ നിന്നും ഇന്റർവ്യൂ കാർഡ് ലഭിച്ചു. പ്രിൻസിപ്പൽ പ്രൊഫ.എസ്.രാജാറാം ആയിരുന്നു ഇന്റർവ്യൂ ബോർഡ് ചെയർമാൻ. എം.പി.പരമേശ്വരൻ ഇന്റർവ്യൂവിൽ ജയിച്ചു. കോട്ടയ്ക്കകത്ത് മിത്രാനന്ദപുരത്തെ സ്വാമിയാർ മഠത്തിൽ താമസിക്കുന്നതിനുള്ള ഏർപ്പാട് അച്ഛൻ ചെയ്തു. ഫീസ്, പുസ്തകം, യാത്ര എന്നിങ്ങനെ ചെലവുകൾക്ക് അച്ഛന്റെ വരുമാനം തികയുമായിരുന്നില്ല. മകന്റെ പഠനത്തിനായി സുഹൃത്തായ വടക്കുംകര അനുജൻ നമ്പൂതിരിപ്പാടിൽ നിന്നും വീടും പുരയിടവും പണയപ്പെടുത്തി 2000 രൂപ കടം വാങ്ങി.

ആദ്യമായിട്ടാണ് പരമേശ്വരൻ തിരുവനന്തപുരത്തേക്കു യാത്രയാകുന്നത്. സ്വാമിയാർ പൂജക്കായി ഉണ്ടാക്കുന്ന നിവേദ്യമായിരുന്നു പ്രാതൽ. പഠനത്തിന്റെ ഭാഗമായും അല്ലാതെയുമായി ശാസ്ത്രസംബന്ധമായ പല കൃതികളും വായിച്ചു. സെന്റ് തോമസിലെ സുഹൃത്തായിരുന്ന എ.കെ.ടി.കെ. എം.വാസുദേവൻ നമ്പൂതിരി നൽകിയ ഫ്രെഡ് ഹോയ്ൽ എഴുതിയ 'ഫ്രോണ്ടിയേഴ്സ് ഒഫ് അസ്ട്രോണമി' അ തിൽ പ്രധാനപ്പെട്ടതായിരുന്നു. ജോർജ് ഗാമോയും ഹെർമൻ ബോൺഡും തോമസ് ഗോൾഡും ചേർ ന്ന് എഴുതിയ 'ബിഗ് ബാംഗ് തിയറി' മറ്റൊരു പ്രധാന കൃതിയായിരുന്നു. മറ്റൊരു സുഹൃത്തായ ദാമോദരൻ നമ്പീശനാണ് 'ധൂമകേതു'ക്കളുടെ ലോകത്തിലേക്ക് പരമേശ്വരനെ നയിച്ചത്.

അക്കാലത്ത് എഞ്ചിനിയറിംഗ് കോളേജ് പ്രവർത്തിച്ചിരുന്നത് ഇന്നത്തെ പി.എം.ജി.ഓഫീസിലായിരുന്നു. ശാസ്ത്രസാങ്കേതിക മ്യൂസിയവും, ഐ.എം.ജിയും അന്നത്തെ കോളേജിന്റെ ഭാഗമായിരുന്നു. കോട്ടയ്ക്കകത്തു തന്നെ താമസിക്കുന്ന, നാഗർകോവിലുകാരനായ കുളത്തു അയ്യരായിരുന്നു സതീർത്ഥ്യൻ. പരമേശ്വരന്റെ കെട്ടും മട്ടും കണ്ട് സഹപാഠിയായ സി.എ. മാത്യു പരമേശ്വരനെ 'നമ്പൂരിശ്ശൻ' എന്നു വിളിച്ചു തുടങ്ങി. പിന്നീട് ആ പേരിലാണ് പരമേശ്വരൻ അറിയപ്പെട്ടത്.

ഒന്നാം വർഷത്തെ വേനൽ അവധിക്കാലത്ത് നാട്ടിലെത്തിയപ്പോൾ മൂത്തിരിങ്ങോട്ടെ എം.എൻ.നമ്പൂതിരിയുമായി പരിചയത്തിലായി. എഞ്ചിനീയറായ അദ്ദേഹം പരമേശ്വരന് 'അഡ്മിറാലിറ്റി ഹാൻബുക് ഒൺ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്' എന്ന പുസ്തകം നൽകി. അതു വായിച്ചതോടെയാണ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ പരമേശ്വരന് താല്പര്യമുണ്ടാകുന്നത്. പ്രിൻസിപ്പൽ ഡോ.കേശവറാവുവിന്റെ ഇലക്ട്രിക്കൽ ക്ലാസുകൾ ഏറെ പ്രയോജനപ്പെട്ടത് 'അഡ്മിറാലിറ്റി ഹാൻബുക് ഒൺ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്' എന്ന പുസ്തകം വായിച്ചതുകൊണ്ടായിരുന്നു. അക്കൊലത്തെ പരീക്ഷയിൽ 50ൽ 35 മാർക്ക് കിട്ടി. ഏറെപ്പേർക്കും 10നും 15നും ഇടയ്ക്കായിരുന്നു മാർക്ക്. അതോടെ എം.പി.പരമേശ്വരൻ ഒന്നാം സ്ഥാനക്കാരനായി. മൂന്നാം വർഷവും നാലാം വർഷവും ഒന്നാം റാങ്കുകാരനായി.

> ഒന്നാം വർഷത്തെ വേനൽ അവധിക്കാലത്ത് നാട്ടിലെത്തിയപ്പോൾ മൂത്തിരിങ്ങോട്ടെ എം.എൻ.നമ്പൂതിരിയുമായി പരിചയത്തിലായി. എഞ്ചിനീയറായ അദ്ദേഹം പരമേശ്വരന് 'അഡ്മിറാലിറ്റി ഹാൻബുക് ഒൺ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്' എന്ന പുസ്തകം നൽകി. അതു വായിച്ചതോടെയാണ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ പരമേശ്വരന് താല്പര്യമുണ്ടാകുന്നത്.

എല്ലാ അദ്ധ്യാപകർക്കും പരമേശ്വരനെ ഇഷ്ടമായിരുന്നു. നാഗപ്പൻനായരുടെ ഗണിത ക്ലാസു മാത്രമാണ് അല്പം മടുപ്പുളവാക്കിയത്. ഗണിതത്തിന്റെ പ്രായോഗികതയെ അവതരിപ്പിക്കുന്നതിൽ അദ്ദേഹം വിമുഖനായിരുന്നു. പ്രൊഫ.വി.എസ്.നായർ, പ്രൊഫ.കേശവറാവു, കെ.പി.ബി.മേനോൻ, എൻ.നാരായണയ്യർ, തോമസ് ഫിലിപ്പ്, വെങ്കിട്ടരാമൻ എന്നീ അദ്ധ്യാപകരാണ് തന്നെ മെച്ചപ്പെട്ട ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറാക്കാൻ സഹായിച്ചതെന്ന് എം.പി.പരമേശ്വരൻ അനുസ്മരിച്ചിട്ടുണ്ട്.

ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ ആലുവായിലെ ഇന്ത്യൻ അലൂമിനിയം ഇൻഡസ്ട്രീസിൽ അപ്രന്റീസായി. ട്രെയിനിംഗ് കഴിഞ്ഞാൽ എന്തു ശമ്പളം നൽകുമെന്ന് പറയാത്തതിനാൽ ചേർന്ന അന്നുതന്നെ രാജിവെച്ച് പരീക്ഷാഫലം വരുന്നതും കാത്ത് ഇല്ലത്തിരുന്നു. ജൂൺ മാസത്തിൽ, പരീക്ഷാഫലം വരുന്നതിനു മുമ്പുതന്നെ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ പ്രൊവിഷണൽ ആയി നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിച്ചു.

രണ്ടാം പഞ്ചവൽസര പദ്ധതി രൂപപ്പെടുത്തുന്ന കാലമായതിനാൽ അടുത്ത അഞ്ചുവർഷത്തിൽ എത്ര വൈദ്യുതി എവിടെയൊക്കെ ആവശ്യമായി വരും എന്ന കണക്കെടുപ്പ് നടത്തേണ്ടതുണ്ടായിരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒ.സി.ചെറിയാൻ ആയിരുന്നു. അദ്ദേഹത്തിന്റെ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി തുടങ്ങി. ജൂലൈയിൽ പബ്ലിക് സർവീസ് കമ്മീഷൻ താല്ക്കാലിക നിയമനത്തെ സ്ഥിരപ്പെടുത്തി. പരമേശ്വരൻ ബോംബെയിലോ, കൽക്കത്തിലോ പോയാൽ കൂടുതൽ അവസരം ലഭിക്കുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ യു.സി.നായർ നിർദ്ദേശിച്ചതോടെ ആലോചന ആ വഴിക്കായി. പരമേശ്വരന്റെ ഒരു ഇളയച്ഛൻ ബോംബെയിൽ മെഡിക്കൽ ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നുണ്ടായിരുന്നു. ആ ബന്ധം ഉപയോഗിച്ച് 'ടാറ്റാ ഹൈഡ്രോ'യിൽ ട്രെയിനിംഗിന് ശ്രമിച്ചിരുന്നു. കൽക്കത്തയിലെ 'അസോസിയേറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീ'സിൽ മറ്റൊരു ഇന്റർവ്യൂവിലും പങ്കെടുത്തിരുന്നു. ആഗസ്റ്റ് മാസത്തിൽ രണ്ടിടത്തുനിന്നും സെലക്ഷൻ കിട്ടി. ബോംബെ

# എം.പി.പരമേശ്വരന്റെ ചിന്താലോകം



യിലേക്കു പോകുവാൻ തീരുമാനിച്ചു. സെപ്റ്റംബറിൽ ടാറ്റോ ഹൈഡ്രോകമ്പനിയിൽ ട്രെയ്നിയായി ചേർന്നു. ഡിസ്ട്രിബ്യൂഷൻ ഡിവിഷനിലായിരുന്നു പരിശീലനം. ഇംഗ്ലണ്ടിൽ നിന്നും വന്ന ഒരു വിദഗ്ദ്ധനോടൊപ്പം 110 കെ.വി.ലൈനിന്റെ ജോയിന്റിന്റെ പണി കണ്ടു പഠിക്കുക എന്നതായിരുന്നു അസൈൻമെന്റ്. തുടർന്ന് ട്രോംബെ തെർമൽ സ്റ്റേഷൻ, ലോഡ് ഡെസ്പാച്ചർ സെന്റർ എന്നിവിടങ്ങളിൽ നിന്നും പരിശീലനം നേടി. ആയിടയ്ക്കാണ് 'അറ്റോമിക് എനർജി എസ്റ്റാബ്ലിഷ്മെന്റ് ട്രെയിനിംഗ് സ്കൂളി'ലേക്കുള്ള അപേക്ഷ ക്ഷണിച്ചത്. ഇന്റർവ്യൂവിൽ പങ്കെടുത്തു വിജയിച്ചു.

1957 ആഗസ്റ്റിൽ 'അറ്റോമിക് എനർജി ട്രെയിനിങ് സ്കൂളി'ൽ ഒന്നാം ബാച്ചിൽ ചേർന്നു. ട്രെയിനിങ്ങിന്റെ ഭാഗമായി എം.പി.പരമേശ്വരനെ അയച്ചത് 'അപ്സര റിയാക്ടറി'ലേക്കായിരുന്നു. അതൊരു വെല്ലുവിളിയും അനുഭവവുമായിരുന്നു. റിയാക്ടർ ഉപയോഗിച്ച് നടത്തുന്ന എല്ലാവിധ പരീക്ഷണങ്ങളിലും പങ്കാളിയായി. റിയാക്ടർ തീയറി, ന്യൂക്ലിയസ് ഫിസിക്സ്, കെമിസ്ട്രി, റിയാക്ടർ എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ കോഴ്സുകളിൽ പരീക്ഷയിലും വിജയം നേടി.

അമേരിക്കയെ പിന്നിലാക്കിക്കൊണ്ട് സോവിയറ്റ് യൂണിയൻ ലോകത്തിലെ ആദ്യത്തെ അണുശക്തി നിലയം മോസ്കോയ്ക്കടുത്തുള്ള ദുബാനയിൽ (1955) സ്ഥാപിച്ചതും, കൃത്രിമ ഉപഗ്രഹം സ്പുത്നിക് (1957) വിക്ഷേപിച്ചതും യുവശാസ്ത്രജ്ഞരുടെ ജിജ്ഞാസയെ ഉണർത്തിയിരുന്നു. അത്തരം കാര്യങ്ങൾ ആദ്യമെ അറിയണമെങ്കിൽ റഷ്യൻ ഭാഷ പഠിക്കണം. എം.പി.പരമേശ്വരൻ അതിനുള്ള ശ്രമമായി. ഫ്ളോറാ ഫൗണ്ടനിലുള്ള 'ഇന്തോ- സോവിയറ്റ് കൾച്ചറൽ സൊസൈറ്റി'യുടെ ഓഫീസിൽ പോയി റഷ്യൻ ഭാഷ പഠിക്കുവാനുള്ള സാധ്യത ആരാഞ്ഞു. അവിടെ സൗജന്യ റഷ്യൻ ഭാഷ പഠനക്ലാസിൽ ചേർന്നു. നാല്പതോളം പേർ തുടക്കത്തിൽ ഉണ്ടായിരുന്നു. കോഴ്സ് തീരാറായപ്പോഴേക്കും പഠിതാക്കൾ മൂന്നായി ചുരുങ്ങി. ആയിടക്ക് മാത്രം പ്രസിദ്ധീകരിച്ച 'തിയോറിയ യാദർനിഹ് റിയാക്തറോവ്' (ആണവ റിയാക്ടറുകളുടെ തിയറി) എന്ന പുസ്തകം വായിക്കുകയും അത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങി. റഷ്യൻ ഭാഷ കൂടുതലായി മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമായിരുന്നുവെങ്കിലും റിയാക്ടറുകളുടെ നിർമ്മാണത്തിന്റെ സ്വഭാവം മനസ്സിലാക്കുവാനും അത് അവസരം നൽകി. ഉപരിപഠനത്തിനായി സോവിയറ്റ് യൂണിയനിൽ പോകണമെന്ന ആഗ്രഹവും ഉണ്ടായി.

1958ൽ ട്രെയ്നിങ് പൂർത്തിയായി. ജൂനിയർ സയന്റിഫ് ഓഫീസറായി നിയമിതനായി. രണ്ടു വർഷത്തിനുശേഷം നാട്ടിലെത്തി. അച്ഛൻ മുൻകൂട്ടി നിശ്ചയിച്ച വിവാഹത്തിന് സമ്മതിക്കുകയും ചെയ്തു. 1960 ഒക്ടോബർ 31ന് പുല്ലൂർ ഇല്ലത്തെ ഭവാനിയെ പരമേശ്വരൻ വിവാഹം ചെയ്തു. തുടർന്ന് ഇരുവരും മുംബൈയിലെത്തി. ജോലി സ്ഥലത്തേക്ക് സബർബൻ ട്രെയിനിൽ 50 മിനിറ്റ് ദൂരമുണ്ടായിരുന്നു. തിരക്കൊഴിഞ്ഞ ഫസ്റ്റ് ക്ലാസ് കംപാർട്ട്മെന്റ്. അക്കാലത്താണ് സെലിൻ ഹെര്‍ത്തും എഴേനെ റബിനോവിച്ചും കൂടി എഴുതിയ 'എക്സ്പ്ലെനിംഗ് ദ് ആറ്റം' എന്ന പുസ്തകം 'അണുവിനെപ്പറ്റി' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. റിയാക്ടറിന്റെ പ്രവർത്തനതത്ത്വങ്ങൾ ഹൈസ്കൂൾ കുട്ടികൾക്കുപോലും മനസ്സിലാകത്തക്കവിധത്തിലാണ് വിവർത്തനം ചെയ്തത്. എം.പി.പരമേശരന്റെ പ്രസിദ്ധീകരിക്കുന്ന ആദ്യകൃതിയാണ് 'പരമാണുശാസ്ത്രം'. അക്കാലത്തുതന്നെ എഴുതിയ 'നക്ഷത്രങ്ങളും ഗ്രഹങ്ങളും' എന്ന കൃതിക്ക് കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചു. പ്രസാധകാവകാശം സാംസ്കാരിക മന്ത്രാലയത്തിനായിരുന്നുവെങ്കിലും അവരത് പ്രസിദ്ധീകരിക്കുകയുണ്ടായില്ല. മാറ്റം വരുത്തി 'നക്ഷത്രങ്ങളുടെ നാട്ടിൽ' എന്ന പേരിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം ആ കൃതി പ്രസിദ്ധീകരിച്ചു.

ഗവേഷണത്തിനായി റഷ്യയിൽ പോകുവാൻ 1960ൽ അപേക്ഷിച്ചുവെങ്കിലും 'സർവ്വകലാശാല വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പാണ്' അതെന്നു പറഞ്ഞ് നിരസിക്കുകയായിരുന്നു. എം.പി.പരമേശ്വരൻ ചെയർമാൻ എച്.ജി. ഭാഭായ്ക്ക് വിശദമായ ഒരു കത്ത് എഴുതി. ആണവരംഗത്തെ റഷ്യയുടെ പുരോഗതിയിൽ നിന്ന് ഏറെക്കാര്യങ്ങൾ പഠിക്കാനുണ്ടെന്നും അതിനുള്ള അവസരം ലഭിച്ചാൽ അത് അനുവദിക്കണമെന്നുമായിരുന്നു കത്തിലെ ചുരുക്കം. 'അടുത്ത ചാൻസ് വരുമ്പോൾ ഈ ചെറുപ്പക്കാരനെ പരിഗണിക്കണം' എന്ന് പരാതിയിൽ ഭാഭാ കുറിപ്പെഴുതുകയുണ്ടായി. 1962ൽ അതിനുള്ള അവസരം വീണ്ടും വന്നു. അറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റിൽ നിന്നും മൂന്നുപേർക്ക് അനുമതി ലഭിച്ചു. അതിലൊരാൾ എം.പി.പരമേശ്വരൻ ആയിരുന്നു. ബി.എസ്.ഭട്ട്, വി.രാമമൂർത്തി എന്നിവരായിരുന്നു മറ്റു രണ്ടുപേർ.

'മോസ്കോ പവർ ഇൻസ്റ്റിറ്റ്യൂട്ടി'ൽ ഗവേഷണത്തിനായി ചേർന്നു. ബറീസ് അലക്സാന്ദ്രോവിച്ച് ദ്യെമെന്ത്യേവായിരുന്നു ഗൈഡ്. തിളജല റിയാക്ടറുകളുടെ അഭികല്പനയുമായി ബന്ധപ്പെട്ടായിരുന്നു പഠനവിഷയം. ഒഴിവുസമയങ്ങളിൽ റഷ്യൻ സാഹിത്യം വായിച്ചും, ഇന്ത്യൻ സിനിമകൾ കണ്ടും ബാലെകൾ ആസ്വദിച്ചും ആഹാരത്തിൽ പരീക്ഷണങ്ങൾ നടത്തിയും കഴിഞ്ഞു. സോഷ്യലിസ്റ്റ് ലോകത്തിന് പ്രത്യാശ നൽകുന്ന രാജ്യമാണ് സോവിയറ്റ് യൂണിയൻ എങ്കിലും യുവാക്കൾക്കിടയിലെ മാറ്റം ശ്രദ്ധയിൽപ്പെട്ടു. യുവാക്കൾ ഏറെപ്പേരും അമേരിക്കൻ ഉല്പന്നങ്ങളിൽ താല്പര്യം കാട്ടുന്നതായി മനസ്സിലാക്കി. റൂബിളിനുപകരം ഡോളറിനെ അവർ ഇഷ്ടപ്പെട്ടു. സോഷ്യലിസ്റ്റ് പൗരന്മാരുടെ എണ്ണത്തിൽ കുറവുവരുന്നുവെന്ന യാഥാർത്ഥ്യവും തിരിച്ചറിഞ്ഞു. രണ്ട് അവധിക്കാലങ്ങളിലും നാട്ടിലെത്തി. മൂന്നാം വർഷത്തിൽ ഗവേഷണപ്രബന്ധം എഴുതി സമർപ്പിച്ചു. 'ഡിഫൻസ്' നടക്കുന്നിടം വരെ കാത്തു.

സോവിയറ്റ് റഷ്യയിലെ കാഴ്ചകളും അനുഭവങ്ങളും ശാസ്ത്രസാഹിത്യ കുറിപ്പുകളും അക്കാലത്ത് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ലേഖകന്റെ പേരായി എൻ.വി.കൃഷ്ണവാരിയർ നൽകിയത് 'മടങ്ങർളി മോസ്കോ' എന്നായിരുന്നു. 1965 നവംബറിൽ ഡോ.എം.പി.പരമേശ്വരൻ നാട്ടിലെത്തി. ആദ്യമായി സോവിയറ്റ് യൂണിയനിൽ പോയി ഡോക്ടറേറ്റു നേടിയ മലയാളിയായി മാറി.

എം.പി.പരമേശ്വരന്റെ 'സ്ഥാനീയങ്ങളും തേജോദ് ഗിരണവും', 'പരമാണുശാസ്ത്രം' എന്നീ കൃതികൾ മംഗളോദയം പ്രസിദ്ധീകരിച്ചിരുന്നു. മംഗളോദയത്തിന്റെ മാനേജർ വല്യച്ഛന്റെ മകൻ എം.സി.വാസുദേവൻ ആയിരുന്നു. മലയാളത്തിൽ ശാസ്ത്രസാഹിത്യം വളർത്തുന്നതിനായി ഒരു സംഘടന രൂപീകരിക്കണം എന്ന ആശയം അദ്ദേഹവുമായി പങ്കുവച്ചു. നിലവിൽ അങ്ങനെയൊരു സംഘടന പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ പേര് 'ശാസ്ത്രസാഹിത്യ പരിഷത്ത്' എന്നാണെന്നും അദ്ദേഹത്തിൽ നിന്നും അറിഞ്ഞു. അതിന്റെ നേതാക്കളായ കോന്നിയൂർ നരേന്ദ്രനാഥ്, കെ.ജി.അടിയോടി, എം.എൻ.നമ്പൂതിരി, പി.ടി.ഭാസ്കരപ്പണിക്കർ എന്നിവരെ പരിചയപ്പെട്ടു. പി.ടി.ബിയുമായി ഏറെ അടുത്തു. എൻ.വി.കൃഷ്ണവാരിയരെ പത്രാധിപർ എന്ന നിലയിൽ നേരത്തെ അറിയാമായിരുന്നു. 'പെൻഗ്വിൻ സയൻസ് ന്യൂസി'ന്റെ ഫോർമാറ്റിൽ ഒരു പ്രസിദ്ധീകരണം തുടങ്ങാമെന്നും നൂറു രൂപ വരിസംഖ്യയും നൽകി ഡോ.എം.പി.പരമേശ്വരൻ ബാർക്കിലേക്ക് തിരിച്ചുപോയി. 'ശാസ്ത്രഗതി' എന്ന പേരിൽ അത് ഒരു പ്രസിദ്ധീകരണമായി. എം.സി.നമ്പൂതിരിയായിരുന്നു പത്രാധിപർ. ആദ്യവർഷത്തിൽ എം.പി.പരമേശ്വരന്റേതായി നാലുലേഖനങ്ങൾ അതിൽ പ്രസിദ്ധീകരിച്ചിരുന്നു.

സോഷ്യലിസ്റ്റ് ലോകത്തിന് പ്രത്യാശ നൽകുന്ന രാജ്യമാണ് സോവിയറ്റ് യൂണിയൻ എങ്കിലും യുവാക്കൾക്കിടയിലെ മാറ്റം ശ്രദ്ധയിൽപ്പെട്ടു. യുവാക്കൾ ഏറെപ്പേരും അമേരിക്കൻ ഉല്പന്നങ്ങളിൽ താല്പര്യം കാട്ടുന്നതായി മനസ്സിലാക്കി. റൂബിളിനുപകരം ഡോളറിനെ അവർ ഇഷ്ടപ്പെട്ടു. സോഷ്യലിസ്റ്റ് പൗരന്മാരുടെ എണ്ണത്തിൽ കുറവുവരുന്നുവെന്ന യാഥാർത്ഥ്യവും തിരിച്ചറിഞ്ഞു.

മുംബൈയിൽ തിരിച്ചെത്തിയ ഡോ.എം.പി.പരമേശ്വരൻ അഖിലേന്ത്യതലത്തിൽ ഒരു ശാസ്ത്രപ്രസ്ഥാനം ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിവച്ചു. പ്രാരംഭം എന്ന നിലയിൽ മലയാളികളായ ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരുടെ ഒരു യോഗം വിളിച്ചു കൂട്ടി. കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ഒരു ഘടക മായി 'ശാസ്ത്രസാഹിത്യ പരിഷത്ത് (കേരളം)' എന്ന പേരിൽ സംഘടന രൂപീകരിച്ചു. ഡോ.എം.പി.പരമേശ്വരൻ അതിന്റെ പ്രസിഡന്റായി. ഓരോ സം സ്ഥാനത്തും പരിഷത്തിന്റെ സംഘടന അതാതു സംസ്ഥാനങ്ങളുടെ പേരോടുകൂടി രൂപം കൊണ്ടു. ശാസ്ത്രം എല്ലാവർക്കും എന്നതായിരുന്നു അതിന്റെ അന്തസത്ത. എല്ലാ സംഘടനകളും കൂടി ചേർത്ത് 1966ൽ 'ഫെഡറേഷൻ ഓഫ് ഇന്ത്യൻ ലാംഗ്വേജ് സയൻ സ് അസോസിയേഷൻ' (ഫിൽസാ) എന്ന അഖിലേന്ത്യസംഘടനയായി അത് പരിവർത്തനപ്പെട്ടു. പൂ നാ സർവകലാശാല വൈസ് ചാൻസലർ ആർ.വി.സാഠെ പ്രസിഡന്റും ഡോ.എം.പി.പരമേശ്വരൻ സെക്രട്ടറിയായും 'ഫിൽസാ'യുടെ പ്രവർത്തനം ആരംഭിച്ചു. സുപ്രീം കോടതി ചീഫ് ജസ്റ്റീസ് പി.ബി.ഗജേന്ദ്ര ഗാഡ്ഗറാണ് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. എം.പി.പരമേശ്വരൻ കേരള ശാസ്ത്രസാഹിത്യ പരിഷത്തുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നാലാം വാർഷികം (1967 മെയ് 13) തൃശൂരിൽ വച്ച് നടത്താൻ തീരുമാനിച്ചപ്പോൾ എം.പി.പരമേശ്വരനും ടി.ആർ.ശങ്കുണ്ണി(വെറ്റർനറി കോളേജ്)യും അതിന്റെ ചുമതലക്കാരായി. പരിഷത്ത് അക്കാലം വരെയും രജിസ്ട്രേഷനുള്ള ഒരു സംഘടനയായിരുന്നില്ല. അതൊരു പരിമിതിയായി കണ്ട് പരിഷത്തിന് ഒരു ഭരണഘടനയും നിയമാവലിയും ഉണ്ടാകണമെന്ന നിർദ്ദേശം ഉണ്ടായി. ഡോ.എം.പി.പരമേശ്വരൻ അതു തയ്യാറാക്കി അവതരിപ്പിച്ചു. 'സാങ്കേതികപദപ്രശ്നം മലയാളത്തിൽ' എന്ന പ്രബന്ധവും സെമിനാറിൽ അവതരിപ്പിച്ചു.

ഭാഷാവികസനത്തിനായി സർക്കാർ ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുകയാണെന്നും വിദ്യാഭ്യാസ മന്ത്രി മുഹമ്മദ് കോയക്കാണ് അതിന്റെ ചുമതലയെന്നും അദ്ദേഹവുമായി ബന്ധപ്പെടണമെന്നും ഡോ.എം.പി.പരമേശ്വരന് ഇ.എം.എസ്. ഒരു കത്തെഴുതി. 1968ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടു. എൻ.വി.കൃഷ്ണവാരിയരായിരുന്നു ഡയറക്ടർ. എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേൽക്കാമോ എന്ന് എൻ.വി. ആരാഞ്ഞു. ഡെപ്യുട്ടേഷൻ അനുവദിക്കുകയാണെങ്കിൽ ആകാമെന്നായി എം.പി.പരമേശ്വരൻ. അപേക്ഷിച്ച ഉടനെ തന്നെ ഡോ.എം.പി.പരമേശ്വരന് ബാർക്ക് ഡെപ്യൂട്ടേഷൻ നൽകി. അക്കാലത്ത് ശാസ്ത്രകാരന്മാരുടെ ഒരു സംഘടന രൂപീകരിച്ചതിൽ മേലുദ്യോഗസ്ഥരിൽ ചിലർക്ക് വിയോജിപ്പുണ്ടായിരുന്നു. അതും ഡെപ്യൂട്ടേഷൻ നൽകുന്നതിന് കാരണമായി. മാർച്ചിൽ തന്നെ എം.പി.പരമേശ്വരൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. പരിഷത്ത് തുടങ്ങിവച്ച 'സാങ്കേതിക പദാവലി' തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ആദ്യത്തെ ദൗത്യം. മോസ്കോയിൽവച്ചും മുംബൈയിൽ വച്ചും തയ്യാറാക്കിയ എണ്ണായിരത്തോളം പദങ്ങളുടെ സഞ്ചയം കൈമുതലായിട്ടുണ്ടായിരുന്നു. ഇടുക്കി ഡാമിന്റെ കോൺക്രീറ്റ് പണിയുടെ ഉദ്ഘാടനത്തിനായി പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി വരുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യപുസ്തകമായ 'സാങ്കേതിക ശബ്ദാവലി'യുടെ പ്രകാശനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

പരിഷത്തിന്റെ പ്രവർത്തനം തിരുവനന്തപുരത്തേക്ക് മാറ്റിയത് പ്രവർത്തനത്തിനു വേഗതകൂട്ടി. എല്ലാ പ്രധാന പ്രവർത്തകരും അക്കാലത്ത് തിരുവന്തപുരവുമായി ബന്ധപ്പെട്ടവരായിരുന്നു. ഡോ.എം.പി.പരമേശ്വരൻ പാർട്ടിയിൽ ചേരുമോ എന്ന ആശയം ഇ.എം.എസ്. സി.പി.നാരായണിലൂടെ മുന്നോ

# എം.പി.പരമേശ്വരന്റെ ചിന്താലോകം



*സാങ്കേതിക മലയാളം സെമിനാറിൽ വി.കെ.ദാമോദരൻ, കെ.ജി.അടിയോടി, എൻ.വി.കൃഷ്ണവാരിയർ എന്നിവരോടൊപ്പം*

ട്ടുവച്ചു. തനിക്ക് ലഭിച്ച ഒരംഗീകാരമായിട്ടാണ് എം.പി.പരമേശ്വരൻ അതിനെ കണ്ടത്. റഷ്യയിൽ ഗവേഷണം നടത്തിയ കാലത്ത് അപ്രതീക്ഷിതമായി ഒരു കൃതി എം.പി.പരമേശ്വരനെ തേടിയെത്തിയിരു ന്നു. 'ഫണ്ടമെന്റലിസം ഓഫ് മാർക്സിസം- ലെനിനിസം' എന്നതായിരുന്നു ആ കൃതി. മാർക്സിസം ഒരു സയൻസ് ആണെന്ന തിരിച്ചറിവും അദ്ഭുതവുമാണ് ആ കൃതി സമ്മാനിച്ചത്. ജിജ്ഞാസ, കാര്യകാരണബന്ധം, മാറ്റം, തുടർച്ചയായ തിരുത്തലുകൾ ഇതെല്ലാം അടങ്ങിയ ശാസ്ത്രം. പതുക്കെ പതുക്കെ ഡോ.എം.പി.പരമേശ്വരൻ ഇന്ത്യൻ സ്കൂളിന്റെ ഭാഗമായി മാറി. 1971ൽ തിരുവനന്തപുരത്തും, 72ൽ കൽക്കത്തയിലും നടന്ന അഖിലേന്ത്യാ കോൺഫറൻസുകളിൽ പങ്കെടുത്തു. ഡോ.എം.പി.പരമേശ്വരൻ മാർക്സിസ്റ്റ് ചിന്തകനും പ്രചാരകനുമായി.

പരിഷത്തിന്റെ ഒമ്പതാം സമ്മേളനം നടന്നത് തിരുവല്ലയിൽവച്ചായിരുന്നു. തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടു നിന്നും ഷൊർണ്ണൂരിൽ നിന്നുമുള്ള വാഹന ജാഥയായിരുന്നു ആ സമ്മേളനത്തിന്റെ പ്രത്യേകത. പരിഷത്തിനെ ജനകീയമാക്കുന്നതിൽ ഈ ജാഥ വളരെയധികം സഹായിച്ചു. ആ സമ്മേളനത്തിൽ ഡോ.എം.പി.പരമേശ്വരനെ പരിഷത്തിന്റെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. 1973 ജനുവരിയിൽ കോഴിക്കോട്ടു വച്ചു നടന്ന പത്താം വാർഷികം മറ്റൊരു പുതിയ ആശയം അവതരിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. ഒരാഴ്ചയിൽ ആയിരം പ്രഭാഷണങ്ങൾ. 'പ്രകൃതിയുടെ വികാസം', 'മനുഷ്യന്റെ വികാസം', 'ശാസ്ത്രത്തിന്റെ വികാസം' എന്നിങ്ങനെയുള്ള മൂന്നു പ്രഭാഷണങ്ങൾ മുൻകൂട്ടി തയ്യാറാക്കി. ആദ്യത്തെ രണ്ടെണ്ണം ഡോ.എം.പി. പരമേശ്വരനും മൂന്നാമത്തേത് പി.ഗോവിന്ദപ്പിള്ളയുമാണ് എഴുതിയത്. ആ പ്രഭാഷണങ്ങൾ ചേർത്ത് 1972ൽ ഡിസംബർ ലക്കം 'ശാസ്ത്രകേരളം' സ്പെഷ്യൽ പതിപ്പായി പ്രസിദ്ധീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ അങ്ങോളമിങ്ങോളം 1973 ജനുവരി ഒന്നു മുതൽ ഏഴുവരെ തീയതികളിൽ 1200 ഓളം പ്രഭാഷണം തെരുവുകളിലും, തൊഴിലിടങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, പൊതു ഇടങ്ങളിലും നടന്നു. സാധാരണ ജനങ്ങളിൽ ശാസ്ത്രപുരോഗതി എത്തിക്കുന്നതിൽ ഈപ്രഭാഷണം വലിയ പങ്കുവഹിച്ചു.

ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞതോടെ ഡോ.എം.പി.പരമേശ്വരൻ മുംബൈയിലേക്ക് തിരിച്ചു ജോലിയിൽ പ്രവേശിച്ചു. മനസ്സും ചിന്തയും കേരളത്തിലാണ്. കുട്ടികളുടെ പഠനം തടസ്സപ്പെടരുതെന്നു കരുതി അവധിക്കാലം വരെ പിടിച്ചുനിൽക്കാൻ തീരുമാനിച്ചു. ഒടുവിൽ ബാർക്കിലെ ജോലി രാജിവച്ച് കേരളത്തിലെത്തി. 1975 മാർച്ചിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഴുവൻസമയ പ്രവർത്തകനായി. ചിന്ത പബ്ലിക്കേഷൻസിൽ ജോലിയിൽ പ്രവേശിച്ചു. ചിന്ത പ്രസിദ്ധീകരിച്ച ആദ്യപുസ്തകം 'മാർക്സിസം ഒരു പാഠപുസ്തകം' എന്ന കൃതിയായിരുന്നു. മാർക്സ്, ഏംഗൽസ്, ലെനിൻ, ഇ.എം.എസ് എന്നിവരുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങളുടെ സമാഹാരമായിരുന്നു ആ കൃതി. 1972ൽ എം.പി.പരമേശ്വരൻ എസ്.എഫ്.ഐ യുവാക്കൾക്കുവേണ്ടി തയ്യാറാക്കിയ 'വൈരുധ്യാത്മക ഭൗതികവാദം' എന്ന ക്ലാസ് നോട്ടുകളും ആ കൃതിയിൽ ചേർത്തിരുന്നു. തനിക്ക് ലഭിച്ച അംഗീകാരമായിട്ടാണ് അതിനെ എം.പി.പരമേശ്വരൻ കണ്ടത്. പഠനവും പഠിപ്പിക്കലും യാത്രയുമായി ഏതാണ്ട് പതിനേഴ് മണിക്കൂർവരെ ചിലവിട്ട ദിവസങ്ങളും ഉണ്ടായിരുന്നു. പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും അവിടെ നടപ്പിലാക്കിയെങ്കിലും വേണ്ടത്ര രീതിയിൽ അത് പ്രതിഫലിച്ചില്ല.

1972ൽ സ്റ്റോക്ഹോമിൽ നടന്ന സാർവ ദേശീയ പരിസ്ഥിതി കോൺഗ്രസിൽ പ്രകൃതിയിൻമേലുള്ള മനുഷ്യന്റെ കടന്നുകയറ്റം സൃഷ്ടിക്കുന്ന പ്രതിസന്ധിയായിരുന്നു പ്രധാന വിഷയം. ഈ ആശയം പരിഷത്തിന്റെ വീക്ഷണത്തെയും കേരളീയചിന്തയെയും ഏറെ സ്വാധീനിക്കുകയുണ്ടായി. അടിയന്തരാവസ്ഥയിലൂടെ കടന്നുപോകുമ്പോഴും വിലക്കുകൾ ബാധകമല്ലാത്ത എന്തു പ്രവർത്തനമാണ് നടത്തേണ്ടതെന്ന ചിന്തയിൽ നിന്നുമാണ് 'പ്രകൃതി, ശാസ്ത്രം, സമൂഹം' എന്നീ വിഷയങ്ങളിൽ 3000 ക്ലാസുകൾ നടത്തുക എന്ന ആശയം ഉരുത്തിരിയുന്നത്. ഇതിനായി ഏതാണ്ട് 400 പേർക്ക് 4 ദിവസത്തെ പരിശീലനം നൽകി. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലാകമാനം ക്ലാസുകൾ നടക്കുകയുണ്ടായി.

ചിന്ത പബ്ലിക്കേഷൻസിന്റെ പ്രവർത്തനത്തിനു സമാന്തരമായി പരിഷത്തും



*ബംഗാൾ എഞ്ചിനീയറിംഗ് കോളേജിന്റെ (ഡീമ്ഡ് യൂണിവേഴ്സിറ്റി) ആദ്യ ബിരുദദാനച്ചടങ്ങിൽ ചെയർമാനായ എം.പി. പരമേശ്വരൻ.*

പ്രസിദ്ധീകരണത്തിലേക്ക് പ്രവേശിക്കുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി 'കേരളത്തിന്റെ സമ്പത്ത്' എന്ന പഠനഗ്രന്ഥം എം.പി.പരമേശ്വരൻ തയ്യാറാക്കി നൽകി. ഇതിന്റെ തയ്യാറെടുപ്പിലാണ് കേരളത്തിന്റെ വികസനം എന്ന വിഷയം ആഴത്തിൽ പഠിക്കുന്നത്. കേരളത്തിന്റെ സമ്പത്തിന് പുതിയ പതിപ്പുകൾ വന്നു. അതിന്റെ തുടർച്ചയായി 'കൃഷിയും മനുഷ്യനും മണ്ണും' എന്ന പുസ്തകവും തയ്യാറാക്കി.

പരിഷത്തിന്റെ പ്രസിദ്ധീകരണത്തിലെ മറ്റൊരു കാൽവെയ്പായിരുന്നു 'സയൻസ് ക്രീം'. ആ പേര് നൽകിയത് എം.പി.യായിരുന്നു. 'എനിക്ക് ഐസ്ക്രീം വേണ്ടാ, സയൻസ് ക്രീം മതി' എന്നു കുട്ടികളെക്കൊണ്ടു പറയിപ്പിക്കുകയായിരുന്നു ലക്ഷ്യം. ഇതിന്റെ ഭാഗമായി പരിഷത്ത് 200 കൊച്ചു കൊച്ചു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പരിഷത്തിന്റെ ഓരോ വാർഷികവും ഓരോ തരത്തിൽ കേരളത്തിന് പുതുമയുള്ള ആശയങ്ങൾ പ്രദാനം ചെയ്തു. സൈലന്റ് വാലിയും, ചാലിയാർപുഴ മലിനീകരണവും, ഭോപ്പാൽ ദുരന്തവും പരിഷത്തിന്റെ ചിന്തകളെ സ്വാധീനിച്ചു. ചിന്ത പബ്ലിക്കേഷൻസിന്റെ പ്രവർത്തനം ലക്ഷ്യം കാണുന്നില്ലായെന്നു മനസ്സിലാക്കിയ എം.പി. കൂടുതൽ സമയം പരിഷത്തിനായി വിനിയോഗിച്ചു.

1988ലെ മാർച്ചുമാസത്തിൽ അപ്രതീക്ഷിതമായ ഒരുസന്ദർശനം സംഭവിച്ചു. പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ സാങ്കേതിക ഉപദേഷ്ടാവായ സാം പിത്രോയുമായുള്ള കൂടിക്കാഴ്ചയായിരുന്നു അത്. 'ദേശീയ സാക്ഷരതാ മിഷൻ' രൂപീകരണവുമായി ബന്ധപ്പെട്ടതായിരുന്നു ആ കൂടിക്കാഴ്ച. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അനുഭവങ്ങൾ അതിനായി വിനിയോഗിക്കുക എന്നതായിരുന്നു സാം പിത്രോയുടെ ഉദ്ദേശ്യം. ദേശീയ സാക്ഷരതാ മിഷന്റെ ആദ്യ യോഗം 1988 ജൂണിൽ ഡൽഹിയിൽ നടന്നു. പങ്കെടുത്തവരിൽ ഏറെ പേർക്കും വ്യക്തമായ ഒരാശയം ഉണ്ടായിരുന്നില്ല. 'ഭാരത ജനവിജ്ഞാന ജാഥ'യുടെ വിജയം അവിടെ കൂടിയിരുന്നവരുടെ ശ്രദ്ധ എം.പി.യിലേക്കു തിരിയുവാൻ പ്രേരിപ്പിച്ചു.

ഗാന്ധിയൻ സോഷ്യലിസവും ഇക്കോളജിക്കൽ മാർക്സിസവും സംയോജിപ്പിച്ചുകൊണ്ട്, ഇരുപതാം നൂറ്റാണ്ടിന്റെ അനുഭവങ്ങളും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആവശ്യങ്ങളും മുൻനിർത്തി എഴുതിയ 'നാലാം ലോകം' വിവാദത്തിനു തുടക്കം കുറിച്ച എം.പി.യുടെ കൃതിയാണ്.

നാലു സാക്ഷരതാ തീവണ്ടികൾ മൂന്നുമാസക്കാലം വിവിധ കേന്ദ്രങ്ങളിലൂടെ യാത്ര പുറപ്പെടുക. ആശയപ്രചരണത്തിന്റെ ഭാഗമായി രാഷ്ട്രീയ സാമൂഹിക, വൈജ്ഞാനിക, സാംസ്കാരിക പ്രമുഖർ ഇതിൽ സഞ്ചരിക്കുക. അതൊരു പുതിയ ആശയമായിരുന്നു. എല്ലാവരും അത് അംഗീകരിച്ചു. വിശദമായ പരിപാടി തയ്യാറാക്കുവാനുള്ള ചുമതല എം.പിയിലായി. 'ഭാരത ഗ്യാൻ വിഗ്യാൻ സമിതി' (ഭാരത ജ്ഞാനവി ജ്ഞാനസമിതി) എന്ന പേരിൽ തയ്യാറാക്കിയ പ്രോജക്ട് അംഗീകരിച്ചു. അതിലൂടെ മൂന്നുലക്ഷം ഗ്രാമങ്ങളിൽ സാക്ഷരതയുടെ സന്ദേശം എത്തി.


കേരളത്തിലെ പരീക്ഷണ ജില്ല എറണാകുളമായിരുന്നു. ഒരു വർഷത്തിനുള്ളിൽ ജില്ല സമ്പൂർണ്ണ സാക്ഷരജില്ലയായി പ്രഖ്യാപിക്കണമെന്ന നിർദ്ദേശം എം.പി.യുടേതായിരുന്നു. പരിഷത്തിന്റെ മുൻ വൈസ് പ്രസിഡന്റുകൂടിയായ കളക്ടർ കെ.ആർ.രാജൻ ആ ദൗത്യം ഏറ്റെടുത്തു വിജയിപ്പിച്ചു. 1989 ജനുവരി 26ന് അക്ഷരദീപം തെളിച്ചു തുടങ്ങിയ പ്രയത്നം 1990 ഫെബ്രുവരിയിൽ പ്രധാനമന്ത്രി വി.പി.സിങ് സമ്പൂർണ്ണ സാക്ഷരജില്ലയായി പ്രഖ്യാപിച്ചതോടെ കേരളം ലോകഭൂപടത്തിൽ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് കേരളമാകെ അതിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കി. പരിഷത്ത് പ്രവർത്തന തികവിൽ മുന്നിട്ടു നിന്നു. 1990ൽ സാക്ഷരതയ്ക്കുള്ള യുനസ്കോയുടെ 'കിങ് സെജോങ് അവാർഡ്' പരിഷത്തിനെ തേടിയെത്തി.

ഒട്ടേറെ മേഖലകളിൽ എം.പി പ്രവർത്തനനിരതനായിരുന്നു. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് അംഗം, കോഴിക്കോട് സർവ്വകലാശാല ഫാക്കൽറ്റി ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, ഇഗ്നോവിന്റെ ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം, ബംഗാൾ എഞ്ചിനീയറിംഗ് ഡീംഡ് യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ, സെൻ കമ്മിറ്റി അംഗം, തുടങ്ങിയ ഒട്ടേറെ ഔചാരിക അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തിച്ചു. ജനകീയാസൂത്രണത്തിന്റെ ചാലകശക്തിയായിരുന്നു.

നൂറിലധികം കൃതികൾ എം.പിയുടെതായിട്ടുണ്ട്. ഏറെയും സയൻസുമായി ബന്ധപ്പെട്ടവയായിരുന്നു. കേരള സാഹിത്യ അക്കാദമിയുടെതുൾപ്പെടെയുള്ള ഒട്ടേറെ അവാർഡുകളും പുരസ്കാരങ്ങളും എം.പിയെ തേടിയെത്തി. പ്രഥമ 'കേരളശ്രീ പുരസ്കാരം' 2022ൽ നൽകി കേരള സർക്കാർ ആദരിച്ചു.

ഗാന്ധിയൻ സോഷ്യലിസവും ഇക്കോളജിക്കൽ മാർക്സിസവും സംയോജിപ്പിച്ചുകൊണ്ട്, ഇരുപതാം നൂറ്റാണ്ടിന്റെ അനുഭവങ്ങളും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആവശ്യങ്ങളും മുൻനിർത്തി എഴുതിയ 'നാലാം ലോകം' വിവാദത്തിനു തുടക്കം കുറിച്ച എം.പി.യുടെ കൃതിയാണ്. അതിന്റെ പേരിൽ 2004 ഫെബ്രുവരി 14ന് ഡോ.എം.പി.പരമേശ്വരനെ പാർട്ടിയിൽ നിന്നും പുറത്താക്കി. 'കാലഹരണമില്ലാത്ത സ്വപ്നങ്ങൾ' ആത്മകഥയാണ്. 85-ാം പിറന്നാളിന്റെ ഭാഗമായി സുഹൃത്തുക്കൾ തയ്യാറാക്കിയ ഗ്രന്ഥമാണ് 'എം.പി. അറിവും പൊരുളും.'

നാടിനു യോജിക്കുന്ന സാങ്കേതിക വിദ്യ എന്ന ആശയത്തെ മുൻനിർത്തിയുള്ള പ്രവർത്തനമായിരുന്നു എം.പി.യുടേത്. കാല്പനിക ചിന്തകനായിരിക്കവെ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനു ഗുണപരമായ മാറ്റമുണ്ടാക്കിയ ജനകീയ ശാസ്ത്രജ്ഞനായ ഡോ.എം.പി.പരമേശ്വരൻ 2026 ആഗസ്റ്റ് 10ന്, തൊണ്ണൂറ്റിരണ്ടാം വയസ്സിൽ അന്തരിച്ചു.





**കാലഹരണമില്ലാത്ത സ്വപ്നങ്ങൾ** (ആത്മകഥ) **എം.പി.പരമേശ്വരൻ.** *ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിദ്ധീകരണം. മുഖവില: 450 രൂപ*


## സെപ്റ്റംബർ

### ജനനം

01 കെ.പി.കേശവമേനോൻ (1886)

03 ബ്രഹ്മാനന്ദശിവയോഗി
കാർട്ടൂണിസ്റ്റ് കുട്ടി (പി.കെ.ശങ്കരൻകുട്ടി) 1921-2011
05 ഡോ.എസ്.രാധാകൃഷ്ണൻ (1888-1975)
06 വാഴേങ്കട കുഞ്ഞുനായർ (1909)
വിഷ്ണു ഭാരതീയൻ (1892)

പുത്തൻകാവ് മാത്തൻ തരകൻ (1903)
07 ഇടമറുക് (ജോസഫ് ടി.സി) 1934-2006
08 പുളിമാന പരമേശ്വരൻപിള്ള 1915
പ്രൊഫ.ബി.ഹൃദയകുമാരി (1930-2014)
09 കെ.കേളപ്പൻ (1889)
ശീവൊള്ളി നാരായണൻ നമ്പൂതിരി (1868)
രാമചന്ദ്രൻ വടക്കേടത്ത് (1928- 2012)
10 പാറേമ്മാക്കൽ തോമാ കത്തനാർ (1736)
വള്ളംകുളം പി.ജി.പിള്ള (1926)
12 ഡോ.കെ.അയ്യപ്പപ്പണിക്കർ (1930-2006)
പ്രൊഫ.കെ.ഗോപാലകൃഷ്ണൻ (1932-2012)
13 എസ്.കെ.മാരാർ (1930-2005)
14 ഇ.വി.കൃഷ്ണപിള്ള (1894)

ബിഷപ്പ് പൗലോസ് മാർ പൗലോസ് (1941)
ചെമ്പൈ വൈദ്യനാഥഭാഗവതർ (1896-1974)
ജി.ഭാർഗ്ഗവൻപിള്ള (1933-2009)
15 ചെമ്പകരാമൻപിള്ള (1891-1934)

എം.എസ്.മേനോൻ (1925)
വിശ്വേശരയ്യ (1861-1962)
മേലൂർ ദാമോദരൻ (1934-2006)
ബി.മാധവമേനോൻ (1922-2010)
16 പ്രൊഫ.ഏറ്റുമാനൂർ സോമദാസൻ (1950-2011)
എൻ.കോയിത്തട്ട (1916)
18 എം.ഗോവിന്ദൻ (1919-1989)
19 കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1864)

21 ജോസഫ് ചെറുവത്തൂർ (1906)
എൻ.കൃഷ്ണൻനായർ (1938)
പി.വി.കുര്യാക്കോസ് (1933-2007)
പവിത്രൻ (1950-2006)
22 എൻ.കൃഷ്ണപിള്ള (1916)
23 പ്രേംജി (1908)
എൻ.ഡി.കൃഷ്ണനുണ്ണി (1906)
25 ജോർജ് മാത്തൻ (1819)

26 പട്ടിയ്ക്കാംതൊടി രാവുണ്ണിമേനോൻ (1860)
27 കൈനിക്കര കുമാരപിള്ള (1900)
29 ആറ്റൂർ കൃഷ്ണപിഷാരടി (1875)
ഡോ.സി.പി.ശിവദാസൻ (1940-2010)
30 നാലാങ്കൽ കൃഷ്ണപിള്ള (1910)



### സെപ്റ്റംബർ

05 മലയാളരാജ്യം ദിനപത്രം (1928)
06 ദേശാഭിമാനി പത്രം (1942)
14 കേരള ഗ്രന്ഥശാലാദിനം
(കേരള ഗ്രന്ഥശാലാസംഘം തുടക്കം 1945)
16 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കം 1968
കുഞ്ചൻ നമ്പ്യാർ സ്മാരകം അമ്പലപ്പുഴ 1967
18 കേസരി പത്രം (പത്രാധിപർ എ.ബാലകൃഷ്ണപിള്ള) 1930
22 കേരള സാഹിത്യ അക്കാദമിയുടെ
ആസ്ഥാനം തിരുവനന്തപുരത്തുനിന്നും തൃശൂരിലേക്ക് മാറ്റി 1957
23 ചിന്താ പബ്ലിക്കേഷൻസ് (1973)

### ചരമം

01 പി.പി.ഉമ്മർകോയ (1922-2000)
സി.ബി.കുമാർ (1910-1972)
02 ജഗതി എൻ.കെ.ആചാരി (1924-1997)
03 കെ.സി.കേശവപിള്ള (1868-1913)
സി.കെ.കരിം (1929-2000)
കെ.എസ്.നാരായണപിള്ള (1930-2006)

06 പോഞ്ഞിക്കര റാഫി (1924-1992)
കല്ലന്മാർതൊടി രാവുണ്ണിമേനോൻ (1900-1947)
07 ഗോവിന്ദപൈ (മഞ്ചേശ്വരം) 1883-1963
ഒ.ചന്തുമേനോൻ (1847-1899)
വി.എസ്.കേരളീയൻ (1913-1990)
09 കടത്തനാട്ട് ഉദയവർമ്മതമ്പുരാൻ (1865-1906)
രാജ് തോമസ് (2001)
10 ബ്രഹ്മാനന്ദശിവയോഗി (1852-1929)
വക്കം അബ്ദുൾഖാദർ (1943)
11 സുബ്രഹ്മണ്യഭാരതി (1882-1921)
12 എ.ഡി.ഹരിശർമ്മ (1893-1972)
13 സഞ്ജയൻ (എം.ആർ.നായർ) 1903-1943

കോന്നിയൂർ നരേന്ദ്രനാഥ് 2008
14 പുന്നശ്ശേരി നമ്പീനീലകണ്ഠശർമ്മ (1858-1935)
എം.കുട്ടിക്കൃഷ്ണൻ (1939-2004)
പി.കെ.ഗോപാലകൃഷ്ണൻ (1924-2009)
15 മുതുകുളം പാർവ്വതിയമ്മ (1904-1977)
കെ.വി.അനൂപ് (1972-2014)
16 മാവേലിക്കര ഉദയവർമ്മതമ്പുരാൻ (1844-1920)
എസ്.എൽ.പുരം സദാനന്ദൻ (1927-2005)
17 ജി.കുമാരപിള്ള (1923-2000)
പട്ടിക്കാംതൊടി രാവുണ്ണിമേനോൻ (1860-1946)
ജോസ് ചിറമ്മൽ (2006)
18 എ.ടി.കോവൂർ (അബ്രഹാം തോമസ്) 1898-1978
പി.വി.കുര്യാക്കോസ് (1933-2007)
19 ചങ്ങരംകോതകൃഷ്ണൻ കർത്താവ് (1881-1962)
20 കെടാമംഗലം പപ്പുക്കുട്ടി (1901-1974)
ടി.കെ.വേലുപ്പിള്ള (1882-1950)
ആനി ബസന്റ് (1847-1938)
22 കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1915)
മുൻഷി രാമക്കുറുപ്പ് (1848-1897)
പുത്തേഴത്തു രാമൻമേനോൻ (1891-1973)

23 ജഗതി വേലായുധൻനായർ (1928-2000)
24 എം.ആർ.വേലുപ്പിള്ളശാസ്ത്രി (1897-1956)
കടവിൽ ശശി (1946-2006)
27 കല്ലേൽ പൊക്കുടൻ (1937-2015)

രാജാ റാം മോഹൻ റായ് (1772-1833)
28 സി.എച്ച്.മുഹമ്മദ് കോയ (1929-1983)
29 ബാലാമണിയമ്മ (1909-2004)
30 കാരൂർ നീലകണ്ഠപിള്ള (1898-1775)
മേലങ്ങത്ത് അച്യുതമേനോൻ (1887-1968)




| | |
|---|---|
| 2 September | World Coconut Day |
| 3 September | Skyscraper Day |
| 5 September | International Day of Charity |
| 5 September | Teachers' Day (India) |
| 7 September | Brazilian Independence Day |
| 8 September | International Literacy Day |
| 8 September | World Physical Therapy Day |
| 8 September | Grandparents' Day |
| 10 September | World Suicide Prevention Day (WSPD) |
| 11 September 9/11 | Remembrance Day |
| 11 September | National Forest Martyrs Day |
| 11 September | World First Aid Day |
| 11 September | Digvijay Diwas |
| 13 September | International Chocolate Day |
| 14 September | Hindi Diwas |
| 15 September | Engineer's Day (India) |
| 15 September | International Day of Democracy |
| 16 September | Malaysia Day |
| 16 September | World Ozone Day |
| 17 September | Vishwakarma Puja |
| 17 September | World Patient Safety Day |
| 17 September | PM Narendra Modi's Birthday |
| 18 September | World Bamboo Day |
| 19 September | International Talk Like a Pirate Day |

| | |
|---|---|
| 19 September (3rd Saturday) | International Red Panda Day |
| 21 September | International Day of Peace (UN) |
| 21 September | World Alzheimer's Day |
| 22 September | Rose Day (Welfare of Cancer Patients) |
| 22 September | World Rhino Day |
| 23 September | International Day of Sign Languages |
| 25 September | Anant Chaturdasi |
| 25 September | World Pharmacists Day |
| 25 September | Antyodaya Diwas |
| 26 September | European Day of Languages |
| Last week of Sept (ends on last Sunday) | Day of the Deaf / International Week of Deaf |
| 26 September | World Contraception Day |
| 26 September | World Environmental Health Day |
| 27 September | World Tourism Day |
| 27 September | Google Birth Anniversary |
| 28 September | World Rabies Day |
| 28 September (4th Sunday) | World Rivers Day |
| 28 September | International Day for Universal Access to Information (IDUAI) |
| 29 September | World Heart Day |
| 30 September | International Translation Day |